www.malankaralibrary.com

# മാർ ഇവാനിയോസ്

## ജീവചരിത്ര കാവ്യം



ഫാ. ഉമ്മൻ അയ്യനേത്ത്

www.malankaralibrary.com

# മാർ ഇവാനിയോസ്

www.malankaralibrary.com

(Malayalam)
MAR IVANIOS: JEEVA CHARITHRA KAVYAM

Rev. Fr. O. Ayyaneth. M.A. BEd (Eng.)
Retd. Professor
Mar Ivanios College
Clergy Hosue, Kesavadasapuram
Pattom. P.O., Thiruvananthapuram-4

First Published : July 15, 2003

*Printed at:*
St. Joseph's Press
Thiruvananthapuram-14

*Published by :*
Philomina, S.I.C
Mother General
Bethany Sisters' Generalate
Vadavathur
Kottayam-686 010

# മാർ ഇവാനിയോസ്

(ജീവചരിത്ര കാവ്യം)

ഫാദർ ഉമ്മൻ അയ്യനേത്ത്

ക്ലെർജി ഹൗസ്, കേശവദാസപുരം
പട്ടം പി.ഒ., തിരുവനന്തപുരം-4

www.malankaralibrary.com

## റവ. പ്രൊഫ. ഒ. അയ്യനേത്ത്

***ജനനം***:- 1927 ഫെബ്രുവരി 27- പത്തനംതിട്ട താലൂക്കിൽ വള്ളിക്കോടു വില്ലേജിൽ കുടമുക്ക് (അഗസ്ത്യന്റെ സ്ഥലം തമിഴിൽ കുംഭകോണം) എന്ന കരയിൽ കാടുവെട്ടൂരായ അയ്യനേത്ത് വീട്ടിൽ. മാതാപിതാക്കൾ ഉമ്മൻ കോശി, മറിയാമ്മ.

***വിദ്യാഭ്യാസം***:- നാട്ടിലും പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിലും, ബിരുദം എം.എ., ബി.എഡ്. മാർ തെയോഫിലോസ് കോളേജിൽ നിന്നാണ് ഇംഗ്ലീഷിലുള്ള ബി.എഡ്.

19947ൽ പട്ടം സെന്റ് അലോഷ്യസ് സെമിനാരിയിൽ ചേർന്നു. രണ്ടു കൊല്ലത്തിനുശേഷം മംഗലപ്പുഴ (ആലുവ) മേജർ സെമിനാരിയിൽ മൂന്നുകൊല്ലം ഫിലോസഫിയും നാലു കൊല്ലം തിയോളജിയും മറ്റും പഠിച്ചു. വികാരിയായി ആദ്യത്തെ നിയമനം 1956 ജൂണിൽ അഞ്ചലിലായിരുന്നു. എന്റെ ചാർജിലുള്ള എട്ടാമത്തെ പള്ളി ഓലപ്പുരയായിരുന്നു; പുനലൂരിൽ തുടങ്ങിയ ഒരു പുതിയ മിഷൻ. കോളേജ് വന്നപ്പോൾ, 1964 മാർച്ചിൽ വീണ്ടും അഞ്ചലിൽ വന്നു. 1964 ജൂണിൽ അഞ്ചൽ സെന്റ് ജോൺസ് കോളേജിന്റെ നിർമ്മാതാവായി നിയമിക്കപ്പെട്ടു. 1969 ജൂൺ വരെ അവിടെ മലയാളം അദ്ധ്യാപകനായും ജോലി നോക്കിയിരുന്നു. 1969ൽ മാർ ഇവാനിയോസ് കോളേജിലേക്ക് സ്ഥലം മാറ്റം. 1982 മാർച്ച് അവസാനത്തിൽ പ്രൊഫസർ ഗ്രേഡിൽ റിട്ടയർ ചെയ്തു.

www.malankaralibrary.com



തെക്ക് നെയ്യാറ്റിൻകര ഭാഗം മുതൽ വടക്ക് കുമ്പഴ വരെ മുപ്പത്തിമൂന്നോളം ഇവടകകളിൽ വികാരിയായിരുന്ന് ഭരണം നടത്തിയിട്ടുണ്ട്. കൂടുതൽ കാലവും ദളിതരുടെ ഇടയിലായിരുന്നു മിഷൻ പ്രവർത്തനം. ഇപ്പോൾ പള്ളിഭരണം എല്ലാം ഒഴിഞ്ഞിട്ട് കേശവദാസപുരത്തുള്ള ക്ലെർജി ഹൗസിൽ വിശ്രമജീവിതം നയിച്ചു വരുന്നു.

ഇതിനിടെ കുറേക്കാലം തിരുവനന്തപുരത്ത് കോട്ടൺഹില്ലിലുള്ള കാർമൽ ഫിലോസഫിക്കൽ കോളേജിൽ അദ്ധ്യാപക ജോലി ചെയ്തിരുന്നു. തിരുവനന്തപുരം ലത്തീൻ രൂപതയിലെ സെന്റ് വിൻസന്റ് സെമിനാരിയിലും ഏതാനും വർഷം പഠിപ്പിക്കാൻ ഇടവന്നു.

ഈ കാലഘട്ടത്തിൽ ഓർക്കത്തക്ക ഒരു കാര്യം ഇതാണ്. 1987 ഫെബ്രുവരി അവസാനം എന്റെ ഷഷ്ടിപൂർത്തി വി.ജെ.ടി. ഹാളിൽ വെച്ച് കൊണ്ടാടി. ഗവൺമെന്റ് സെക്രട്ടറി ശ്രീ. ആർ. രാമചന്ദ്രൻ നായർ I.A.S. ആയിരുന്നു കൺവീനർ. ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ്, പത്മശ്രീ ഡോ. ശൂരനാട് പി.എൻ. കുഞ്ഞൻപിള്ള, മലയാള മനോരമ ചീഫ് എഡിറ്റർ ശ്രീ. കെ.എം. മാത്യൂ എന്നിവർ രക്ഷാധികാരികളായിരുന്നു. ഡോ. കെ.എം. ജോർജ്ജ്, ഡോ. പി.വി. വേലായുധൻപിള്ള, ഡോ. ഡി. ബഞ്ചമിൻ തുടങ്ങിയവർ ഉച്ചയ്ക്കു മുമ്പുള്ള സാഹിത്യ ചർച്ചയിൽ പങ്കുകൊണ്ടിരുന്നു. ഉച്ച കഴിഞ്ഞുള്ള കവി സമ്മേളനം ശ്രീ. എം.പി. അപ്പന്റെ അദ്ധ്യക്ഷതയിലാണ് കൂടിയത്. അഞ്ചു മണിക്ക് നടന്ന പൊതു സമ്മേളനത്തിന്റെ അദ്ധ്യക്ഷൻ ശ്രീ. ശൂരനാട് കുഞ്ഞൻപിള്ളയും ഉദ്ഘാടകൻ ആർച്ച് ബിഷപ്പ് തിരുമേനിയുമായിരുന്നു. ഡോ. ബി.സി. ബാലകൃഷ്ണൻ, പ്രൊഫസർ പന്മന രാമചന്ദ്രൻ നായർ തുടങ്ങിയവർ ആശംസാ പ്രസംഗം നടത്തി. രാത്രി എട്ടു മണിക്ക് കുമാരി അരുന്ധതിയുടെ സംഗീതകച്ചേരിയോടുകൂടിയാണ് സമ്മേളനം അവസാനിച്ചത്.

ഇരുപതോളം ഗ്രന്ഥങ്ങൾ സാഹിത്യത്തിന്റെ വിവിധ ശാഖകളിലായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. മിക്കവാറുമുള്ള എല്ലാ Who





is who ഗ്രന്ഥങ്ങളിലും Bio-data പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആറു വർഷം ആകാശവാണിയിൽ ഭക്തിഗാനഗായകരുടെ പരീക്ഷകനായിരുന്നു. മൂന്നു വർഷം കേരള സർക്കാരിന്റെ സാംസ്ക്കാരിക വകുപ്പ് മെമ്പറായിരുന്നു. മൂന്നു വർഷം കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ അക്കാഡമിക് കൗൺസിൽ മെമ്പറായും ജോലി ചെയ്തു. ചിത്രലേഖാ ഫിലിം സൊസൈറ്റിയുടെ അഡ്മിനിസ്ട്രേറ്റീവ് മെമ്പറായും ജോലി നോക്കിയിരുന്നു. ദേശീയവും അന്തർ ദേശീയവുമായ പുരസ്ക്കാരങ്ങൾ നേടിയിട്ടുള്ള ശ്രീ അടൂർ ഗോപാലകൃഷ്ണന്റെ സ്വയംവരം എന്ന പ്രഥമ സിനിമയിൽ എന്നെ പ്രവേശിപ്പിച്ചിട്ടുണ്ട്. ശബ്ദപരിശോധന നടത്തിയിട്ട് സിനിമയിൽ ഡബ്ബിംഗിനും ഗാനാലാപനത്തിനും അദ്ദേഹം എന്നെ ക്ഷണിച്ചതാണ്. സിനിമാരംഗവുമായി ബന്ധപ്പെട്ടുപോകാൻ എന്നെ നിർബന്ധിച്ചതുമാണ്. വൈദികവൃത്തിയും സിനിമയും ഒന്നിച്ചു കൊണ്ടുപോകുന്നത് ശരിയല്ലന്ന് കണ്ട് ഹൃദയനൊമ്പരത്തോടെ ഞാൻ പിന്മാറി. ആകാശവാണി ദൂരദർശൻ എന്നീ സ്ഥാപനങ്ങളിൽ പരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്. ആദ്യംമുതലേ സി.വി. രാമൻപിള്ള നാഷണൽ ഫൗണ്ടേഷന്റെ ആയുഷ്കാലം മെമ്പറാണ്. ഇതിൽ സജീവമായി ഇന്നും പ്രവർത്തിച്ചു വരുന്നു. ക്ലാസിക്കൽ സംഗീതം ശാസ്ത്രീയമായി അഭ്യസിച്ചിട്ടുണ്ട്. ഗാനരചയിതാവും ഗായകനും കൂടിയാണ്. സ്വന്തമായി "നാഥന്റെ രാജ്യം" എന്ന കാസറ്റ് പുറത്തിറക്കിയിട്ടുണ്ട്. ഞാൻ രചിച്ച അതിലെ ഒരു ഗാനം ഞാൻ പാടുകയും ചെയ്തിട്ടുണ്ട്. നേരത്തെ തിരുവനന്തപുരത്തുള്ള സാഹിത്യ സംസത്ത് തുടങ്ങിയ കലാ സാംസ്ക്കാരിക സംഘടനകളിലും ഇപ്പോൾ ചർച്ചാവേദി, സഹൃദയവേദി, വഞ്ചിനാട് കലാവേദി, ആശാൻ അക്കാഡമി തുടങ്ങിയ കലാ സാംസ്ക്കാരിക പ്രസ്ഥാനങ്ങളിലും പ്രവർത്തിച്ചു വരുന്നു. കവിയരങ്ങുകളിൽ കവിതാവരണം സാധാരണയാണ്. തിരുവനന്തപുരം അതിരൂപതയിൽ മലങ്കര അരാധനാക്രമത്തിൽ പ്രധാനമായും പദ്യസാഹിത്യവിഭാഗം പരിഷ്കർത്താവ് എന്ന് നിലയിൽ അനേക കൊല്ലക്കാലമായി ജോലി ചെയ്യുന്നുണ്ട്.

www.malankaralibrary.com

## ആശംസ

യുഗപ്രഭാവനായ മാർ ഇവാനിയോസ് മെത്രാപ്പോലിത്താ യുടെ ജീവചരിത്രങ്ങൾ ഏതാനും ചിലത് പ്രസിദ്ധീകൃത മായിട്ടുണ്ട്. അവയെല്ലാം ഗദ്യരൂപത്തിലാണെന്ന് വിശേഷിച്ച് പറയേണ്ടതില്ലല്ലോ. പദ്യരൂപത്തിലുള്ള ഒരു ജീവചരിത്രം എന്റെ അറിവിൽ ഈ ഗ്രന്ഥകർത്താവ് ഏതാനും വർഷങ്ങൾക്കു മുമ്പ് പ്രസിദ്ധീകരിച്ച ഒരു ബാലേ മാത്രമാണ്. പക്ഷേ ആ ഗ്രന്ഥം സമഗ്രമായ ഒരു ജീവചരിത്രകാവ്യമാണെന്നു പറഞ്ഞു കൂടാ; ജീവചരിത്രത്തിലെ ഏതാനും പേർ മാത്രമേ ആ കൃതിയിലുള്ളു. ഈ പോരായ്മകളെല്ലാം നികത്തി പുറത്തിറക്കുന്ന ഒരു ജീവചരിത്ര കാവ്യമാണ് "മാർ ഇവാനിയോസ്" എന്ന കൃതി. ഭാഗ്യസ്മരണാർഹനായ മാർ ഇവാനിയോസ് പിതാവിന്റെ ജനനം മുതൽ മരണം വരെയുള്ള സംഭവബഹുലമായ ജീവിതം യഥാതഥം രചയിതാവ് ഈ ഗ്രന്ഥത്തിൽ പദ്യരൂപേണ വരച്ചു കാട്ടിയിരിക്കുന്നു ആ പുണ്യപുരുഷന്റെ ജീവ ചരിത്രത്തിലെ വിശദാംശങ്ങളിൽ വരെ രചയിതാവിന്റെ തൂലിക സ്പർശിച്ചിട്ടു ണ്ടെന്നു പറയാം. ശ്രദ്ധേയമായ ഏതെങ്കിലും ജീവചരിത്രാംശം വിട്ടുകളഞ്ഞിട്ടുണ്ടെന്നു പറഞ്ഞുകൂടാ. എല്ലാം നല്ല അടുക്കും ചിട്ടയുമായി ഈ കൃതിയിൽ ചേർത്തിരിക്കുന്നു. ദ്രാവിഡ വൃത്തങ്ങളിലാണു ഇതിന്റെ രചന എന്നത് എടുത്തു പറയേണ്ട ഒരു ആകർഷണമാണ്. ഇതു കുട്ടികൾക്കു പാടാനും പാടി കേൾക്കാനും ഉപകരിക്കുന്നു. ചില ഭാഗങ്ങൾ വിവിധ ദൃശ്യകലാരൂപങ്ങളിൽ രംഗത്ത് അവതരിപ്പിക്കാനും സഹായ കരമാണ്. പുനരൈക്യ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ മാർ

www.malankaralibrary.com



ഇവാനിയോസ് പിതാവിനെപ്പറ്റി വ്യക്തവും സമാകർഷവുമായ ഒരു ചിത്രം എന്ന നിലയിൽ നമ്മുടെ വിശ്വാസികൾക്കു, പ്രത്യേകിച്ച് കുട്ടികൾക്കും യുവാക്കൾക്കും നൽകാൻ തികച്ചും പര്യാപ്തമാണു ഈ കൃതിയെന്നു പ്രഖ്യാപിക്കാൻ എനിക്കു സന്തോഷമേയുള്ളൂ. ഇങ്ങനെ നോക്കുമ്പോൾ ഗ്രന്ഥകാരനെയും അദ്ദേഹത്തെ ഈ ഗ്രന്ഥം രചിക്കാൻ പ്രേരിപ്പിച്ച ബഥനി സന്യാസ സമൂഹത്തെയും വിശേഷിച്ച്, മദർ ജനറൽ ഫിലോമിനായേയും പ്രത്യേകം അഭിനന്ദിക്കേണ്ടിയിരിക്കുന്നു.

ഗ്രന്ഥകർത്താവ് റവ. ഫാദർ ഉമ്മൻ അയ്യനേത്തിനെ മലയാളികൾക്കു പരിചയപ്പെടുത്തേണ്ട ആവശ്യമില്ലല്ലോ. മാർ ഇവാനിയോസ് കോളേജിലെ പ്രൊഫസറായിരുന്ന അദ്ദേഹം അറിയപ്പെടുന്ന ഒരു സാഹിത്യകാരനും അനേകം ഗ്രന്ഥങ്ങളുടെ കർത്താവും ഒരു നല്ല പ്രഭാഷകനും ഗാനരചയിതാവും ഗായകനുമാണ്. ഇത്തരത്തിലുള്ള ഗ്രന്ഥങ്ങൾ ഇനിയും അദ്ദേഹത്തിൽനിന്നുമുണ്ടാകട്ടെയെന്നു ഞാൻ പ്രാർത്ഥിക്കുന്നു. ഗ്രന്ഥകാരനു ഭാവുകം ആശംസിക്കുന്നതോടൊപ്പം ഗ്രന്ഥത്തിനു പ്രചുരപ്രചാരം നേർന്നു കൊള്ളുകയും ചെയ്യുന്നു.

എന്ന്

ജോഷ്വാ മാർ ഇഗ്നാത്തിയോസ്
ഓക്സിലിയറി ബിഷപ്പ്
തിരുവനന്തപുരം അതിരൂപത

തിരുവനന്തപുരം
9-6-2003



## ആമുഖം

പുണ്യശ്ലോകനും പുനരൈക്യപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവും പ്രണേതാവും മലങ്കര കത്തോലിക്കാ സഭയുടെ രാജശില്പിയുമായ അഭിവന്ദ്യ മാർ ഇവാനിയോസ് തിരുമേനിയുടെ അൻപതാം ചരമവാർഷികം ആഘോഷിക്കുന്ന ഈ പുണ്യ മുഹൂർത്തത്തിൽ അദ്ദേഹത്തിന് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ബഥനിസന്യാസിനീസമൂഹം പ്രകാശനം ചെയ്യുന്നതാണ് ഈ കാവ്യഗ്രന്ഥം. മാർ ഇവാനിയോസ് തിരുമേനിയുടെ ജീവചരിത്രം കാവ്യരൂപത്തിൽ അവതരിപ്പിക്കുന്നതിൽ ഞങ്ങൾക്ക് അതീവ സന്തോഷമുണ്ട്. ഈ തലമുറയിൽപ്പെട്ടവർക്ക് ഭൂതകാല സംഭവങ്ങൾ ഓർമ്മിച്ചെടുക്കുവാനും, വരും തലമുറയ്ക്ക്, അതു ഹൃദിസ്ഥമാക്കിക്കൊണ്ട് മുന്നേറുവാനും ഈ കാവ്യഗ്രന്ഥം സഹായിക്കും. ഗദ്യരൂപത്തിൽ അഭിവന്ദ്യ മാർ ഇവാനിയോസ് തിരുമേനിയുടെ ജീവചരിത്രം പലതും ഇതിനോടകം എഴുതപ്പെട്ടിട്ടുണ്ടെങ്കിലും ഒരു കാവ്യമായി രചിക്കപ്പെടുന്നത് ആദ്യമായിട്ടാണ്. സ്ത്രീജനങ്ങൾക്കും കുട്ടികൾക്കും അഭിവന്ദ്യ തിരുമേനിയുടെ ചരിത്രം ആവർത്തിച്ചുചൊല്ലി മനഃപാഠമാക്കുന്നതിനും ഈ ഗ്രന്ഥം വളരെയധികം സഹായകമായിത്തീരും എന്നു വിശ്വസിക്കുന്നു. വിവിധ ഭാഷാവൃത്തങ്ങളിൽ രചിച്ചിരിക്കുന്ന ഈ കാവ്യം അതിന്റെ സംഗീതാത്മകതകൊണ്ട് വളരെയധികം ശ്രദ്ധേയമാണ്.

മലങ്കരയുടെ ആരാധനക്രമം സംഗീതാത്മകമാണ്. അതിനനുഗുണമായ തരത്തിൽ സഭാപിതാവായ മാർ ഇവാനിയോസ് പിതാവിന്റെ ജീവചരിത്രം, മാർ ഇവാനിയോസ്

www.malankaralibrary.com



കോളേജിലെ മുൻ പ്രൊഫസറും ഒരു സംഗീതജ്ഞനും അരാധനാക്രമപരിഷ്കർത്താവും കൂടിയായ റവ: ഫാദർ ഉമ്മൻ അയ്യനേത്ത്, ബഥനി സന്ന്യാസിനീ സമൂഹത്തിന്റെ ആഗ്രഹപ്രകാരം ഒരു കാവ്യമായി നിർവ്വഹിച്ചിരിക്കുന്നു. ഇതിൽ ഞങ്ങൾക്ക് സന്തോഷവും കൃതജ്ഞതയുമുണ്ട്. ബഹുമാനപ്പെട്ട ഉമ്മൻ അയ്യനേത്തച്ചനോട് ബഥനിസമൂഹം വളരേയേറെ കടപ്പെട്ടിരിക്കുന്നു. കുറഞ്ഞ സമയത്തിനുള്ളിൽ ഇത്ര മനോഹരമായി ഈ കാവ്യഗ്രന്ഥം രചിച്ച ബഹു. അച്ചനോടുള്ള ബഥനി സമൂഹത്തിന്റെ നന്ദി ഹൃദയപൂർവ്വം രേഖപ്പെടുത്തുന്നു. ഈ പുസ്തകത്തിന് ഒരു ആശംസ എഴുതി ഞങ്ങളെ അനുഗ്രഹിച്ചത് തിരുവനന്തപുരം അതിരൂപതയുടെ സഹായമെത്രാനായ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവാണ്. അഭിവന്ദ്യപിതാവിനോടുള്ള നിസ്സീമമായ നന്ദിയും സ്നേഹാദരവുകളും ഇവിടെ പ്രകടിപ്പിച്ചുകൊള്ളട്ടെ. ഈ ഗ്രന്ഥം ഭംഗിയായി മുദ്രണം ചെയ്ത സെന്റ് ജോസഫ് പ്രസ്സിലെ അധികൃതരോടും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

ഈ കാവ്യഗ്രന്ഥം മലങ്കരസഭാംഗങ്ങൾക്കും ഇതര സഭാ സ്നേഹികൾക്കും ഏറെ പ്രിയങ്കരമായിരിക്കും എന്ന പ്രതീക്ഷയോടെ സഹൃദയ സമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

ഫിലോമിന.
മദർ ജനറൽ എസ്.ഐ.സി.

ബഥനി സിസ്റ്റേഴ്സ് ജനറലേറ്റ്
വടവാതൂർ, കോട്ടയം



## അവതാരിക

### *പ്രാർത്ഥനാ പ്രവാഹം പോലെ ഒരു ജീവചരിത്രകാവ്യം*

ശ്രേഷ്ഠവ്യക്തിത്വങ്ങളുടെ ജീവിത കഥകൾ വരും തലമുറകൾക്ക് പലതരത്തിലും പ്രയോജനപ്രദമായി ഭവിക്കും. അവ ആത്മകഥകളായും ജീവചരിത്രങ്ങളായും ലഭ്യമാകേണ്ടതായിട്ടുണ്ട്. അങ്ങനെ ലഭ്യമായിട്ടുള്ള പല ജീവചരിത്രങ്ങളും മഹത്തായ സുവിശേഷങ്ങളായും തീർന്നിട്ടുണ്ടല്ലോ? മത്തായി, മാർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നിവർ എഴുതിയ സുവിശേഷങ്ങൾ ലോകഗതിയെത്തന്നെ എത്രമാത്രം മാറ്റി മറിച്ചിരിക്കുന്നു എന്നുള്ളതിന് 2000-ൽ ഏറെ വർഷങ്ങൾ സാക്ഷ്യം വഹിക്കുന്നു. ക്രിസ്തുദേവന്റെ ജീവിതവും വചനങ്ങളും ഏതെങ്കിലും തരത്തിൽ സ്വാധീനിക്കാത്ത അക്രൈസ്തവർപോലും നമ്മുടെ പൗരസമൂഹത്തിൽ ഉണ്ടാകുമെന്നു തോന്നുന്നില്ല. ക്രിസ്തീയത തികഞ്ഞ വിശ്വാസമായ്, പ്രത്യാശയായ്, സ്നേഹമായ്, ഒരുമതമായ്, ദർശനമായ്, കലാസാഹിത്യ സാംസ്ക്കാരിക സംഭവങ്ങളായ് ഇന്നും സജീവമായി നിലകൊള്ളുന്നു.

എ.ഡി. 52 മുതൽതന്നെ ക്രിസ്തീയതയും കേരളവും തമ്മിലുള്ള ബന്ധം ആരംഭിച്ചിരിക്കുന്നു എന്നാണ് കണക്കാക്കിയിരിക്കുന്നത്. മാർത്തോമാശ്ലീഹായും ശിഷ്യന്മാരും കൊടുങ്ങല്ലൂരിൽ വന്നിറങ്ങിയതുമുതൽ കേരളത്തിലെ

www.malankaralibrary.com



ക്രിസ്തീയസഭയുടെയും സഭാനേതാക്കന്മാരുടെയും ചരിത്രം തുടങ്ങുന്നു. തിളങ്ങുന്ന വ്യക്തിത്വമുള്ള നിരവധി പേരുകൾ സമരണാർഹമായിട്ടുണ്ട്. ക്രിസ്തീയ സഭകളിലൂടെ അവർ ചെയ്ത സൽകർമ്മഫലം കേരളത്തിനാകമാനം അനുഗ്രഹങ്ങളായിത്തീർന്നിട്ടുമുണ്ട്. വിദ്യാഭ്യാസത്തിലും, ആതുര ശുശ്രൂഷയിലും നവോത്ഥാനത്തിലും അധിഷ്ഠിതമായിരുന്ന അവരുടെ ജീവിത സപര്യകൾ കേരളത്തിൽ നിലനിന്ന സാമൂഹിക വ്യവസ്ഥകളെ മാറ്റിമറിക്കാൻ സഹായിച്ചിട്ടുണ്ട്.

തന്റെ ചൈതന്യ ധന്യമായ ജീവിതം കൊണ്ട് ഏറെ ശ്രദ്ധേയനും, ആരാധ്യനുമായി തീർന്ന "കാലപുരുഷ"നാണ് ക്രിസ്തീയ പുനരൈക്യപ്രസ്ഥാനത്തിന്റെ നായകനും മലങ്കര റീത്തിന്റെ സ്ഥാപകനും, തിരുവനന്തപുരം അതിരൂപതയുടെ ആദ്യത്തെ ആർച്ചു ബിഷപ്പുമായി തീർന്ന മാർ ഇവാനിയോസ് തിരുമേനി. ആദ്ദേഹത്തിന്റെ സ്വാത്വികവും സംഭവബഹുലവുമായിരുന്ന ജീവിതകാണ്ഡങ്ങൾ അതിവിശദമായി കാവ്യരൂപത്തിൽ ആവിഷ്കരിച്ചിരിക്കുകയാണ് ഈ കൃതിയിൽ, കേരളീയർക്ക് പല നിലയിലും പരിചിതനായിട്ടുള്ള റവ. ഫാദർ ഒ. അയ്യനേത്ത്. അർഹവും അവശ്യവുമായ ഒരു കർത്തവ്യമാണ് അയ്യനേത്തച്ചൻ ഈ കൃതിയുടെ രചനയിലൂടെ ചെയ്തിരിക്കുന്നത്. കാവ്യസമാഹാരമുൾപ്പെടെ നിരവധി സാഹിത്യകൃതികളുടെ കർത്താവ്, പ്രഗല്ഭനായ അധ്യാപകൻ, പ്രഭാഷകൻ, സാമൂഹിക സേവകൻ, മലങ്കര റീത്തിലെ ബഹുമാന്യ വൈദികൻ, ആധ്യാത്മികാചാര്യൻ, സംഗീതജ്ഞൻ, ഉത്തമനായ സുഹൃത്ത് എന്നിങ്ങനെ നിരവധി പ്രതിഭാവിലാസങ്ങളുടെ സമന്വയം എന്നു വിശേഷിപ്പിക്കാവുന്ന അയ്യനേത്തച്ചന് മാർ ഇവാനിയോസ് ഗാഥ രചിക്കുന്നതിന് വേറൊരവകശാവും അർഹതയുമുണ്ട്. അച്ചൻ ശെമ്മാശനായിരിക്കുമ്പോൾ തിരുമേനിയുടെ അന്ത്യ നാളുകളിൽ അദ്ദേഹത്തെ ശുശ്രൂഷിക്കുന്നതിനുള്ള അവസരവും ലഭിച്ചിട്ടുണ്ട്. കൂടാതെ തിരുമേനിയുടെ പ്രിയങ്കരനായിരുന്ന അയ്യനേത്ത് പീലിപ്പോസ് വാദ്ധ്യാരുടെ കൊച്ചുമകനുമാണ് അച്ചൻ.





ഗുരുദക്ഷിണപോലെ ഭക്ത്യാദരപൂർവ്വമാണ് ഈ ജീവചരിത്ര കാവ്യം രചിച്ചിരിക്കുന്നതെന്ന് ഇതിലെ ഒരോ വാക്കും സാക്ഷ്യം വഹിക്കുന്നു. തുടക്കം തന്നെ ശ്രദ്ധിക്കുക:

ഭാരത ന്യൂമാനെന്നെങ്ങുമറിയുന്ന
മാറിവാനിയോസിൻ പേരിൽ നമ്മൾ
ദിവ്യ മാധുരമാമിഗാഥ പാടിടാം,
ദൈവകുമാനനുഗ്രഹിക്കും.
..........................................

എത്ര സുഗേയമിത്താതന്റെ ജീവിതം
എത്ര മഹത്തരമോർത്താലിന്നും,
പാടാം നമുക്കൊരു കീർത്തനം പോലതി-
ന്നേടുകളോരോന്നുമർത്ഥപൂർണ്ണം.

മാവേലിക്കര പണിക്കർവീട്ടിൽ തോമ്മാ പണിക്കരുടെയും അന്നമ്മയുടെയും അരുമമകനായി 1882 സെപ്തംബർ 21നു ജനിച്ച് 1953 ജലൈ 15നു കാലം ചെയ്ത മാർ ഇവാനിയോസ് തിരുമേനിയുടെ ജീവചരിത്രകാവ്യം അയ്യനേത്തച്ചന്റെ ഹൃദയത്തിൽ നിന്നുള്ള ഒരു പ്രാർത്ഥനാ പ്രവാഹംമാണെന്ന് പറയാൻ എനിക്ക് തോന്നുന്നു.

വ്യക്തിയുടെ ജീവിതത്തിന്റെ കേവലാഖ്യാനമല്ല, ഒരു മഹാ പ്രസ്ഥാനത്തിന്റെ ചരിത്രം കൂടിയാണ് ഈ കാവ്യം. മുളയിലെ അറിയാം മുളങ്കരുത്ത് എന്നു പറയുന്നതുപോലെ ഈവാനിയോസ് തിരുമേനി "കൊച്ചുകീവർച്ച"നെന്ന ബാലനായിരിക്കുമ്പോൾതന്നെ ആദ്ധ്യാത്മിക ജീവിതത്തോടുള്ള ആഭിമുഖ്യം പ്രകടിപ്പിച്ചിരുന്നത്രേ!

ബാലനോ, ദൈവജ്ഞാനത്തിൽ, ദൈവ-
ഭക്തിയിൽ, ദൈവാരൂപിയിൽ
കാണാക്കാണെ വളർന്നു വന്നതിൽ
കൗതുകമുണ്ടായേവർക്കും.

www.malankaralibrary.com



ശെമ്മാശനായ പി.റ്റി. ഗീവർഗ്ഗീസ്, എം.എ. അച്ചനായി, യാക്കോബായ സഭയിലെ ശ്രദ്ധേയനായ വൈദികനായി തീർന്നതിനുശേഷമുള്ള അദ്ദേഹത്തിന്റെ കർമ്മാനുഷ്ഠാനങ്ങൾ പുനരൈക്യപ്രസ്ഥാനത്തിന്റെ സ്ഥാപനത്തിലും വളർച്ചയിലും മാത്രം ഒതുങ്ങുന്നതായിരുന്നില്ല എന്നും, ആദ്ധ്യാത്മിക ജീവിതത്തിലും സാമൂഹികതയിലും ഒരു നവീന വീക്ഷണവും മാർഗ്ഗവും കാട്ടിത്തന്നു എന്നും കാണാം. യാക്കോബായ സഭയിൽ ഉടലെടുത്ത തർക്കങ്ങൾ വിശദമായി ആത്മപരിശോധനയ്ക്ക് ഗീവർഗ്ഗീസ് അച്ചനെ നിർബന്ധിതിനാക്കിയപ്പോൾ തന്നിൽതന്നെ ഒരു പുതുക്കിപ്പണിയുടെ അനിവാര്യത ബോധ്യപ്പെട്ടതിൽ നിന്നുമാവണം ഉദ്യോഗകാണ്ഡത്തിൽ നിന്നും വിരമിച്ച് ധ്യാകാണ്ഡത്തിലേക്ക് അദ്ദേഹം പ്രവേശിച്ചത്.

വചന ചിന്തകൾ വേണം,
വചന ധ്യാനങ്ങൽ വേണം,
വചന പ്രചാരണാർത്ഥം
യോഗങ്ങൾ വേണം.

സമർപ്പിതസഹജമായ സന്യാസജീവിതത്തിന്റെ വിശുദ്ധിയിലൂടെ സഭാ സേവനം സമ്പന്നമാക്കാൻ കഴിയുമെന്ന തിരിച്ചറിവ് പുതിയ പുതിയ പ്രസ്ഥാനങ്ങൾക്കും സ്ഥാപന ങ്ങൾക്കും നിമിത്തങ്ങളായി. ഭാരതീയ പാരമ്പര്യാധിഷ്ഠിതമായ മുണ്ടൻമല (ബഥനി) ആശ്രമസ്ഥാപനവും, തപോവന ജീവിതവും അദ്ദേഹത്തിന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവായി. നിഷ്കാമകർമ്മയോഗിയായിത്തീർന്ന ഈ മഹാത്മാവ് അധഃസ്ഥിതർക്കും ആശ്രയസ്ഥാനമായതിൽ അത്ഭുതമില്ല.

തൊട്ടുകൂടാത്തോർ, കണ്ടുകൂടാത്തവർ
ഇഷ്ടമാവുകി,ല്ലേശു വിന്നീഭേദം
വർണ്ണവർഗ്ഗവിവേചന ചിന്തക-
ളൊന്നുമില്ലാത്തോൻ, വന്ദ്യനീ വൈദികൻ





മെത്രാഭിഷിക്തനായ്, തീർന്നശേഷം ഇവാനിയോസ് തിരുമേനി നടപ്പിലാക്കിയ പരിപാടികൾ ത്വരിതഗതിയിലായിരുന്നു. ബഥനിയുടെ പേരിൽ നിരവധി പള്ളികളും പള്ളിക്കൂടങ്ങളും സ്ഥാപിച്ചു. മുണ്ടൻമലയോട് വിടവാങ്ങി, വ്യക്തി ബന്ധങ്ങളെ വിച്ഛേദിച്ച്, താല്പര്യമുള്ളവരുമായി ചേർന്ന് കത്തോലിക്കാ സഭയുമായി പുനരൈക്യം പ്രാപിക്കുകയും, അതിന് മാർപാപ്പായുടെ അനുവാദം നേടുകയും മലങ്കര റീത്തിന്റെ സർവ്വാധിപതിയായി തീരുകയും ചെയ്ത മാർ ഇവാനിയോസ് തിരുമേനിയെ ലോകമാകെ അറിയുന്ന കഥ ആഹ്ലാദകരമാണ്. മാർപാപ്പയെ കണ്ട്,

"താങ്കളെനിക്കൊരു നല്ല മകൻ താൻ
താങ്കൾക്കെന്നും സ്വാഗതമിവിടെ"

എന്ന് ആശീർവാദം നേടി, ഡബ്ലിനിൽ ചേർന്ന ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുത്ത്, ലണ്ടനിൽ ബക്കിംഗാം കൊട്ടാരത്തിൽ ജോർജ്ജ് പഞ്ചമൻ ചക്രവർത്തിയുടെ ഉദ്യാനവിരുന്നു സ്വീകരിച്ച്, ലണ്ടനിലും ബൽജിയത്തിലും മറ്റും പ്രസംഗപരിപാടികൾ നടത്തി തിരിച്ച് ഇന്ത്യയിലെത്തി മദ്രാസ്, ബാംഗ്ലൂർ എന്നിവിടങ്ങലിൽ സന്ദർശനം നടത്തി തിരുവനന്തപുരത്തു തീവണ്ടിയിൽ വന്നിറങ്ങുമ്പോൾ അദ്ദേഹത്തെ സ്വീകരിക്കുവാൻ മഹാകവി വള്ളത്തോളും സ്റ്റേഷനിൽ കാത്തുനിന്നത് കൗതുകകരമായ കഥയാണ്. നിമിഷ കവിതയിലൂടെ തിരുമേനിയെ മഹാകവി അഭിനന്ദിച്ചത് ഇങ്ങനെയാണ്:

"അന്ധകാരമദ്ധ്യേ ഞങ്ങൾ-
ക്കാശ്വാസമേകുവാൻ വന്ന
പൊൻതാരമേ, ജയിച്ചാലും
മേൽക്കുമേൽ ഭൂമൗ!"

ബഥനി സന്യാസസഭയിലൂടെ, സെമ്നാരി സ്ഥാപന ത്തിലൂടെ സഭയുടെ ആത്മീയാടിത്തറ ശക്തമാക്കിയതോടൊപ്പം, പള്ളിക്കും പള്ളിക്കൂടങ്ങൾക്കും മറ്റാവശ്യങ്ങൾക്കും വേണ്ട

www.malankaralibrary.com



അടിസ്ഥാന സൗകര്യങ്ങളുടെ വികസനസംവിധാനങ്ങളും അസൂയാവഹമായ രീതിയിൽ ഏർപ്പാടാക്കി. വൈദികരുൾപ്പെടെയുള്ളവർ ധാരാളമായി വന്നു ചേർന്നതിലൂടെ പുനരൈക്യ പ്രസ്ഥാനം ശക്തി പ്രാപിച്ചു.

കടമ്മനിട്ടയിലും പുനരൈക്യപ്രസ്ഥാനം ഒരു സജീവ ശക്തിയായി. ഞങ്ങൾക്കെല്ലാം പ്രിയങ്കരനും കടമ്മനിട്ടയുടെ പുരോഗതിയ്ക്ക് കാരണഭൂതന്മാരിൽ ഒരാളുമായിരുന്ന പുത്തൻ പുരയ്ക്കൽ ഗീവർഗ്ഗീസ് കത്തനാരും അനുയായികളും പുനരൈക്യപ്രസ്ഥാനത്തിൽ ചേർന്നതോടു കൂടി, അതിന്റെ ഗുണഫലങ്ങൾ അനുഭവിക്കാനുള്ള സൗകര്യം കടമ്മനിട്ടയ്ക്കുമുണ്ടായി എന്ന് അഭിമാനപൂർവ്വം ഞാൻ രേഖപ്പെടുത്തട്ടെ. മാർ ഇവാനിയോസ് തിരുമേനിക്ക് പ്രിയപ്പെട്ട ഒരിടമായിരുന്ന കടമ്മനിട്ട. മാർ ഇവാനിയോസ് തിരുമേനിയുടെയും പിൻഗാമിയായ ബെനഡിക് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെയും അനുഗ്രഹങ്ങൾ കടമ്മനിട്ടയ്ക്ക് ധാരാളമായി ലഭിച്ചിട്ടുണ്ട്. മാർത്താണ്ഡം രൂപതയുടെ ഇപ്പോഴത്തെ ഭദ്രാസനാധിപൻ കടമ്മനിട്ടക്കാരനാണ്. ഇന്നു മതമൈത്രിയ്ക്ക് കോട്ടം തട്ടാത്ത സ്ഥലമായി തന്നെ കടമ്മനിട്ട നിലകൊള്ളുന്നു. ആശുപത്രികളും കലാലയങ്ങളും സ്ഥാപിക്കാൻ തിരുമേനി ചെലുത്തിയ ശ്രദ്ധയുടെ ഫലമായി മാർ ഇവാനിയോസ് കോളേജുപോലെയുള്ള മഹാസ്ഥാപനങ്ങൾ സാധ്യമായി.

തന്റെ കർമ്മപഥങ്ങളിൽ തടസ്സങ്ങൾ സൃഷ്ടിച്ച ഭരണാധികാരികളോട് ഏറ്റുമുട്ടുന്നതിന് തിരുമേനി മടിച്ചിരുന്നില്ല എന്നുള്ളത് അദ്ദേഹത്തിന്റെ സ്ഥൈര്യവും, ധൈര്യവും വെളിപ്പെടുത്തുന്ന വസ്തുതകളാണ്. തിരുവിതാംകൂർ ദിവാൻ സർ. സി.പി. രാമസ്വാമി അയ്യരോടേറ്റുമുട്ടേണ്ടതായി വന്നപ്പോൾ അദ്ദേഹം അറച്ചു നിന്നില്ല. അതിനുശേഷം അനുരഞ്ജനത്തിനും മടിച്ചില്ല.

നിശ്ചയങ്ങൾ നടപ്പിലാക്കുന്നതിനു വേണ്ട വിഭവങ്ങൾ സമാഹരിക്കാൻ വിശ്രമരഹിതമായി അധ്വാനിക്കേണ്ടിവന്നു തിരുമേനിക്ക്. അതിനുവേണ്ടി പ്രായമേറെയായിട്ടും അമേരിക്ക,





ആസ്ത്രേലിയ എന്നീ രാജ്യങ്ങളിൽ അദ്ദേഹം സഞ്ചരിച്ചു. അക്കൂട്ടത്തിൽ ഐക്യരാഷ്ട്രസഭ സന്ദർശിക്കാൻ അദ്ദേഹം മറന്നില്ല. അമേരിക്കൻ പ്രസിഡന്റ് ട്രൂമാനെ കണ്ട് അദ്ദേഹത്തിന്റെ ആദരവു പിടിച്ചുപറ്റി. നിരവധി ഉന്നത വ്യക്തികളും സമൂഹവുമായി അദ്ദേഹം സംവദിച്ചു. ആ വ്യക്തിപ്രഭാവം ആരെയും ആകർഷിക്കുന്നതായിരുന്നു.

അവസാനത്തെ വിദേശപര്യടനം കഴിഞ്ഞു തിരിച്ചുവന്ന തിരുമേനി ക്ഷീണിതനായിരുന്നു. ക്രൂരമായ കരൾ രോഗബാധയിൽ നിന്നു രക്ഷിക്കാൻ ശസ്ത്രക്രിയപോലും സഹായമായില്ല. അറിഞ്ഞോരെല്ലാം ആകുലതയിലായി.

ജാതിമതഭേദമെന്യേ പിതാവിന്റെ
വ്യാധിയിൽ ദുഃഖിച്ചിറിഞ്ഞോരെല്ലാം.

തന്റെ അന്ത്യകാലം അടുത്തു എന്നു ബോധ്യപ്പെട്ട അദ്ദേഹം, തന്റെ മക്കൾക്ക് അന്ത്യ സന്ദേശം നൽകി - തന്റെ പുനരൈക്യപ്രസ്ഥാനത്തിനും - തന്റെ മക്കൾക്കുമായി സ്വർഗ്ഗത്തിൽ വച്ചു പ്രാർത്ഥിക്കുമെന്നായിരുന്നു അന്ത്യ സന്ദേശത്തിന്റെ സാരം. തന്റെ മുക്തിയിലുപരി സമൂഹത്തിന്റെ മുക്തിയിലായിരുന്നു താല്പര്യമെന്ന് ഈ സന്ദേശം വ്യക്തമാക്കുന്നു. കുന്തീലാ ശുശ്രൂഷ - എന്ന ദിവ്യകൂദാശാകർമ്മത്തിനും വിധേയമായി വിധിയെ ഏറ്റുവാങ്ങാൻ തയ്യാറായി.

താൻ ഇവിടം വിട്ടു പോകുന്നതിനുമുമ്പ് തന്റെ പിൻഗാമിയെ വാഴിക്കണമെന്ന ദൃഢനിശ്ചയം നടപ്പിലാക്കാൻ അവശതയിലായിരുന്നിട്ടും അദ്ദേഹത്തിനു സാധിച്ചു എന്നുള്ളത് അത്ഭുതമായി തോന്നാം. ബഥനി സന്യാസി സംഘത്തിലെ ശ്രേഷ്ടവൈദികനായ ഫാദർ ബനഡിക്ടിനെതന്നെ തന്റെ പിൻഗാമിയായി വാഴിച്ചു. അതിൽ അദ്ദേഹത്തിന്റെ ക്രാന്തദർശിത്വം എത്ര മഹത്തരമായിരുന്നു എന്ന് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ നേതൃത്വം നമ്മെ ഓർമ്മപ്പെടുത്തുന്നു.

www.malankaralibrary.com



ഒന്നുമിനിയില്ല നേടിയെടുക്കുവാൻ
ഒന്നൊഴിയാതെല്ലാം ദൈവം നൽകി
ഒന്നും തനിയ്ക്കായിട്ടല്ല താൻ നേടിയ-
തെന്നുലോകമിന്നു സമ്മതിക്കും.

എന്ന സംതൃപ്തിയോടുകൂടി, വേദനയുടെ പാനപാത്രം കുടിച്ചുകൊണ്ട്, പ്രാർത്ഥനയേറ്റു ചൊല്ലിക്കൊണ്ട് 1953 ജൂലൈ 15-ന് രാത്രി 11 മണിക്ക് മാർ ഇവാനിയോസ് തിരുമേനി ഈ ലോകത്തോടു വിടപറഞ്ഞു; എല്ലാവരേയും അക്ഷരാർത്ഥത്തിൽ ദുഃഖത്തിലാഴ്ത്തി - നിലവിളികളോടുകൂടിയ പ്രാർത്ഥനകൾ തേങ്ങലുകൾ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെ ഇടയിൽനിന്നുമുണ്ടായി.

അദ്ദേഹത്തിന്റെ ജീവിതം എത്ര വിലപ്പെട്ടതായിരുന്നു എന്ന് മരണം കൂടുതൽ സാക്ഷ്യം വഹിച്ചു. മരിച്ചിട്ടും ജീവിക്കുന്ന മാർ ഇവാനിയോസിന്റെ മഹത്ത്വം അതിന്റെ എല്ലാ വിശദീകരണങ്ങളോടും പരഭാഗശോഭയോടും കൂടി വെളിപ്പെടുന്ന ഒരു കൃതിയാണ് ഫാ. ഒ. അയ്യനേത്തിന്റെ മാർ ഇവാനിയോസ് ജീവചരിത്രകാവ്യം. ഈ ജീവിതഗാഥ വായിക്കുകയും, പഠിക്കുകയും പാടുകയും ചെയ്യുന്നവർക്ക് ആത്മീയവും, സാമൂഹികവും, സാംസ്ക്കാരികവുമായ ഊർജ്ജം നേടാനാവുമെന്ന് ഞാൻ വിശ്വസിക്കുന്നു.

മാർ ഇവാനിയോസ്, സഭാ സ്ഥാപനകനായ സന്യാസി മാത്രമായിരുന്നില്ല, എല്ലാ മനുഷ്യരുടെയും നന്മ ഉന്നം വച്ചുകൊണ്ട് സമത്വബോധത്തിലും, സഹാനുഭൂതിയിലും, സൗഹൃദത്തിലും അധിഷ്ഠിതമായ കർമ്മാനുഷ്ഠാനങ്ങളിലൂടെ സഫലമായ ജീവിതം നയിച്ച യഥാർത്ഥ ക്രിസ്തു ശിഷ്യനായി രുന്നു. ലോകാനുഗ്രഹപ്രദമായ ജീവിതം, ജാതിമതാദിചിന്ത കളുടെ കാലുഷ്യങ്ങൾക്കതീതമായ മനുഷ്യത്വമാണ് അദ്ദേഹം നമുക്ക് കാട്ടിത്തന്നത്. അമിതാധികാരത്തിന്റെ അനീതികളെ ചോദ്യം ചെയ്യാൻ നമ്മെ പഠിപ്പിച്ചു. ധനാർത്തിയുടെ അപകടങ്ങളും, ചതിക്കുഴികളും ചൂണ്ടിക്കാട്ടി. സമൃക്കായ





ജീവിതത്തിന്റെ സാരഫല്യം സ്വജീവിതത്തിലൂടെ ലോകത്തിനു പ്രദാനം ചെയ്തു.

സോദ്ദേശകൃതിയായിട്ടാണ് അയ്യനേത്തച്ചൻ ഈ കാവ്യം വിഭാവനം ചെയ്തിരിക്കുന്നത്. ഈ മഹത് ചരിതഗാഥ ഏവർക്കും കൈകാര്യം ചെയ്യാൻ കഴിയും വിധം ലളിതമായിരിക്കണമെന്ന നിർബന്ധം അച്ചനുണ്ടെന്നു തോന്നുന്നു. അറിയപ്പെടുന്ന കവിയും ഭാഷാദ്ധ്യാപകനുമായ അച്ചൻ മലയാളത്തനിമയുടെ അയഞ്ഞ രീതിയിലാണ് കാവ്യരചന നിർവ്വഹിച്ചിരിക്കുന്നത്. ഭാഷാവൃത്തങ്ങളായ മഞ്ജരി, നതോന്നത, പാന, കാകളി എന്നിവയുടെ മാതൃകകളും ഓട്ടൻതുള്ളൽ, ഓമനക്കുട്ടൻ എനന്നിവയിലെ താളങ്ങളും സഫലമായി പ്രയോഗിച്ചിരിക്കുന്നു. ഗാനാത്മകതയിലൂടെ അനുവാചകന്റെ ശ്രദ്ധ പിടിച്ചുപറ്റാൻ അദ്ദേഹം ആഗ്രഹിക്കുന്നു എന്നു തോന്നുന്നു. ഒരു ഗായകകവിയാണല്ലോ നമ്മുടെ അയ്യനേത്തച്ചൻ. ഈ കൃതിയുടെ അവസാനം മാർ ഇവാനിയോസ് തിരുമേനിയെക്കുറിച്ച് അദ്ദേഹമെഴുതി ചിട്ടപ്പെടുത്തിയ ഒരു ഗാനം കൂടി ചേർത്തിരിക്കുന്നത് പ്രത്യേകം ശ്രദ്ധാർഹമാണ്. കൃതഹസ്തനായ ഒരു വൈദിക കവിയുടെ ഹൃദയത്തിൽ നിന്നും ഉത്ഭവിച്ച് അദ്ദേഹത്തിന്റെ തൂലികയിലൂടെ ഒരു പ്രാർത്ഥനപോലെ പ്രവഹിച്ച ഈ ജിവചരിത്രഗാഥ എല്ലാ മലയാളികളുടെ മുമ്പിലും സാദരം അവതരിപ്പിച്ചു കൊള്ളുന്നു.

ഈ അവതരണത്തിന് എനിക്കുള്ള അർഹത റവ: ഫാദർ ഒ. അയ്യനേത്തിന് എന്നോടുള്ള താല്പര്യം മാത്രമാകുന്നു.

കടമ്മനിട്ട രാമകൃഷ്ണൻ

വള്ളിക്കോട്
19-6-2003

www.malankaralibrary.com

## പ്രസ്താവന

ഇതുവരെ ആരും നോക്കിക്കണ്ടിട്ടില്ലാത്ത ഒരു കാഴ്ചപ്പാടിൽ, സ്വീകരിച്ചിട്ടില്ലാത്ത ഒരു സമീപനരീതിയിൽ മാർ ഇവാനിയോസ് പിതാവിനെപ്പറ്റി ജീവചരിത്രപരമായി ഒരു ഗ്രന്ഥം രചിക്കണമെന്ന ആഗ്രഹം എന്നിൽ നിലനിന്നിരുന്നു. ആർക്കും അറിഞ്ഞുകൂടാത്ത ഒരു ആത്മബന്ധം വന്ദ്യ പിതാവുമായി എനിക്ക് ഉണ്ടായിരുന്നു. എന്റെ കുടുംബത്തിൽപ്പെട്ട ചിലർ വന്ദ്യപിതാവിന്റെ, സുഹൃത്തുക്കൾ എന്നുപറയുന്നില്ലെങ്കിലും, വാത്സല്യപാത്രങ്ങളായിരുന്നു. നേരിട്ടാണ് എന്നെ അദ്ദേഹം സെമിനാരിയിലേയ്ക്ക് സ്വീകരിച്ചതും, റക്ടറച്ചനെ വിളിച്ച് ഭരമേല്പിച്ചതും. ആദ്യത്തെ പട്ടമായ സമറോനോ എനിക്ക് നൽകിയത് ഈ പിതാവല്ലാതെ മറ്റാരും ആയിരുന്നില്ല. വല്ലതും എഴുതുകയും, ചിലതൊക്കെ രംഗത്ത് അവതരിപ്പിക്കുകയും, പ്രസംഗത്തിലും പാട്ടിലും മുൻനിരയിൽ വരികയും ചെയ്തത് പിതാവിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു എന്നു പറയാം. ഇക്കാരണത്താലായിരിക്കാം, അദ്ദേഹത്തിന്റെ സ്വകാര്യ ഗ്രന്ഥശേഖരം വരെ ഉപയോഗിക്കാൻ, എന്നെമാത്രം അനുവദിച്ചിരുന്നത്? അക്കാലത്ത് മഹാനായ ഫുൾട്ടൺ ഷീൻ കേരളത്തിൽ അത്ര അറിയപ്പെട്ടിരുന്നില്ല. അദ്ദേഹത്തിന്റെ മിസ്റ്റിക്കൽ ബോഡി ഓഫ് ക്രൈസ്റ്റ്, ലീബർട്ടി, ഇക്വാളിറ്റി, ഫ്രെട്ടേർണിറ്റി തുടങ്ങിയ ഗ്രന്ഥങ്ങൾ അന്ന് വായിക്കാൻ ഇടയായത് എന്നെ വിജ്ഞാനവീഥിയിൽ മുന്നേറാൻ സഹായിച്ചിട്ടുണ്ട്. ഒരിക്കൽ അദ്ദേഹം എന്നോടു ചോദിച്ചു: ‘‘നിനക്ക് ഇതുവല്ലതും മനസ്സിലാകുമോടാ”. “ഞാൻ ശ്രമിച്ചു നോക്കുകയാണ്” എന്ന്

www.malankaralibrary.com



മാത്രം മറുപടി പറഞ്ഞു. അമേരിക്കൻ പര്യടനം കഴിഞ്ഞ് തിരിച്ച് വന്നപ്പോൾ, സെമിനാരിയിൽ കൊടുത്ത സ്വീകരണത്തിൽ അനുമോദനപ്രസംഗം നടത്തുവാനുള്ള ഭാഗ്യം എനിക്കുണ്ടായി. "നമ്മുടെ നിക്ഷേപം എവിടെയോ, അവിടെ നമ്മുടെ ഹൃദയവും ഉണ്ടായിരിക്കും; അഭിവന്ദ്യപിതാവ് നമ്മുടെ നിക്ഷേപമാണ്; എവിടെയായിരുന്നാലും നമ്മുടെ വികാരവും വിചാരവുമെല്ലാം അവിടുത്തോടു കൂടെയായിരിക്കും". എന്നു പറഞ്ഞപ്പോൾ അദ്ദേഹം എന്റെ കൈവിരലിൽ എത്തിപ്പിടിച്ച് സ്നേഹമസൃണമായ രീതിയിൽ സാകൂതം എന്നെ നോക്കി. മൈനർ സെമിനാരിയിൽ വച്ച് എഴുതിയതും, ആലുവാ മേജർ സെമിനാരിയിൽ പഠിച്ചുകൊണ്ടിരിക്കെ, ഏഴാം വർഷക്കാരായ ഡീക്കൺമാർ പ്രൊഫസേഴ്സ് ഡേയിൽ അവതരിപ്പിച്ചതും, പിന്നീട് എസ്.എച്ച് ലീഗുവഴി പ്രസിദ്ധീകരിച്ചതുമായ "ഭിക്ഷു" (1953) എന്ന നാടകത്തിന്റെ രണ്ടു കോപ്പി അവധിക്കുവന്നപ്പോൾ വന്ദ്യപിതാവിന് ഞാൻ സമർപ്പിച്ചു. പുസ്തകം നോക്കിയിട്ട് "എന്തിനാടാ, രണ്ടു കോപ്പി തന്നത്" എന്ന് ചോദിച്ചു. "ഒരു കോപ്പി, സാധാരണക്കാർക്കാണല്ലോ കൊടുക്കുന്നത്" എന്ന് ഞാൻ മുരണ്ടു. സന്തുഷ്ടഭാവം പ്രകടിപ്പിച്ച അദ്ദേഹം എന്റെ കൈവിരലിൽ എത്തിപ്പിടിച്ച് ഏതാനും നിമിഷം എന്നെ നോക്കിയിരുന്നു. രോഗാവസ്ഥയിലായിരിക്കെ, അദ്ദേഹത്തെ ശുശ്രൂഷിക്കാൻ അവധിക്കുവരുമ്പോൾ എനിക്ക് ഭാഗ്യം കിട്ടിയിരുന്നു എന്ന കാര്യം അന്യത്ര പ്രസ്താവിച്ചിട്ടുണ്ടല്ലോ.

അഭിവന്ദ്യ ഗ്രിഗോറിയസ് തിരുമേനിയുടെ മെത്രാഭിഷേക കർമ്മമെല്ലാം നടത്തിക്കഴിഞ്ഞ് നാലുമണി സമയം പാർലറിൽ ചാരുകസേരയിൽ വിശ്രമിക്കുകയായിരുന്നു വന്ദ്യപിതാവ്. നേരം കിട്ടുമ്പോഴെല്ലാം സുറിയാനി പഠിപ്പിക്കാനും മറ്റും സെമിനാരിക്കാരെ തന്റെയടുക്കലേക്ക് വിളിച്ചു വരുത്തുക പതിവാണ്. "കുഞ്ഞുങ്ങളെ എന്റെയടുക്കൽ വിടുവിൻ; അവരെ ആരും തടയരുത്" എന്ന കർത്താവിന്റെ ദിവ്യവചസ്സുകളുടെ സാക്ഷാത്കാരം അദ്ദേഹത്തിൽ ഇങ്ങനെ നിറവേറിയിരുന്നു. വൈദികർ മക്കളായിരുന്നുവെങ്കിൽ, സെമിനാരി വിദ്യാർത്ഥികൾ





അദ്ദേഹത്തിന്റെ പേരക്കിടാങ്ങളായിരുന്നു. പ്രാതഃകാല ഭക്ഷണം കഴിക്കുമ്പോഴാണെങ്കിൽ, ഏത്തക്കാ മുറിച്ച് അടുത്തിരിക്കുന്ന ചിലർക്ക് കഷണങ്ങൾ കൊടുക്കാറുള്ളത് പലരും കണ്ടിട്ടുള്ളതാണ്. മുത്തച്ഛന്റെ മുമ്പാകെയെന്ന മട്ടിൽ പേരക്കിടാങ്ങളുടെ സ്നേഹവും സ്വാതന്ത്ര്യവും ഞങ്ങളും കാണിച്ചിരുന്നുതാനും. അങ്ങനെ ചാരുകസേരയിൽ കിടക്കെ, ഞങ്ങൾ വന്ദ്യപിതാവിന്റെ മുമ്പിൽ നിൽക്കെ, എസ്.ബി. കോളേജ് പ്രിൻസിപ്പലായിരുന്ന ബഹു: റോമിയോ തോമസച്ചനും (സി.എം.ഐ) കൂടെ മറ്റു രണ്ടു കർമ്മിലിത്താ വൈദികരും കൂടി അവിടെ വന്നു. അവരെ യഥോചിതം ഉപവിഷ്ടരാക്കിയശേഷം പതിവുള്ള മട്ടിൽ വന്ദ്യപിതാവ് ഇങ്ങനെ മന്ദമായി ഉദീരണം ചെയ്തു: "പിള്ളേർക്ക് ഒന്നും കൊടുത്തില്ലല്ലോ". അപ്പോൾ റോമിയോ തോമസച്ചൻ ഇങ്ങനെ പറഞ്ഞു: "അവർക്ക് ഒരു കൊച്ചുതിരുമേനിയെ കൊടുത്തല്ലോ". ഇതിനു വന്ദ്യപിതാവ് ഒന്നു മൂളുകമാത്രമേ ചെയ്തുള്ളൂ.

രണ്ടു അത്യാതിവർത്തികളെ (extremes) തമ്മിൽ ബന്ധിപ്പിക്കുന്നവരാണ്, അഥവാ സമന്വയിപ്പിക്കുന്നവരാണ് യഥാർത്ഥ മഹാന്മാർ. വലിയ വലിയ ആളുകളുമായി ബന്ധപ്പെട്ടിരുന്ന പിതാവ് കൊച്ചുകുട്ടികളുമായും ഇടപഴകിയിരുന്നു. ഔന്നത്യവും ലാളിത്യവും ഈ മഹാനുഭാവനിൽ ഒരേ സമയം കളിയാടിയിരുന്നു. ദേവതാത്മാവായ ഹിമവാനെപ്പോലെ, ഉന്നത ശീർഷനായ ഒരു കുലപർവതമായിരുന്നു മാർ ഇവാനിയോസ് തിരുമേനി. സുകൃതി നിഷേവ്യവും സുകൃതസ്രോതസ്സുകളാൽ വിശുദ്ധവുമാണല്ലോ ഹിമവാൻ. ഇത്തരത്തിൽ സർവഥാ സമ്പന്നമായ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു നമ്മുടെയെല്ലാം പിതാവായിരുന്ന ഈ മഹാപുരുഷൻ. അദ്ദേഹം നമ്മുടെ "നിക്ഷേപം" തന്നെയായിരുന്നു. ഈ നിക്ഷേപപ്രഭവത്തിൽ നിന്ന് ഉറവപൊട്ടി പ്രവഹിച്ച സ്രോതസ്സുകളാണ് നമ്മളെല്ലാം; ഇന്നു നാം കാണുന്ന ഭാഗ്യാനുഭവങ്ങളെല്ലാം. പരേതരും ജീവിച്ചിരിക്കുന്നവരുമായ അനേകം വൈദികർ, സഹനത്തിന്റെ കാൽവരിയിൽ

www.malankaralibrary.com



ജീവിതയാഗങ്ങളർപ്പിച്ച അനേകം കന്യാസ്ത്രീകൾ, വഴക്കിൽ നിന്ന് ഒഴിഞ്ഞ് സ്വസ്ഥമായി പ്രാർത്ഥിക്കാൻ ഭാഗ്യമുണ്ടായ ആയിരക്കണക്കിന് വിശ്വാസികൾ, നൂറുകണക്കിന് പള്ളികൾ, അവിടെ നിന്നും അനവരതം ഉയരുന്ന "ഈ കുർബാന അനുഗ്രഹങ്ങളും, സമാധാനവും, ബലിയും സ്തോത്രവുമാകുന്നു" എന്ന ദൈവാരാധനാനിർഭരമായ വിശ്വാസ പ്രഖ്യാപനങ്ങൾ, പുണ്യജനപ്രതിഷ്ഠാസ്ഥാനമായ കുരുശടികൾ, അജ്ഞതയുടെ അന്ധകാരം നീക്കിക്കളയുന്ന കോളേജുകൾ, പള്ളിക്കൂടങ്ങൾ, അഗതികളുടെ ആശ്രയസ്ഥാനമാകുന്ന അനാഥ മന്ദിരങ്ങൾ — നിത്യരക്ഷാസംവിധാനത്തോടുകൂടിയ അനന്തതയിലേയ്ക്ക് സുഗമമായി പ്രവഹിക്കുന്ന ദിവ്യസ്രോതസ്സുകളാണ് ഇതെല്ലാം. ഇതെല്ലാം നമ്മുടെ പുനരൈക്യപ്രസ്ഥാനഗോത്രപിതാവായ ഇവാനിയോസ് പിതാവിന് ലഭിച്ച ദൈവവരപ്രസാദത്തിൽ നിന്ന് ഉറവപൊട്ടിയൊഴുകിയവയാണ്. "ദൈവത്താൽ അയക്കപ്പെട്ട ഒരു മനുഷ്യനുണ്ടായിരുന്നു". "കാലത്തിന്റെ പൂർണ്ണതയിൽ", മലങ്കര സഭയിൽ അദ്ദേഹം രംഗപ്രവേശം ചെയ്തു. നല്ല ഓട്ടമോടി; നല്ല യുദ്ധം ചെയ്തു. സമ്മാനം വാങ്ങാൻ അദ്ദേഹം പോയിരിക്കുന്നു. അദ്ദേഹത്തിന്റെ വിലപ്പെട്ട പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ!

1947-49 ൽ ശീമോ നമസ്കാരം (ശുബഹോ മാത്രം) മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തിയതുപോലെ, ഇപ്പോൾ യാമം പ്രതിയുള്ള ഹാശാ നമസ്ക്കാരവും (പ്രധാനമായും ഗാനഭാഗം) ഞാൻ മലയാളത്തിലാക്കികൊണ്ടിരിക്കയായിരുന്നു. ഗൗരവമുള്ള ജോലി! ഇതിനിടെ ഈ വർഷം ആദ്യം, ബഥനി സന്യാസിനീസഭയുടെ മദർ ജനറാൾ വന്ദ്യ ഫിലോമിന എസ്.ഐ.സി. എന്നെ സമീപിച്ച് മാർ ഇവാനിയോസ് തിരുമേനിയുടെ ജീവചരിത്രം പദ്യരൂപത്തിലാക്കികൊടുത്താൽ ഉപകാരമായിരിക്കുമെന്നഭ്യർത്ഥിച്ചു. നേരക്കുറവുണ്ടായിരുന്നിട്ടും ശ്രമസാദ്ധ്യമെന്ന് പറയേണ്ടുന്ന ഈ കൃത്യം ഞാൻ ഏറ്റെടുത്തു. ഞാൻ പൂജിച്ചുകൊണ്ടിരിക്കുന്ന, എനിക്ക് "സേവ"യുള്ളതായി





ഞാൻ കരുതുന്ന അഭിവന്ദ്യ പിതാവിന്റെ മാദ്ധ്യസ്ഥ്യത്തിലാണ് എഴുത്തു തുടങ്ങിയത്. അതൊരവ്യാഹതപ്രവാഹം പോലെയായിരുന്നു എന്നു പറയാം. മൂന്നു മാസത്തിനകം എഴുതി തീർത്തു. അഭിവന്ദ്യപിതാവിന്റെ അൻപതാം ചരമ വാർഷികത്തോടെ, ഉദ്ദിഷ്ടകൃതി പ്രകാശനം ചെയ്യണമെന്ന തിടുക്കമുണ്ടായിരിക്കെ, രചനാഭംഗിയിൽ കൂടുതൽ ശ്രദ്ധചെലുത്താൻ പറ്റിയില്ല. ഇത്തരത്തിലുള്ള ഇകഴ്ച്ച വല്ലതുമുണ്ടെങ്കിൽ അനുവാചകർ പൊറുക്കുമാറാകണം! മറക്കുവാൻ പാടില്ലാത്ത ഒരു കാര്യം കൂടി:

"അഭിവന്ദ്യ പിതാവിന്റെ ശവസംസ്ക്കാര വിലാപ യാത്രയിൽ പ്രദക്ഷിണകാര്യനിർദ്ദേശം നല്കികൊണ്ടിരുന്ന വാഹനത്തിൽ ഇരുന്ന് പെട്ടെന്നെഴുതി പാടിയ പാട്ട് ദുഃഖ നിർഭരമായ, "നൈനോംസേ നൈനോമിലാകേ" എന്ന ഹിന്ദി ഗാനത്തിന്റെ മട്ടിലുള്ളതായിരുന്നു. അത് ഇങ്ങനെ പോകുന്നു:

*"ആ മഞ്ജു ദീപം പൊലിഞ്ഞു,*
*ഇന്നിതാ നമ്മെ പിരിഞ്ഞു,*
*ആറടി മണ്ണിലടിഞ്ഞു.*
*കേഴുക കേഴുക നാടേ,*
*കേഴുകനന്തപുരിയേ,*
*കേഴുക ദൈവജനമേ,*
*നമ്മെ പിരിഞ്ഞു പോയി താതൻ....!"*

ഈ പാട്ടുകേട്ട് "കല്ലോലമില്ലാതെഴുമാഴിപോലെ" പാളയം നിഷ്പന്ദമായി നിലകൊണ്ടു എന്നാണ് അതു കേട്ടിട്ടുള്ളവർ ഇന്നും പറയുന്നത്.

കവിത ദ്രാവിഡവൃത്തത്തിലായിരിക്കണമെന്ന് മദർ പറഞ്ഞു. ഞാനും അതിനോടു യോജിച്ചു. "മഞ്ജരി പോലെ" എന്നൊക്കെ പറഞ്ഞിരിക്കുന്നത് ചിലയിടത്തൊക്കെ ശ്ലഥവൃത്തം ഉപയോഗിക്കേണ്ടിവന്നതുകൊണ്ടാണ്. "നതോന്നത" നമ്മുടെ വഞ്ചിപ്പാട്ടാണ് - വഞ്ചിപ്പാട്ടുപോലെയെന്നു പറയാതിരുന്നത് വള്ളംകളിപാട്ടുപോലെ ആളുകൾ ചൊല്ലാതിരിക്കുന്നതിനു വേണ്ടിയാണ്. ആ രീതി താളമേളമിളിതമാണ്. ആചാര്യവര്യനായ

www.malankaralibrary.com



സ്മര്യപുരുഷന്റെ കഥാനുഗാനത്തിന് അത് ചേർന്നതാണെന്ന് ആരും പറയുകയില്ല. നതോന്നത, "ചെത്തി, മന്ദാരം, തുളസി" എന്ന മട്ടിലോ, ഈ ഗ്രന്ഥകാരൻ എഴുതിയിട്ടുള്ള "പകലവനുടയാട" എന്ന പാട്ടിന്റെ മട്ടിലോ പാടാം. പാന, "രണ്ടുമൂന്നു ദിനംകൊണ്ടൊരുത്തനെ" എന്ന മട്ടിലും, കാകളി "ദൈവമേ കൈ തൊഴാം" എന്ന മട്ടിലും പാടാവുന്നതാണ്.

ഈ കാവ്യത്തെ ഒരു ആശംസയാലനുഗ്രഹിച്ച അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിക്ക് ഹൃദയം നിറഞ്ഞ കൃതഞ്ജത അർപ്പിച്ചുകൊള്ളുന്നു. അദ്ദേഹം തിരുവനന്തപുരം അതിരൂപതയുടെ സഹായമെത്രാനാണ്. ഈ ചുരുങ്ങിയ കാലം കൊണ്ട് ഒരു നല്ല സംഘാടകനും പ്രഭാഷകനുമായി യശസ്സ് നേടിക്കഴിഞ്ഞിരിക്കുന്നു. പുനരൈക്യപ്രസ്ഥാനത്തിന് ഒരു നേട്ടമായിത്തീർന്നിരിക്കുന്ന ഈ വന്ദ്യപിതാവ് നമ്മുടെ ഭാവി ശ്രേയസ്സിന്റെ വാഗ്ദാനവും പ്രതീക്ഷയുമാണെന്ന് പറഞ്ഞു കൊള്ളട്ടെ ആയുഷ്മാൻ ഭവഃ എന്ന് മംഗളം നേരാനെ ഇപ്പോൾ ഞാൻ തുനിയുന്നുള്ളൂ.

ഈ കാവ്യകൃതിക്ക് വിലപ്പെട്ട ഒരു അവതാരിക എഴുതിതന്നെ എന്റെ പ്രിയ സുഹൃത്തും നാട്ടുകാരനുമായ ശ്രീ. കടമ്മനിട്ട രാമകൃഷ്ണനോടുള്ള നന്ദി വാക്കിൽ ഒതുക്കാവുന്നതല്ല. ബഹുമാന്യനായ മുൻ എം.എൽ.എ. എന്നതിലുപരി, മനുഷ്യകഥാനുഗായിയായ ഒരു അനുഗൃഹീത കവി എന്ന നിലയിലാണ് അദ്ദേഹം എനിക്ക് ആദരണീയനും അനുകരണീയനുമായിത്തീർന്നിരിക്കുന്നത്. "നാനൃഷി കുരുതേ കാവ്യം" - ഋഷികളല്ലാതെ ആരും കാവ്യം ചമയ്ക്കുന്നില്ല എന്നാണല്ലോ ചൊല്ല്. ഈ അർത്ഥത്തിൽ അദ്ദേഹം ഋഷി തുല്യനാണ്; ഇപ്പോൾ ഏതാണ്ട് വേഷത്തിലും. കേരള ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ പ്രസിഡന്റ് എന്ന നിലയിൽ അദ്ദേഹം പ്രകടമാക്കുന്ന സേവനപരമായ സാമൂഹിക പ്രതിബന്ധത അങ്ങേയറ്റം ശ്രദ്ധേയവും സ്തുത്യർഹവുമാണ്. വളരെയധികം ജോലിത്തിരക്കുണ്ടായിരിക്കെ എന്നെ ഒഴിച്ചുകൂടാൻ പറ്റില്ലായെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ്





അദ്ദേഹം ഇങ്ങനെ മഹത്തരവും മനോഹരവുമായ ഒരു അവതാരിക എഴുതിത്തന്നത്. ഇത് ഈ കൃതിക്ക് ഒരു മുതൽക്കൂട്ടാണ് - ഒരു കാവ്യം തന്നെയാണ്. ഇതിന്റെ പിന്നിലെ മനസ്സ്, സ്വത്വം ഒരു മഹർഷിയുടേതാണെന്ന് ആരും സമ്മതിക്കും. അദ്ദേഹത്തിന് എന്റെ സ്നേഹനിഷ്യന്ദിയായ നന്ദി!

ഗ്രന്ഥസംബന്ധമായ ഒരു ലഘുവിവരണം പുറം കവറിലേക്കെഴുതിത്തരാൻ സന്മനസ്സുകാണിച്ച റവ. ഡോക്ടർ ജോൺ കൊച്ചുതുണ്ടിയോടുള്ള കൃതജ്ഞത ചെറുതൊന്നുമല്ല.

ഇനിയൊരാളോട് നന്ദി പ്രകടിപ്പിച്ചേ മതിയാവൂ. ആ മാന്യ വ്യക്തിയാണ് മദർ ഫിലോമിന എസ്.ഐ.സി. ക്രാന്തദർശിയും ഭരണകാര്യ നിപുണയുമാണ് ഈ യോഗിനി എന്നേ പറയാനുള്ളൂ. നാലുകൊല്ലക്കാലം അവരുടെ ഇടവക വികാരിയായിരുന്നു ഞാൻ. അവർ വന്ന് എന്നെ നിർബന്ധിച്ചില്ലായിരുന്നുവെങ്കിൽ ഈ ഗ്രന്ഥം ഈ കാലയളവിൽ ഇത്രപെട്ടെന്ന് എഴുതുകയില്ലായിരുന്നു. അതിനാൽ ഈ ഗ്രന്ഥം കൊണ്ട് വല്ല നന്മയുമുണ്ടാകുന്നെങ്കിൽ അതിന്റെ ഓഹരിക്ക് അവരും അർഹയാണ്. മദർ ഫിലോമിനായ്ക്ക് സ്നേഹാദരപുരസ്സരമായ നന്ദി.

ഈ ഗ്രന്ഥം ഭംഗിയായി മുദ്രണം ചെയ്തു തന്ന, തിരുവനന്തപുരത്തെ സെന്റ്ജോസഫ് പ്രസ്സ് ഭാരവാഹികളോട് എനിക്കുള്ള നന്ദിയും ഇവിടെ പ്രകാശിപ്പിച്ചുകൊള്ളുന്നു.

ഈ വിനീത സംരംഭം മാർ ഇവാനിയോസ് തിരുമേനിയുടെ മഹത്ത്വം വർദ്ധിപ്പിക്കുന്നതിനും, പുനരൈക്യപ്പെട്ടവർക്ക് ഉന്മിഷത്തായ ആത്മഹർഷം ഉണ്ടാകുന്നതിനും ബഥനി സന്യാസിനീ സഭയ്ക്ക് നന്മയുണ്ടാകുന്നതിനും ഇടവരുത്തട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ആകമാന ബഥനി പ്രസ്ഥാനത്തിന്റെ ഒരു നഖരചിത്രം ഈ ഗ്രന്ഥത്തിൽ ഞാൻ വരച്ചു കാട്ടിയിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം.

ഈ ഗ്രന്ഥത്തിന്റെ പകർപ്പവകാശം ബഥനി സന്യാസിനീ സഭയ്ക്ക് (S.I.C. Generalate, Kottayam) ഞാൻ കൊടുക്കുന്നു; ചില്ലറ ഉപാധികളോടു കൂടിയാണ്:

www.malankaralibrary.com



(1) ഞാൻ എഴുതിയിരിക്കുന്നതിൽ മാറ്റംമറിച്ചിലുകളൊന്നും വരുത്തുവാൻ പാടില്ല.

(2) ഈ ഗ്രന്ഥത്തിന്റെ കോപ്പി-റൈറ്റ് ഒരു കാരണവശാലും മറ്റാർക്കും കൈമാറ്റം ചെയ്യാൻ പാടില്ല.

(3) പുനഃപ്രസിദ്ധീകരണം ആവശ്യമെന്നു വരുമ്പോൾ അതിനു ബുദ്ധിമുട്ടോ തടസ്സമോ ഉണ്ടായാൽ, അതിനുള്ള അവകാശം എനിക്ക് ഉണ്ടായിരിക്കുന്നതാണ്.

എന്ന്
ഗ്രന്ഥകർത്താവ്

തിരുവനന്തപുരം
3-7-2003



## ഉള്ളടക്കം

പേജ്

### ഒന്നാം ഭാഗം

ജനനം, ബാലകാണ്ഡം ........ 34
കൗമാരകാണ്ഡം ........ 36
യൗവനകാണ്ഡം ........ 38
മത്സരകാണ്ഡം ........ 43
ഉദ്യോഗകാണ്ഡം (സെറാംപൂർ പ്രൊഫസർ) ........ 51
ധ്യാനകാണ്ഡം ........ 53
ബാരിസോൾ മഠം (കൽക്കട്ട) ........ 57
തിരുമൂലപുരം സ്കൂൾ ........ 61
തപോവന കാണ്ഡം ........ 64
മുണ്ടൻമല ആശ്രമം ........ 65
ആശ്രമ ദിനചര്യ ........ 69
ദളിതകാണ്ഡം ........ 70

### രണ്ടാഭാഗം

പുനരൈക്യകാണ്ഡം ........ 73
മെത്രാഭിഷേക കാണ്ഡം (വന്ദ്യപിതാവിന്റെ) ........ 76
പുനരൈക്യാലോചന ........ 80
മുണ്ടൻമലയിറക്കം ........ 83
വിടവാങ്ങൽ ........ 86
പുനരൈക്യം - കൊല്ലം ........ 90
മാർപാപ്പായുടെ സ്വാഗതം ........ 94
പാശ്ചാത്യപര്യടന കാണ്ഡം ........ 100

www.malankaralibrary.com



ദിവ്യകാരുണ്യ കോൺഗ്രസ് - ഡബ്ലിനിൽ ........ 111
ജി.കെ. ചെസ്റ്റർട്ടനുമായി സ്നേഹബന്ധം ........ 113
ഇംഗ്ലണ്ടിൽ, ലണ്ടനിൽ, ........ 116
ബക്കിംഗാം കൊട്ടാരത്തിൽ ........ 118
ബൽജിയത്തിൽ ........ 119

## മൂന്നാംഭാഗം

പുനരൈക്യകർമ്മകാണ്ഡം - അതിരൂപതാ സ്ഥാപനം ........ 124
ബഥനി സന്യാസസഭ ആസ്ഥാനം ........ 126
സെമിനാരി സ്ഥാപനം ........ 128
പുനരൈക്യ പ്രസ്ഥാന വികസനം ........ 130
തിരുവല്ലാ രൂപത ........ 134
മേരിമക്കൾ സന്യാസിനീ സഭ ........ 142
അഞ്ചൽ സെന്റ് ജോസഫ് ആശുപത്രി ........ 144
സർ. സി.പി: മത്സരകാണ്ഡം ........ 149
മാർ ഇവാനിയോസ് കോളേജ് ........ 165
അമേരിക്കൻ പര്യടനകാണ്ഡം ........ 172
അസ്ട്രേലിയൻ സന്ദർശനം ........ 176
രോഗബാധിതനായ ആബൂനോ ........ 178

## നാലാംഭാഗം

അസ്മതയ കാണ്ഡം ........ 184
കന്തീലാ ശുശ്രൂഷ ........ 185
അധിവാസം അരമനയിൽ ........ 186
മെത്രാൻ പട്ടാഭിഷേകം (മാർ ഗ്രിഗോറിയോസ്) ........ 187
തിരുമരണം - കബറടക്കം ........ 197





### ഒന്നാം ഭാഗം

# ഉപോദ്ഘാതം

**(മഞ്ജരി പോലെ)**

ഭാരത ന്യൂമാനെന്നെങ്ങുമറിയുന്ന
മാറിവാനിയോസിൻ പേരിൽ നമ്മൾ
ദിവ്യമധുരമാമീഗാഥ പാടീടാം;
ദൈവകുമാരനുഗ്രഹിക്കും.

ആചാര്യവര്യനാമിപ്പിതാവു നമു-
ക്കാവോളം നന്മ വിതച്ചശേഷം,
വിട്ടുപിരിഞ്ഞു പോയെന്നേക്കുമെങ്കിലും
കെട്ടുപോകാതോർമ്മ നില്പൂ നമ്മിൽ.

പുണ്യപുരുഷനിത്താതന്റെ സാന്നിദ്ധ്യം
എന്നും സജീവമായ് നമ്മൾ മദ്ധ്യേ,
വാടാമലരിൻ നറുമണം പോലല്ലോ;
നേടാമതിൽ നമുക്കാത്മശക്തി.

ദൃഷ്ടാന്തമായ് യേശു ചൊന്ന കടുകിന്റെ
മട്ടിൽ പുനരൈക്യ പുണ്യവൃക്ഷം,
നട്ടുവളർത്തിയതിത്താതപൊൽക്കരം;
നാട്ടാർക്കതിന്നൊരഭയ കേന്ദ്രം;

സ്വർഗ്ഗസഞ്ചാരികൾക്കേകുന്നിതു നിത്യം
സ്വച്ഛമാം വിശ്രമച്ഛായാതലം;
സ്വസ്ഥതയേവർക്കും കൈവരുന്നു; നമ്മൾ
സ്വർഗ്ഗസ്ഥതാതന്നു സ്തോത്രം പാടാം.

www.malankaralibrary.com



എത്ര തലമുറ, യെത്രപിതാക്കന്മാർ
എത്ര വിശ്വാസികളോരോ കാലം,
കാത്തിരുന്നു പുനരൈക്യ മഹാമഹം
കാണുവാൻ, കണ്ടു മനം കുളിർക്കാൻ.

എത്ര സുഗേയമിത്താതന്റെ ജീവതം
എത്ര മഹത്തരമോർത്താലിന്നും;
പാടാം നമുക്കൊരു കീർത്തനം പോ,ലതി-
ന്നേടുകളോരോന്നുമർത്ഥപൂർണ്ണം.

## ജനനം: ബാല കാണ്ഡം

**(ഓട്ടൻതുള്ളൽ പോലെ)**

കള്ളം കൗശലമിവകൂടാതെ
നാടു ഭരിച്ചൊരു മാവേലിയുടെ,
പേരിൽ മാവേലിക്കര വിദിതം;
അതുപോൽ തത്ര പണിക്കരുവീടും.

പേരും പെരുമയുമുള്ളൊരുവീട്;
വാളും പരിചയുമുള്ളൊരു വീട്;
ദേശം കാക്കാൻ നൃപസഹിതം വാൾ
വീശിയതെല്ലാം പഴയ ചരിത്രം.

കല്പിച്ചരചൻ നല്കിയതത്രേ
ക്രിസ്ത്യാനിയ്ക്കു പണിക്കർ സ്ഥാനം,
ആദിപുരാതന കാലം മുതലേ
അമ്പലവും പല പദവികൾ നല്കി.





ആഢ്യ കുലത്തിൻ സർവ്വാദൃതമാം
ശുദ്ധിയെഴുന്നൊരു സൽപെരുമാറ്റം
പണിക്കരുവീട്ടിൽ കാരണവന്മാർ
പണ്ടു മുതല്ക്കേ കാട്ടിയിരുന്നു.

ഇക്കാലം ഭവനാധിപരായതു
തോമ്മാപ്പണിക്കരുമന്നയുമത്രേ.
ഏവരുമാശിക്കുന്നൊരു ശിശുവെ
ദൈവമവർക്കു കനിഞ്ഞുകൊടുത്തു.

ജനനത്തീയതി ഇരുപത്തൊന്ന്
സെപ്തംബറിലാണാണ്ടുകുറിച്ചാൽ
ആയിരമതിനോടെണ്ണൂറ്റെമ്പതു
പിന്നൊരു രണ്ടും ചേർത്താലായി.

പേരവനിട്ടൂ, "ഗീവർഗ്ഗീസ്"!
പരാതാഹ്ലാദവുമതിലേറി;
പണ്ടേതൊട്ടേ ലോകം മുഴുവൻ
കൊണ്ടാടുന്നൊരു പേരല്ലേയിത്?

കലഹക്കാരൻ വ്യാളിക്കെതിരെ
പോരാടി, മാർ ഗീവർഗ്ഗീസ്,
ശൂലം കൊണ്ടേ തച്ചുതുലച്ചു;
ശൂരൻ സഹദാ ഗീവർഗ്ഗീസ്.

കേരള സഭയിൽ കലഹമൊരിക്കൽ
കൂനൻകുരിശിൻ വഴിയേ വന്നു;
പരിഹാരത്തിനു നാന്ദികുറിക്കാൻ
പുതിയൊരു ഗീവർഗ്ഗീസു പിറന്നോ?

www.malankaralibrary.com



എന്നിങ്ങനെ ചില ദൈവജ്ഞന്മാർ
അന്നു വിചാരിച്ചതു തെറ്റാമോ?
കാലം തെളിയച്ചതു ശരിയെന്ന്,
കാലത്തിന്നുടെ പൂർണ്ണതയിങ്കൽ.

കാലജ്ഞൻ ജഗദീശനൊരുക്കി
കാലോചിതമാം പല പദ്ധതികൾ;
ഗീവർഗ്ഗീസിൻ ജീവിതവനിയിൽ
ഫലമാകുന്നതു വഴിയേ കാണാം.

# കൗമാര കാണ്ഡം

**(ഓമനക്കുട്ടൻ പോലെ)**

ഗീവർഗ്ഗീസിന്നൊരോമനപ്പേരു
"കൊച്ചുകീവർച്ച"നെന്നുണ്ടായ്
വീട്ടിലുള്ളോർക്കും, നാട്ടിലുള്ളോർക്കും
ഇഷ്ടമുണ്ടായി ബാലനിൽ.

ബാലനോ, ദൈവജ്ഞാനത്തിൽ, ദൈവ-
ഭക്തിയിൽ, ദൈവാരൂപിയിൽ
കാണക്കാണെ വളർന്നുവന്നതി-
ലേവർക്കും വന്നു കൗതുകം.

നാട്ടിലെ വിദ്യാഭ്യാസമിംഗ്ലീഷിൽ
ഫോർത്തു ഫോമോടെ തീർന്നപ്പോൾ
മേലോട്ടു വിദ്യാഭ്യാസം ചെയ്യുവാൻ
കോട്ടയത്തുപോയ് ഗീവർഗ്ഗീസ്.





പി.റ്റി. ഗീവർഗ്ഗീസ്, എന്നായി പേര്
കോട്ടയത്തു പഠിക്കുമ്പോൾ
ഏറ്റവുമഭിനന്ദനീയമായ്
മെട്രിക്കിൻ ക്ലാസ്സു പാസ്സായി.

ആചാര്യന്മാരുമൊത്തു ചേർന്നുള്ള
പഴയ സെമിനാരി ജീവിതം,
ദൈവഭക്തിയിൽ ഗീവർഗ്ഗീസിന്ന്
വളരാനേറെ സഹായമായ്.

ചൊല്ലാർന്ന പുലിക്കോട്ടുവീട്ടിലെ
മെത്രാച്ചൻ മാർ ദീവന്ന്യാസ്യോസ്,
ശെമ്മാശപ്പട്ടം ഗീവർഗ്ഗീനിന്നായ്
കല്പിച്ചു നല്കി തുഷ്ടിയിൽ.

ആയിരം ദൈവസ്തോത്രവീചികൾ
ആഞ്ഞലച്ചു ശെമ്മാനിൽ;
ആയിരത്തിയെണ്ണൂറ്റിത്തൊണ്ണൂറ്റെ-
ട്ടായിരുന്നപ്പോൾ വത്സരം.

കർത്താവിലുള്ള ദിവ്യവിശ്വാസ-
വൃത്തിയിൽ വ്യാപരിക്കുവാൻ;
ദൈവത്തിൻ പേർക്കായ് മർത്ത്യാത്മക്കളെ
നിത്യമായ് വീണ്ടെടുക്കുവാൻ;

യേശുനാഥനിൽ വിശ്വസിച്ചാത്മ-
രക്ഷ മർത്ത്യർക്കൊരുക്കുവാൻ;
ദൈവത്തിൻ മധുരാർദ്രമാം വിളി-
യ്ക്കൊത്തു ഗീവർഗ്ഗീസ്പോകുവാൻ;

www.malankaralibrary.com



അച്ചനമ്മമാർ നല്കി സമ്മതം
ധന്യനായതിൽ ഗീവർഗ്ഗീസ്;
അച്ചായനച്ചനായിടുന്നതിൽ
കൊച്ചനുജന്നും സന്തോഷം!

## യൗവന കാണ്ഡം

**(നതോന്നത പോലെ)**

പില്ക്കാലത്തു മലങ്കര-
മെത്രാപ്പോലീത്താസ്ഥാനത്ത്
പുത്തൻകൂറിൽ വാണ വട്ട-
ശ്ശേരി മെത്രാച്ചൻ,

അന്നു മല്പാനായിരുന്നു,
വൈദിക വിദ്യാർത്ഥികൾക്ക്
സെമ്നാരിയിൽ ശിക്ഷണവും
നല്കിപ്പോന്നല്ലൊ.

താതനെപ്പോലായിരുന്നൂ
ശെമ്മാശന്ന് മല്പാനച്ചൻ,
അത്രമേലുറച്ചിരുന്നൂ
സ്നേഹാത്മബന്ധം.

ഭാവിയിൽ സമർത്ഥമായി
സഭയെ നയിക്കാൻ പോരും
നേതാവിനെ ശെമ്മാശനിൽ
കണ്ടിരുന്നേക്കാം?





പഠനത്തിൽ സമർത്ഥനായ്
കണ്ടതിനാൽ എഫേ ക്ലാസ്സിൽ
സി.എം.എസ്സിൽ ശെമ്മാശനെ
പഠിക്കാനാക്കി.

പ്രശസ്തമാം വിധമതിൽ
വിജയം വരിച്ചിദ്ദേഹം;
അസാദ്ധ്യമായിവിടൊന്നു-
മില്ലെന്ന മട്ടിൽ!

ഇതിനിടെ സുറിയാനി-
ഭാഷയിൽ വ്യുല്പത്തിനേടാ-
നവിശ്രമം പരിശ്രമം
തുടർന്നു പോന്നു!

പില്ക്കാലത്തു സർവകലാ-
ശാലാ തലത്തിലെത്തവേ,
പണ്ഡിതനാം വ്യാകരണ-
കർത്താവായല്ലോ.

മല്പാനച്ചൻ നിർദ്ദേശിക്കെ,
പുലിക്കോട്ടു തിരുമേനി
ശെമ്മാശനെ മദ്രാസിലേ-
ക്കയയ്ക്കയുണ്ടായ്.

ഉപരി പഠനത്തിന്നായ്
ക്രിസ്ത്യൻ കോളേജിലേ,ക്കിതു-
മലങ്കരയ്ക്കാകെ പേരും
പെരുമയുമായ്.

www.malankaralibrary.com



പ്രശസ്തമാം വിധം നേടി
എം.എ. ഡിഗ്രി, പില്ക്കാലത്ത്
"എം. എ. അച്ച"നെന്നപേരും
സാർത്ഥകമായി.

കേരളത്തിൽ വൈദികരിൽ
ആദ്യമായിട്ടെന്നു ചൊല്ലാം,
എം.എ.ക്കാരനച്ചനായ-
തീ ശെമ്മാശൻ താൻ

ക്രൈസ്തവർക്കീ നേട്ടമൊരു
സ്വപ്ന സാക്ഷാൽക്കാരമായി;
ഭാവിശ്രേയസ്സ് കൈവരാനു-
മുത്തേജനമായ്.

വിജയശ്രീലാളിതനായ്
നാട്ടിൽ വന്ന ശെമ്മാശന്ന്
ലഭിച്ചു വൻ സ്വീകരണം
സഭയിൽ നിന്നും.

നേട്ടമിത്രത്തോളമൊക്കെ
കൊയ്തു കൂട്ടിയിരുന്നിട്ടും
ഒട്ടുമഹങ്കരിക്കാതെ
വിനീതനായി,

മേല്പട്ടക്കാർ തന്നെ ഭര-
മേല്പിച്ചതാം ജോലിയെല്ലാം
നോക്കി നോക്കിചെയ്തു പോന്നൂ
കൊച്ചു ശെമ്മാശൻ.

\+ + + + +





പതിതരെയുദ്ധരിക്കാൻ
തന്റെ രാജ്യം വളർത്തുവാൻ
പരമപിതാവോരോന്നു
ചെയ്വതദ്ഭുതം!

മോശയുടെ കാര്യമോർക്കൂ,
ആടുമേച്ചു നടന്നവൻ
ആശയൊന്നും പ്രത്യേകിച്ചും
ഹൃത്തിലില്ലാത്തോൻ;

വിക്കനാണു, നേതാവാകാൻ
പ്രാപ്തിയില്ലാത്തോനുമെന്നാൽ
സ്വർഗ്ഗകർത്താവിന്റെ വിളി-
യവന്നുണ്ടായി.

മിസ്രയേമിൽ നിന്നു സ്വന്തം
ജനങ്ങളെ വീണ്ടെടുക്കാൻ
അസ്വാതന്ത്ര്യമെന്നേക്കുമാ-
യില്ലാതാക്കുവാൻ.

മോശയെ പ്രവാചകനും
ആചാര്യനും നേതാവുമായ്
ഉയർത്തുവാൻ യഹോവയ്ക്ക്
തിരുമനസ്സായ്!

അതുപോലെ വിഘടിത-
ജനതാരക്ഷകനാകാൻ
വിളിക്കുന്നുവോ തന്നെ
ദൈവം തമ്പുരാൻ?

www.malankaralibrary.com



മലങ്കര സഭയിലെ മത്സരം കൊ-
ണ്ടന്തരീക്ഷം
കലുഷമായ്; പുലരണ-
മിവിടെ ശാന്തി!

തനിക്കൊരു ലക്ഷ്യമുണ്ട്,
തനിക്കൊരു ദൗത്യമുണ്ട്;
തമ്പുരാനിതിനായ് തന്നെ
കരുവാക്കുന്നോ?

മോശയെപ്പോലാകണോ താൻ
മോശയോപ്പോലാകുമെന്നോ?
ദൈവമേ! ഞാനാരുമല്ല,
വെറും നിസ്സാരൻ!

ചിലനേരമിത്തരത്തിൽ
ചിന്തകൾ മനസ്സിലുണ്ടായ്
കരണീയമെന്തെന്നറി-
ഞ്ഞില്ല ശെമ്മാശൻ.

എന്തായാലുമായ്ഷ്ക്കാലം
മുഴുവനും ദൈവികമാം
ബന്ധുര സേവനം ചെയ്യാൻ
തീരുമാനിക്കെ,

ദീവന്യാസ്യോസ് തിരുമേനി
വൈദികനായ് പട്ടം നല്കി
ആയിരത്തിത്തൊള്ളായിര-
ത്തെട്ടിലാഗസ്റ്റിൽ.





അതു മുതലെംഡിയിലെ
പ്രിൻസിപ്പലായ്, കീർത്തിയേറി,
"എം.എ. അച്ച"നെന്നപേരും
യാഥാർത്ഥ്യമായി.

യാക്കോബായ സഭയിലെ
പ്രസിദ്ധരാം വ്യക്തികൾക്കും
ശ്രദ്ധേയനായ്ത്തീർന്നു ഫാദർ
പി.റ്റി. ഗീവർഗ്ഗീസ്.

## മത്സര കാണ്ഡം

**(നതോന്നത പോലെ)**

ആദ്ധ്യാത്മിക ചിന്തയിലും-
തപോനിഷ്ഠാ വൃത്തിയിലും-
കൂടുതലായ് മനമൂന്നി
മുന്നേറുവാനും,

സർവസംഗപരിത്യാഗം
പ്രാവർത്തികമാക്കുവാനും
ശിഷ്യനായി യേശുവിനെ
പിൻചെല്ലുവാനും,

അവസാനം പുനരൈക്യ-
പ്രസ്ഥാന മഹാമഹത്തിൻ-
ഉപജ്ഞാതാവായ് ചരിത്രം
കുറിക്കുവാനും,

www.malankaralibrary.com



എം.എ അച്ചനെ നയിച്ച
സംഭവ വികാസങ്ങളെ
സമ്യക്കായി പാരായണം
ചെയ്യാമിവിടെ.

✦ ✦ ✦ ✦ ✦

സത്യസഭാ വിശ്വാസിക-
ളാണെങ്കിലുമിനി മേലിൽ
"പോർട്ടുഗീസുകാരുമായി
പാടില്ല ബന്ധം".

മട്ടാഞ്ചേരി കൂനൻക്രൂശു
സാക്ഷി നിർത്തി ഒരു ഭാഗം-
മലങ്കരക്കൂട്ടമേവം
ശപഥം ചെയ്തു.

ആയിരത്തിയറുനൂറ്റി-
യമ്പത്തിമൂന്നായിരുന്നു,
വാശിയിൽ നടത്തിയോരീ
ശപഥ വർഷം.

"പുത്തൻകൂറ്റുകാ"രായിവർ
അറിയപ്പെട്ടു പില്ക്കാലം,
സത്യൈക സഭയിൽ നിന്നു-
മകന്നുപോയി!

വൈദികരുമല്മായരും-
മാത്രമായാൽ സഭയാമോ,
മെത്രാനൊരാൾ വേണം പട്ടം
ഏതും നല്കുവാൻ.





എന്നിരിക്കെ, വൈദികന്മാർ
വാഴിച്ചത് "ചുമ്മാമെത്രാൻ"!
മെത്രാനെ വാഴിക്കുന്നതു
മെത്രാനാകണം.

അപ്പസ്തോലികമാം കൈവെ-
പ്പീമെത്രാനു ലഭിക്കുവാൻ
അന്ത്യോക്യായിലേക്കു നോട്ട-
മിട്ടു നേതാക്കൾ.

"യാക്കോബായ"രെന്ന പേരിൽ
അവിടൊരു ചെറുകൂട്ടം
ക്രിസ്ത്യാനികൾ പണ്ടുതൊട്ടേ
വസിച്ചിരുന്നു.

അവരുടെ പാത്രിയർക്കീസ്
ഗ്രിഗോറിയോസിനെയിഹ
ചെലവുകൊടുത്തു കൊണ്ടു-
വരുത്തി പിന്നെ.

സത്യമായ മെത്രാൻപട്ടം
കൈവെപ്പാലദ്ദേഹം നല്കി,
വ്യർത്ഥവേഷ മെത്രാനിങ്ങ-
നസ്സൽ മെത്രാനായ്!

മലങ്കര പുത്തൻ കൂറ്റു-
നസ്രാണികൾക്കിവ്വിധത്തിൽ
"യാക്കോബായ"ക്കാരെന്നൊരു
പേരുമുണ്ടായി.

www.malankaralibrary.com



ആയിരത്തിയറുനൂറ്റി-
യറുപത്തഞ്ചിലിപ്വിധം
ആദ്യമായി പുത്തൻ സഭ
രൂപമെടുത്തു.

കേവലമാത്മീയമായോ-
രധികാരം മാത്രമേയീ-
അന്ത്യോക്യാക്കാർക്കിവിടുള്ളോർ
നല്കി വന്നുള്ളു.

ലൗകികാധികാരം തെല്ലും
കൊടുത്തിരുന്നി,ല്ലവരീ-
മലങ്കരപ്പള്ളിസ്വത്തി-
ലന്യന്മാർ മാത്രം!

ആചാര്യന്മാരാണെങ്കിലും
ദൂരെ മലങ്കരയുള്ള
ഭൂസ്വത്തിന്മേലധികാരം
വേണ്ടാതാക്കണോ?

പാത്രിയാർക്കീസിന്നു പോലും
മലങ്കരയിലെ പണം
തൂത്തുവാരിക്കൊണ്ടുപോകാൻ
മോഹമുണ്ടായോ?

ആയിരത്തിത്തൊള്ളായിര-
ത്തൻപതാമാണ്ടൊക്ടോബറിൽ
അന്ത്യോക്യാതൻ പാത്രിയാർക്കീ-
സിവിടെയെത്തി-





അബ്ദുള്ളായെന്നത്രേ പേര്;
വന്നതു മലങ്കര തൻ
ഭരണാധികാരം കൂടി
കൈയടക്കുവാൻ.

കാര്യം വ്യക്തമായതോടെ
പ്രതിഷേധസ്വരമെങ്ങും
ഇരമ്പുകയായി; പര-
മാധികാരിയാം-

വട്ടശ്ശേരിൽ ദിവന്യാസ്യോസ്-
മെത്രാപ്പോലീത്തായുടനെ
കട്ടായമായെതിർ"ത്തിതു
നടപ്പില്ലെന്നായ്".

അതിശക്തം പ്രഖ്യാപിച്ചു,
മലങ്കര സഭയ്ക്കാകെ
അടിമത്തമുണ്ടാക്കുന്നോ-
രന്ത്യോക്യൻ തന്ത്രം.

തിരുമേനിക്കിതിനുള്ളോ-
രാത്മബലം നല്കിയതു
വലങ്കൈയ്യായ് നിന്ന പി.റ്റി.
ഗീവർഗ്ഗീസച്ചൻ!

അച്ചനെ വശത്തിലാക്കാൻ
സാദ്ധ്യമല്ലെന്നറിഞ്ഞപ്പോൾ
മാർ അബ്ദുള്ള കയ്യാങ്കളി-
നടത്താനാഞ്ഞു.

www.malankaralibrary.com



മലങ്കരയിലെ മെത്രാ-
പ്പോലീത്തായെ മുടക്കുവാൻ
മാർ അബ്ദുില്ലാ തയ്യാറായി,
മതിഭ്രമമോ?

മലങ്കര സഭയുടെ
സ്വാതന്ത്ര്യവും വ്യക്തിത്വവും
തനിക്കുതാൻപോരിമയും
തകർക്കുംമട്ടിൽ,

പാത്രിയാർക്കീസ് മാർ അബ്ദുള്ള
മുടുക്കു കല്പനയൊന്ന്,
ഇറക്കി ജൂൺ പത്താം നാളിൽ;
കാലം പറഞ്ഞാൽ,

ആയിരത്തിത്തൊള്ളായിരം
പതിനൊന്നും ചേർന്ന വർഷം;
ദൂരവ്യാപകമായിതിൻ
പ്രത്യാഘാതവും.

സഭ രണ്ടായ് പിളർന്നഹോ;
ബാവാക്കക്ഷി, മെത്രാൻ കക്ഷി;
വിഭിന്നമായ് പ്രവർത്തനം;
സ്നേഹമെങ്ങോ പോയ്!

ക്രിസ്തു തരും ശാന്തി പോയി,
സാത്താനെന്നും സ്വന്തമായ
ഛിദ്രമുണ്ടായ്; തലപൊക്കി
കേസും വഴക്കും!





മുടക്കതിജീവിക്കുവാൻ
മെത്രാൻകക്ഷിയാലോചിച്ചു;
അതിനവർ കണ്ടമാർഗ്ഗം
ഫലപ്രദമായ്;

മുന്നമേയധികാരത്തിൽ
പാത്രിയാർക്കീസായിരുന്ന
അബ്ദദ് മിശിഹായെയിഹ
കൊണ്ടു വരിക.

തുർക്കി സുൽത്താനിദ്ദേഹത്തെ
സ്ഥാന ഭ്രഷ്ടനാക്കി, പിന്നെ
അബ്ദുള്ളായെ പാത്രീയർക്കീ-
സായി വാഴിച്ചു.

സഭയുടെ ആല്മീയത്തിൽ
രാഷ്ട്രീയക്കാർക്കെന്തുകാര്യം?
സഭയെ നയിക്കേണ്ടതു
സുൽത്താനാകയോ?

മെത്രാൻ കക്ഷിയുയർത്തിയ
ന്യായവാദമിത്തരത്തിൽ
കുറിക്കുകൊണ്ടല്ലോ; തുടർ-
ന്നടപടിയും.

അബ്ദദ് മിശിഹായെയിവർ
മലങ്കര കൊണ്ടുവന്നു.
കാതോലിക്കാ സിംഹാസന-
മുറപ്പിക്കുവാൻ.

www.malankaralibrary.com



കോട്ടയത്തിറങ്ങിയില്ല
നിയമ വിലക്കുമൂലം,
പാത്രിയാർക്കീസ് പരുമല-
ച്ചെന്നെഴുന്നെള്ളി.

അദ്ദേഹമവിടെ വച്ചു,
പ്രഖ്യാപിച്ചു, മലങ്കര-
കാതോലിക്കാ സിംഹാസന-
സ്ഥാപന കാര്യം.

പിന്തുടർച്ചയോടെയിതു
നിലനിർത്തുവാനുമുള്ളോ-
രവകാശാധികാരങ്ങൾ
മലങ്കരയിൽ,

മെത്രാപ്പോലീത്താമാരുടെ-
സൂന്നഹദോസിന്നുമായി
പ്രത്യേകാനുമതി നല്കി
സ്ഥാപിതമാക്കി.

പ്രഥമ കാതോലിക്കായായി
അഭിഷിക്തനായതോ, മാർ-
ഈവാനിയോസ്, കണ്ടനാട്ടേ
മെത്രാപ്പോലീത്താ.

ആയിരത്തിത്തൊള്ളായിരം
പന്ത്രണ്ടും ചേർന്നതാം വർഷം
സെപ്റ്റംബറിൽ, പതിനഞ്ചിൽ
ഈ മഹാ കർമ്മം!





ചരിത്ര പ്രസിദ്ധമാകും
സംഭവമിതിന്റെ പിന്നിൽ
പ്രവർത്തകനായും സൂത്ര-
ധാരകനായും,

പദ്ധതിയൊരുക്കി, ധീര-
ബുദ്ധിയോടെ മുന്നേറിയ-
'തെമ്മേയച്ച'നെന്ന ക്രാന്ത-
ദർശിയെന്നോർക്കാം.

## ഉദ്യോഗ കാണ്ഡം

(നതോന്നത പോലെ)

ആദ്ധ്യാത്മികക്ഷതി, മൂല്യ-
ച്യുതിയിവ കണ്ടു കണ്ട്
എം.എ. അച്ചൻ ദുഃഖം പൂണ്ട്
മരുവും നാളിൽ,

സെറാംപൂരിൽ പ്രോട്ടസ്റ്റന്റു-
സഭക്കാർ നടത്തിവന്ന
കോളേജിൽ പ്രൊഫസ്സറായി
ജോലി നോക്കുവാൻ,

നിയമനം കിട്ടി; യൊരു മാറ്റം നല്ല-
തെന്നുകണ്ടു;
ഒഴിഞ്ഞു മാറിടാം കക്ഷി-
വഴക്കിൽ നിന്നും.

www.malankaralibrary.com



അവിടെച്ചെന്നാലാകട്ടെ,
പ്രബോധനത്തിന്നുപരി
പ്രാർത്ഥിച്ചീടാം, മനഃശാന്തി-
യോടെ ജീവിക്കാം

സ്വീകരിച്ചാനെമ്മേയച്ചൻ
അഭികാമ്യമീയുദ്യോഗം;
പാടവം, പാണ്ഡിത്യമിവ-
യ്ക്കംഗീകാരമായ്,

സമുദായത്തിൻ സമഗ്ര-
പുരോഗതിക്കത്യാവശ്യം
സർവ്വകലാശാലാവിദ്യാ-
ഭ്യാസ സമ്പാദ്യം.

വസ്തുതയിതുഗ്രഹിച്ച്
എം.എ. അച്ചൻ കുറെപ്പേരെ
സെറാംപൂരിൽ കൊണ്ടുപോയി
പഠനത്തിന്നായ്.

സ്വന്തം ചെലവു കഴിഞ്ഞ
ശമ്പള മിച്ചവും ചില-
സ്കോളർഷിപ്പുമവർക്കായി
നേടിക്കൊടുത്തു.

ബിരുദമോരോന്നുനേടി
അവരെല്ലാം ജീവിതത്തിൻ
വിവിധ മേഖലകളിൽ
പ്രസിദ്ധരായി.





ഇവരിൽ ചില യുവാക്കൾ
വൈദികരായ്ത്തീർന്നു, സഭാ-
കർമ്മമേഖലകളേറ്റം
വിസ്തൃതമാക്കി.

ഇത്തരത്തിലാംഗലേയ-
വിദ്യാഭ്യാസ ഗുണം നേടാൻ
ഒത്താശ ചെയ്തെമ്മേയച്ചൻ
പെൺകിടാങ്ങൾക്കും.

തുടക്കത്തിലേതാനും പേർ
മാത്രമിതിന്നൊരുമ്പെട്ടു,
മിടുക്കവർകാട്ടി, നല്ല
നിലയിലെത്തി.

ഇതുകണ്ട് പില്ക്കാലത്ത്
നിരവധി യുവതികൾ
ബംഗാളിൽപോയ് പഠിച്ചേറെ
നേട്ടമുണ്ടാക്കി.

## ധ്യാന കാണ്ഡം

**(നതോന്നത പോലെ)**

ജീവനുള്ളതായി, ചല-
നാത്മകമായ് സഭ നില്ക്കാൻ
അദ്ധ്യാത്മസംസ്ക്കാരം വേണം
അസ്തിവാരമായ്.

www.malankaralibrary.com



മാമൂൽ മട്ടിൽ കൂദാശകൾ,
ഞായർദിന കുർബാനകൾ;
ഇവമാത്രം നടത്തിയാ-
ലാവില്ലാത്മീയം.

വചനചിന്തകൾ വേണം,
വചനധ്യാനങ്ങൾ വേണം
വചനപ്രചാരണാർത്ഥം
യോഗങ്ങൾ വേണം.

സുവിശേഷ, മനാഗത-
ലക്ഷണങ്ങളെ അറിയിക്കാൻ
കടപ്പെട്ടോരല്ലേ നമ്മൾ
വല്ലതും ചെയ്തോ?

"വട്ടിപ്പണം", പള്ളിപ്പണം
ഓരോതരമവകാശം;
വചനത്തിൻ ചൈതന്യമോ
കുറഞ്ഞുപോയി!

വഴക്കായി, വക്കാണമായ്
കോടതിയിൽ കേസുമായി,
എത്രയെത്ര വർഷങ്ങളായ്
ജന്മം പോകുന്നു!

പണച്ചെലവിന്റെ കണ-
ക്കെടുത്താൽ നാം തളർന്നുപോം;
കണികാണാനില്ലിവിടെ
യേശുവിൻ ശാന്തി!





ദരിദ്രന്മാ,രനാഥന്മാർ
അവശൻമാർ, രോഗാതുരർ
ഇവർക്കല്പമാശ്വാസമാ-
യെന്തുചെയ്‌വൂ നാം?

ജീവകാരുണ്യപരമാം
പ്രവർത്തനമൊന്നുമില്ല;
പരസ്നേഹ സ്വഭാവവും
നമുക്കില്ലാതായ്!

എന്നിരിക്കെ, ക്രിസ്തുവിന്റെ
അനുഗാമി വർഗ്ഗമെന്ന്
ചൊന്നിടാമോ, നമുക്കെന്തു
മത ജീവിതം ?

ആത്മരക്ഷയെന്ന ചിന്ത-
യെവിടെയോ മറഞ്ഞുപോയ്;
ആകെയുള്ള നേട്ടം കുറെ
ദുർവാശി മാത്രം!

ആത്മീയത്തിൽ, ലൗകികത്തിൽ
എവിടെയും മനുഷ്യർക്ക്,
അവശ്യം വേണ്ടതു മനഃ-
സമാധാനം താൻ.

വഴക്കില്ലെന്നാകിൽത്തന്നെ
സഭ ജീവനുള്ളതാകാൻ
സന്യാസികളാകാൻ യുവ-
ജനങ്ങൾ വേണം

www.malankaralibrary.com



ലോകം, താതൻ, സഹോദരൻ
നാടും, വീടിത്യാദിവിട്ട്
യേശുവിന്നായ് വേല ചെയ്യാ-
നാളുകൾ വേണം.

കൽക്കട്ടായിൽ യുവാക്കളെ
പഠിപ്പിക്കാനെത്തിച്ചതിൽ
എം.എ. അച്ചനിത്തരമൊ-
രുദ്ദേശ്യം കാണാം.

പ്രത്യേകിച്ചും യുവതികൾ
സന്യാസവൃത്തിയിലായാൽ
ക്രിസ്തീയ ഗൃഹങ്ങൾക്കേറെ
നന്മയുണ്ടാകും.

ഭവന സന്ദർശനവും
ആതുര ശുശ്രൂഷകളും
സാമൂഹിക വേലകളും
അവർ നടത്തും.

നേർ വഴിക്കു നടക്കുവാൻ,
വീണുപോയോരെഴുന്നേല്ക്കാൻ
പെൺകിടാങ്ങൾക്കാത്മ ശക്തി
ഇവരേകിടും.

കലഹം പലവിധത്തിൽ
വളർന്നുവരികെയച്ചൻ
ചിന്തിച്ചേവം അനന്തരം
കർമ്മോത്സുകനായ്.





പ്രാർത്ഥിക്കണം, പ്രാർത്ഥിക്കണം
എവിടെയെങ്കിലും പോയി,
പ്രാർത്ഥിക്കണം, ധ്യാനിക്കണം
ശാന്തിനേടണം.

മലയിലോ, ഗുഹയിലോ,
വഴക്കൊഴിഞ്ഞോരിടത്ത്
"ദൈവരാജ്യത്തിന്റെ നീതി"
തേടിപ്പോകണം.

സെറാംപൂരിൽ ജോലിചെയ്കെ
ഇത്തരത്തിൽ ചിന്താശതം
മനസ്സിലൂടൊന്നൊന്നായി
കടന്നുപോയി....

## ബാരിസോൾ മഠം

**(നതോന്നത പോലെ)**

ഫാദർ പി.റ്റി. ഗീവർഗ്ഗീസിൻ
ഉപദേശങ്ങളും നല്ല-
മാതൃകയും ഉപാദാന-
കാരണമാകാം.

ഇതിനിടെയ,ഭിജാത-
കുടുംബത്തിൽപ്പെട്ട ചില
യുവതികൾക്കുണ്ടായ് വന്നു
ദൈവത്തിൻ വിളി,

www.malankaralibrary.com



സമർപ്പിത സഹജമാം
സന്യാസത്തിൻ ജീവിതത്താൽ
ദൈവത്തിനായ്, സഭയ്ക്കായി
സേവനം ചെയ്‌വാൻ.

എങ്കിലഹോ! കഷ്ടം! അന്ന്
യാക്കോബായ സഭ തന്നിൽ
നിലവിലി,ല്ലാവൃതിയും
മഠവുമൊന്നും.

എം.എ. അച്ചനിതിനെല്ലാം
വഴി കണ്ടുവച്ചിരുന്നു;
ബംഗാളിലേക്കർത്ഥിനികൾ
പോയതിവ്വിധം.

ആയിരത്തിത്തൊള്ളായിരം
പതിനഞ്ചും ചേർന്ന വർഷം
അഭൂതപ്രസ്ഥാനമൊന്നിൻ
ബീജാവാപമായ്!

അന്നവിടെ ബംഗാളിലെ
ബാരിസോളിൽ ഹൈചർച്ചിലെ
കന്യാസ്ത്രീകൾ കോൺവെന്റൊന്നു
നടത്തിപ്പോന്നു.

ഓക്സുഫോർഡു മിഷൻകാരിൽ
എപ്പിഫനി സിസ്റ്റേഴ്സത്രേ
ഇപ്പറഞ്ഞ മഠത്തിന്റെ
സുപ്രയോക്താക്കൾ





ഈഡിത്തെന്നു മദറിന്റെ
പേര്; കൂടെ ഹെലനെന്ന
കന്യാസ്ത്രീയും; ഇവർ രണ്ടും
മഹാമനസ്കർ!

മലയാളിയർത്ഥിനികൾ-
ക്കിടം നല്കി താമസിക്കാൻ,
പരിശീലനം കൊടുക്കാൻ
തയ്യാറുമായി.

ഫാദർ പി.റ്റി. ഗീവർഗ്ഗീസ്,
മദർ ഈഡിത്തിന്റെ സ്നേഹം,
ആദരമിത്യാദി കാലേ-
യാർജ്ജിച്ചിരുന്നു.

മിശിഹാനുകരണത്തിൻ-
മഠമൊന്നു സ്ത്രീകൾക്കായി
സ്ഥാപിക്കുവാനിങ്ങനച്ചൻ
തുടക്കമിട്ടു.

അഞ്ചുകൊല്ലം പിന്നിട്ടപ്പോൾ
നാട്ടിലിവരെ വരുത്തി,
അഞ്ചിതം ഗൃഹത്തിലാക്കി,
തിരുമൂലയിൽ

ഭാവം, രൂപം, വേഷമിവ
സന്യസ്തർക്കു ചേർന്നവിധം;
ഇനി വേണ്ടതൊന്നു മാത്രം,
വ്രതവാഗ്ദാനം

www.malankaralibrary.com



മെത്രന്റെ മുമ്പാകെ വേണം
അതു യാഥാർത്ഥ്യമാകുവാൻ
വീണ്ടുമഞ്ചുകൊല്ലം കൂടി
വേണ്ടി വന്നല്ലൊ!

സമർപ്പിതർ, പ്രതിഷ്ഠിത-
രായിത്തീർന്നു, അന്നു മുതൽ
അർത്ഥിനികൾ യഥാർത്ഥത്തിൽ
കന്യാസ്ത്രീകളായ്.

പുനരൈക്യം വന്നകാല-
മിവരെല്ലാം ബഥനിതൻ
സന്യാസിനീ സഭാ പ്രണേ-
താക്കളായ്ത്തീർന്നു.

മദർ ശൈനോ, മദർ ഹൂബോ
മദർ ദനഹാ ഇത്യാദി
മഹാസന്യാസിനികളെ
ആരു മറക്കും?

അവർ നേടിയെടുത്തതാം
നേട്ടമേറെ മഹ,ത്തെന്നാൽ
അവരുടെ പരിത്യാഗം
അവർണ്ണനീയം!





# തിരുമൂലപുരം സ്കൂൾ

**(നതോന്നത പോലെ)**

യാക്കോബായ സഭതന്നിൽ
മഠങ്ങൾ സ്ഥാപിക്കാനക്കാലം
വാണിരുന്ന വട്ടശ്ശേരി-
ത്തിരുമേനിക്ക്,

സമ്മതമാകാത്തതിനാൽ
ദുഃഖിതനായ് എം.എ. അച്ചൻ;
മനം കുളിർത്തതോ പിന്നെ
പുനരൈക്യത്തിൽ;

മലങ്കര കത്തോലിക്കാ-
സഭയിലൊട്ടേറെ മഠം
ഉയർന്നതു കണ്ടീ ധന്യൻ
നിർവൃതിക്കൊണ്ടു.

സമർപ്പിത സന്യാസിനീ-
ജീവിത സംസ്ക്കാരത്തിന്റെ
സമുജ്ജ്വല ഭാവഭംഗി
യാക്കോബായരിൽ

കാണായ് വന്നി,ല്ലീവിധത്തിൽ
പാരമ്പര്യവും, അതിനാൽ
വട്ടശ്ശേരി മെത്രാച്ചൻ നിഷ്-
ക്രിയനായതാം!

www.malankaralibrary.com



മഠങ്ങൾ സ്ഥാപിച്ചിടുവാൻ
"വകുപ്പില്ലെ"ന്നാകിൽ വേണ്ടാ;
വൈദികനെങ്കിലുമല്പം
വാശിയുണ്ടായി.

ബാലികമാരുയരുവാൻ
ആംഗലേയ സ്കൂളൊരെണ്ണം
സ്ഥാപിച്ചു കൃതാർത്ഥനായി
കഥാപുരുഷൻ.

പിൽക്കാലത്ത് തിരുമൂല
പ്രസിദ്ധിയിൽ വന്നു ചേർന്ന
ബാലികാ മഠം സ്കൂളിന്റെ
ഉദ്ഭവമേവം.

ബോർഡിംഗുമുണ്ടായി, നവ-
ബോധനത്തിനായി രണ്ടു
ആംഗലേയ വനിതകൾ
സന്നദ്ധരുമായ്.

മിസ്ഹോംസെന്നാണല്ലോ
പേരൊരാൾക്ക്, മറ്റവരെ
മിസ്ബ്രൂക്സ്മിത്തു മെന്ന്
വിളിച്ചിരുന്നു.

ആയിരത്തിത്തൊള്ളായിരം
ഇരുപതും ചേർന്നവർഷം
ആരംഭിച്ചോരീ സ്കൂളിന്റെ
ജീവാത്മാവായി





"എം.എ. അച്ച"നെന്ന ഫാദർ
പി.റ്റി. ഗീവറുഗ്ഗീസല്ലാതെ
മറ്റാരുമായിരുന്നില്ല;
ഇതു താൻ സത്യം.

പുനരൈക്യപ്രസ്ഥാനത്തി-
ന്നുപജ്ഞാതാവായ നാളിൽ
വിട്ടൊഴിഞ്ഞു നിർമ്മമനാ-
യീ വിദ്യാലയം.

കൈയ്യരികിലുള്ള മഠം
കൈവിടേണ്ടി വന്നതില്ല;
ആവൃതിയിലുള്ളോരെല്ലാം
പുനരൈക്യക്കാർ

എങ്കിലിടയ്ക്കിടെ പരി-
ശീലനം കൊടുക്കാനായി
വന്നിരുന്ന മദർ ഈഡിത്
വരാതെയായി.

അമ്മഹതി,ക്കഹിതമാ-
യിരുന്നല്ലൊ പുനരൈക്യം;
അദ്ഭുതം വേണ്ടിതി,ലവർ
പ്രോട്ടസ്റ്റന്റല്ലേ?

www.malankaralibrary.com



# തപോവന കാണ്ഡം

**(പാന പോലെ)**

എന്തിതിന്നർത്ഥ,മെന്താണിതിൻ ലക്ഷ്യം;
എന്തിതിൻനേട്ടമൊന്നുമറിഞ്ഞില്ല;
കൊച്ചുന്നാളിലേ സന്യാസതാൽപര്യം
കൊച്ചുകീവർച്ചന്നുള്ളിൽ മുളയിട്ടു.

യേശുവെപ്പോലെ, യോഹന്നാനെപ്പോലെ
വശികളാം പരിത്യാഗികളെപ്പോലെ,
നൈഷ്ഠിക ബ്രഹ്മചാരിയായ് ജീവിക്കാൻ
ഇഷ്ടമുള്ളിൽ നിലനിന്നവിരാമം,

അമ്മതന്നുദരത്തിൽ വച്ചേ, ദൈവം
യേരമ്യായെ വിളിച്ചതിന്റെ പൊരുൾ
ദൈവവിശ്വാസമുള്ളോർക്കറിവുള്ള
കേവലസത്യം മാത്രമെന്നോർക്ക നാം.

പർണ്ണശാല, ഗുരുവാം മഹാമുനി,
ശിഷ്യരാം പരിവ്രാജകവൃന്ദവും;
പിന്നവധൂതന്മാരുടെ സംഘവും
ഒന്നുചേർന്നുള്ളതത്രേ തപോവനം.

നിത്യമാചരിച്ചാലും മടുക്കാത്തോ-
രർത്ഥവത്താം യമനിയമാദികൾ,
ഭക്തിതൻ ശുഭസുന്ദരശാന്തിയിൽ
മുക്തി നല്കുന്നോരാശ്രമവാടവും!





എം.ഡിയിൽ, ദയറായിൽ ശെമ്മാശനായ്
ജീവിക്കെ, യതിജീവിതം ബോദ്ധ്യമായ്;
അച്ചനായപ്പോൾ കൂടുതൽ തീക്ഷ്ണമായ്
സ്വച്ഛസന്യാസജീവിതാന്തർദ്ദാഹം.

മാന്യതയും, മനഃസുഖവും നല്കും
കോളേജദ്ധ്യാപകന്റെ പദവിയും
വേതനധനസമ്പാദ്യഭാഗ്യവും
വേറെയൊട്ടേറെ സാമൂഹ്യബന്ധവും,

സർവ്വസംഗപരിത്യാഗജീവിത-
ശാന്തിതൻ മുമ്പിലർത്ഥമില്ലാത്തതായ്!
അപ്പോഴെന്തുകരണീയം, ഗീവർഗ്ഗീ-
സച്ചനു വേണം തീരുമാനം വേറെ.

ദീർഘനാളത്തേ ചിന്തയും, ധ്യാനവും
വ്യർത്ഥമായില്ല; സർവ്വം വെടിഞ്ഞഹോ,
നാട്ടിലേക്കു തിരിച്ചുപോന്നു, തന്റെ
കൂട്ടിനാരുമേയുണ്ടെന്നു നോക്കാതെ!

# മുണ്ടൻമല ആശ്രമം

ആശ്രമത്തിന്നു പറ്റിയൊരു സ്ഥലം
സ്വാശ്രയമായി ജീവിക്കാൻ നേടണം,
ഒട്ടേറെ ബുദ്ധിമുട്ടിയില്ല, ദൈവം
തക്കനേരം സഹായിച്ചിതദ്ഭുതം!

പേരുകേട്ട നിരണം ദേശത്തുള്ള
കേഴ്വികേട്ട തറവാ,ടിലഞ്ഞിക്കൽ,
അന്നത്തെ പ്രഭു ഇ.ജെ. ജോൺ വക്കീലിൻ
സന്മനസ്സിനു നന്ദി, നമസ്കാരം!

www.malankaralibrary.com



ഏക്കറു നൂറു ദാനമായ് നല്കി, പി-
ന്നേക്കറു പതിപ്പിച്ചൊരു മുന്നൂറ്;
കൂടുതലായും സർക്കാർ വക വന-
ഭൂമി തൊട്ടു കിടന്നതു ഭാഗ്യമായ്!

മാമ്മൻമാപ്പിള, കെ.കെ. ചെറിയാനും,
മാന്യന്മാരിതിലേറ്റം സഹായിച്ചു.
സർക്കാരിന്നാനുകൂല്യമുണ്ടാക്കുവാൻ
കെല്പുള്ളോരായിരുന്നീ പ്രമാണിമാർ.

വന്യഭൂമി പതിപ്പിച്ചെടുക്കുവാൻ
സർക്കാരിൽ പണം കെട്ടി വച്ചീടണം;
താതൻ, തോമ്മാപണിക്കർ രണ്ടായിരം-
രൂപ നല്കി; പരിഹാമുണ്ടായി.

എങ്കിലുമൊരുനാളുമീ ഭൂമിമേൽ
സ്വന്തക്കാർക്കവകാശമില്ലെന്നാക്കി;
ഈ വ്യവസ്ഥയ്ക്ക് മാറ്റമുണ്ടായില്ല,
പിന്നവിടമുപേക്ഷിച്ച കാലത്തും.

നാനാ ജാതി മൃഗങ്ങൾ വിഹരിക്കു-
മീ വനഭൂമിയേതെന്നറിയേണ്ടേ?
റാന്നിയിൽ, പെരുനാട്ടിലാണീ സ്ഥലം
പേരു ചൊന്നാലോ, മുണ്ടൻമലയെന്നും.

"ബഥനി"യെന്നൊരു പേരിലീയാശ്രമം,
പണിയും മുമ്പേ പ്രസിദ്ധിയും കൈവന്നു;
പരിചിതരുമപരിചിതരുമായ്
ഒരു കൂട്ടമാത്മശുദ്ധരവിടെത്തി.





താപസന്മാരായ് ജീവിച്ചു ദൈവത്തെ
സേവിച്ചീടുവാനെന്നതാണുദ്ദേശ്യം;
നമ്മുടെ മഹാത്യാഗിയിവരെയ-
ന്നന്തേവാസികളാക്കിയിടം നല്കി.

ഭാവിയിൽ ചിലരത്യന്ത ശ്രദ്ധേയ-
സേവനം ചെയ്തതോർക്കാം നമുക്കിപ്പോൾ;
പ്രേഷിതരംഗത്തൊട്ടേറെ കഷ്ടത
ഭൂഷണമായെടുത്തീവരേണ്യന്മാർ.

കാട്ടുകല്ലും തടിയും മലമ്പുല്ലും,
ഒട്ടുമേ കുറവില്ലാതെ കിട്ടുമ്പോൾ,
കെട്ടിടം പണിക്കെന്താവോ വൈഷമ്യം?
ഇഷ്ടമൊത്തരു തീർക്കാൻ കഴിഞ്ഞല്ലോ.

ആഹാരാദികൾക്കായി കൃഷി ചെയ്യാ-
നേവരും തയ്യാറായി സ്വമേധയാ,
എന്തെറിഞ്ഞാലും ആർത്തു വളരുന്ന
കന്നിമണ്ണാണ്; പിന്നെപ്പറയണോ?

മണ്ണുകൊണ്ടുള്ള ചട്ടിയിലാണഹോ!
പർണ്ണശാലയിലേവർക്കും ഭക്ഷണം;
വിശ്രമത്തിനും രാത്രി നിദ്രയ്ക്കുമായ്
മൺതറമാത്രമൊന്നുതാനാശ്രയം!

സസ്യഭുക്കായിരിക്കണം സന്യാസി!
ഭക്ഷണത്തിൻ പ്രകാരം സ്വഭാവവും;
ഈ അറിവാ,ണഹിംസയുമക്രമ-
രാഹിത്യാദി ഗുണങ്ങൾക്കുമാധാരം.

www.malankaralibrary.com



ആശ്രമത്തിലെ അംഗങ്ങളേവർക്കും
കാവികൊണ്ടുള്ള വസ്ത്രമേ പാടുള്ളൂ;
മണ്ണാണല്ലോ മനുഷ്യൻ, തിരിച്ചവൻ
മണ്ണിലേക്കത്രേ പോകുന്നതോർക്കണം.

ഒന്നുമില്ലാതെ വന്നു പിറന്നവൻ
ഒന്നുമില്ലാതെ തന്നെപോയീടണം;
സമ്പത്തെത്ര നിസ്സാരം, നിരർത്ഥകം!
സന്യാസി വിസ്മരിക്കരുതീ സത്യം.

ആർഷദർശനം തന്നെയിതിനെല്ലാം
ആധാരമായതെന്നേ പറയാവൂ;
കണ്ടിട്ടുണ്ടച്ചൻ ശാന്തിനികേതനം;
ടാഗോറിന്റെ പ്രശാന്തി നിലയവും.

ഗാന്ധിജിതൻ സബർമതി, ശ്രീരാമ-
കൃഷ്ണന്റെ, വിവേകാനന്ദന്റെയിടം;
ഒട്ടു സമ്പർക്കമുണ്ടായിവരുടെ
ഭാരതീയമാം സംസ്കാരവുമായി.

കണ്ടും കേട്ടുമിതുവിധം നേടിയ
സന്യാസത്തിന്റെ രൂപഭാവാദികൾ;
സർവ്വഥാ മിശിഹാനുകരണ സം-
പ്രാപ്തിക്കേറെ സഹായകമായേവം.





# ആശ്രമ ദിനചര്യ

ആശ്രമത്തിലെ ജീവിതത്തിന്നൊരു
ചിട്ടവേണം, ക്രമം വേണമെപ്പോഴും;
ഏവരും ദിനചര്യയനുസരി-
ച്ചാവണം നയിക്കേണ്ടതു ജീവിതം

രാവിലെയുണർന്നീടണം, നീഹാര-
സ്നാന കർമ്മങ്ങൾ ചെയ്തുതീർത്തീടണം
പിന്നെ ധ്യാനവും, പ്രാർത്ഥനയും ,ബലി-
യർപ്പണമുണ്ടെന്നാകിൽ ചേർന്നീടണം.

പ്രാതഃ ഭക്ഷണാനന്തരം കാർഷിക-
ജോലിയാകണമോരോയിനത്തിലും;
ഉച്ചനേരത്തും വൈകിട്ടും ഭക്ഷണം
കൂട്ടപ്രാർത്ഥനാനന്തരമാകണം.

രാത്രി നിദ്രയ്ക്ക് പോകുന്നതിൻമുമ്പേ,
രാത്രിയാമ നമസ്ക്കാരം ചൊല്ലണം
രാവിലെയുള്ള ധ്യാനത്തിനായച്ചൻ
നേരത്തേതരാം ചിന്താവിഷയങ്ങൾ.

ധ്യാനം, പ്രാർത്ഥന, വേദപ്രസംഗാദി
ആത്മീയകാര്യക്ലാസ്സുകൾ സൽഗുരു
എം.എ. അച്ചൻ നടത്തുമ്പോളർത്ഥികൾ
കൃത്യമായതിൽ പങ്കുചേർന്നീടണം.

www.malankaralibrary.com



അച്ചടക്കനിയമം പാലിക്കണം
സുപ്രധാനമായാശ്രമവാസികൾ;
ബാധകമാണിതോരോ സന്യാസിക്കും
ബ്രഹ്മചാര്യാവ്രതമുറപ്പിക്കുവാൻ.

അങ്ങനെ വ്യവസ്ഥാപിതമായല്ലൊ,
സന്യാസസംഘം മുണ്ടൻമല തന്നിൽ;
പില്ക്കാലം പുനരൈക്യപ്രസ്ഥാനത്തിൽ
ഒ.ഐ.സി. എന്ന പേരിൽ വിദിതമായ്.

\+ \+ \+ \+ \+

## ദളിത കാണ്ഡം

**(പാന പോലെ)**

ക്രിസ്തുവിന്നുണ്ടോ ജാതിവ്യത്യാസങ്ങൾ,
പതിതരെന്നോ, ദളിതരെന്നോ, കഷ്ടം!
ശമ്മര്യാക്കാരി, കാനാൻകാരി, റോമൻ-
സാമ്രാജ്യത്തിലെ സേനാപതിമുതൽ

കുഷ്ഠരോഗിക,ളന്ധ, രപസ്മാര-
ഗ്രസ്തരിങ്ങ,നവശരുമാർത്തരും,
ക്രിസ്തുവിൽ നിന്നും രക്ഷകിട്ടി; സർവ്വ-
ശക്തനാം ദൈവത്തിന്റെ മക്കളിവർ.

തൊട്ടുകൂടാത്തോർ, കണ്ടുകൂടാത്തവർ;
ഇഷ്ടമാവുകി,ല്ലേശുവിന്നീഭേദം;
വർണ്ണവർഗ്ഗ വിവേചനചിന്തക-
ളൊന്നുമില്ലാത്തോൻ, വന്ദ്യനീവൈദികൻ.





ദൈവം ചൊന്ന തിരുവചനം പോലെ-
ജീവിച്ചോരെല്ലാം കാട്ടിയതദ്ഭുതം:
നമ്മളെപ്പോലെ അന്യരെയും നമ്മൾ
സ്നേഹിക്കേണം പ്രവൃത്തിയോരോന്നിലും.

ആശ്രമമാരംഭിച്ച കാലംതൊട്ടേ
ആശ്രയം തേടി വന്നോരനാഥനെ,
ചേരമനാം ചെറുബാലനെ, തന്റെ
ചാരെ താമസിപ്പിച്ചാനീ സൽ ഗുരു.

"യാക്കോബെ"ന്ന പേരച്ചനവന്നേകി
ഭാഗ്യവാനിവനെന്നേ പറയേണ്ടു!
ഇമ്മട്ടിൽ നാഥനില്ലാതലഞ്ഞോരാം
കുട്ടികൾക്കച്ചൻ സംരക്ഷണം നല്കി.

ഭക്ഷണം കഴിക്കുന്നതിവർക്കൊപ്പം,
ശിക്ഷണം നല്കി നന്നായ് വളർത്തിനാൻ;
ഭക്ഷണമവർക്കേകുവാനിദ്ദേഹം
ഭിക്ഷയാചിക്കുവാനും തയ്യാറായി!

കാറപൂർവ്വ, മൊരാഡംബരവുമാ-
ണാകെ ദുർഗ്ഗമമത്രേ വഴികളും,
സഞ്ചരിക്കുവാൻ കിട്ടിയതാകട്ടെ
ഭാരം പേറും കഴുതയൊന്നു മാത്രം.

ക്രിസ്തുവിൽ വിശ്വസിച്ചു സമീപിച്ചോ-
രെത്രയെത്ര ദരിദ്ര ദളിതർക്കായ്,
ജ്ഞാനം നല്കി, സഭയ്ക്കു നവീനമാം
മാനം നല്കി, മുഖം നല്കിയിഗ്ഗുരു!

www.malankaralibrary.com



ഇത്തരമൊരു മിഷ്യൻ പ്രവർത്തനം
യാക്കോബായർ,ക്കചിന്ത്യമാണക്കാലം;
ക്രൈസ്തവർ സുറിയാനിമയനെന്നോ-
രാഢ്യവർണ്ണ വിചിന്തനം സാധുവോ?

കല്പനയാണു: ക്രിസ്തുവിൻ സദ്വാർത്ത
കെല്പോടെ ലോകമെങ്ങുമറിയിക്കാൻ;
നൂറ്റാണ്ടെത്തിയിരുപതായെങ്കിലും
കാറ്റിൽ പാറിപ്പറപ്പിച്ചീ ബോധനം!

തെറ്റിതു കണ്ടു ദുഃഖിച്ചു, ദർശനം-
മാറ്റി നേരേ വരുത്തുവാനീയച്ചൻ
സത്യസന്ധമാം പ്രേഷിതവൃത്തിയാൽ
ക്രിസ്തുവിൻ മതമെന്തെന്നു കാട്ടിനാൻ.

പിൽക്കാലം പുനരൈക്യപ്രസ്ഥാനത്തിൽ
തെക്കൻ നാട്ടിലനേകം ദളിതരെ,
ക്രിസ്തുമാർഗ്ഗത്തിലെത്തിച്ചു; വമ്പിച്ച
നേട്ടമിക്കൂട്ടർക്കുണ്ടായതുവഴി

വർണ്ണ വ്യത്യാസമെന്യേ പുനരൈക്യ-
പ്രസ്ഥാന പർണ്ണശാലയാം "പള്ളിയിൽ",
ആഢ്യക്രൈസ്തവർക്കൊപ്പമവകാശം-
ചാർത്തിവാങ്ങുന്നുണ്ടീക്കൂട്ടരേതിലും.

പുത്തൻ കൂറ്റുകാരായ സുറിയാനി-
ക്രിസ്ത്യാനി സമൂഹത്തി,ലതുല്യനാം
പ്രേഷിതനായ് ബഹുവിധാ രാജിച്ചു;
മെത്രാനായുമീ ആബോ ഈവാനിയോസ്.





### രണ്ടാം ഭാഗം

# പുനരൈക്യ കാണ്ഡം

### പൂർവ്വ ഭാഗം

### (മഞ്ജരി പോലെ)

പാത്രിയർക്കീസിനെ വേണ്ടെന്നിവിടാരും
തീർത്തും പറഞ്ഞിട്ടില്ലെന്നോർക്കണം.
ആത്മീയാധികാരം മാത്രം മതിയെങ്കിൽ
അന്ത്യോക്യൻ മേല്കോയ്മ സ്വീകരിക്കാം.

മെത്രാൻ കക്ഷിക്കുള്ള ന്യായവാദമിതു
ബാവാക്കക്ഷിക്കാരു സമ്മതിച്ചാൽ,
എന്നേക്കുമായിഹ കക്ഷിവഴക്കു തീർ-
ത്തന്യോന്യമൈക്യത്തിൽ മുന്നേറിടാം.

കാതോലിക്കോസിനെയംഗീകരിക്കുക;
അവ്വിധം തന്നെ മലങ്കരതൻ
മെത്രാപ്പോലീത്തായെ സ്വീകരിച്ചീടുക;
എത്ര ശുഭോദർക്കമീ വ്യവസ്ഥ!

സംഗതി മംഗളമായിക്കലാശിക്കു-
മെന്നുകരുതി പ്രതീക്ഷയോടെ,
കോളേജിലെ ജോലി സ്വീകരിച്ചു, വംഗ-
ദേശത്തുപോകയാ,യെമ്മേയച്ചൻ.

www.malankaralibrary.com



വർഷമൊരാറുകഴിയുന്നതിന്നകം
വ്യക്തമായ് വന്നൊരു തിക്തസത്യം:
കേസും വഴക്കുമൊരുകാലവും തീരാൻ
സാദ്ധ്യമല്ലെന്നായ് മലങ്കരയിൽ!

ഭഗ്നാശനായ്ത്തീർന്നോരേമ്മേയച്ച,നപ്പോൾ
എല്ലാമുപേക്ഷിച്ചു പോന്നു നാട്ടിൽ,
മുണ്ടൻമലയിലെ താപസനായതും
കണ്ടുവല്ലോ നമ്മൾ മുമ്പുതന്നെ.

എങ്ങനെയാണിനി ജീവിതത്തിൻ ഗതി?
ദർശനശൂന്യമിരുളിലേക്കോ;
വ്യക്തമായ പരിപാടികളില്ലാതെ
വ്യർത്ഥമായ്ത്തീരണോ തന്റെ ജന്മം?

മുണ്ടൻമലയിലെ സന്യാസ ജീവിതം
എന്തുകൊണ്ടും ധന്യമെന്നു ചൊല്ലാം;
എങ്കിലുമായതിനില്ലേ പരിമിതി;
എന്തതുകൊണ്ടു ജനങ്ങൾ നേടാൻ?

ഏതാനും പേർക്കു വിശുദ്ധരാകാം, സ്വർഗ്ഗ-
രാജ്യമയത്ന,മഭിഗമ്യമാം;
പക്ഷേ, വഴക്കിൽ മുഴുകിയാദ്ധ്യാത്മികം
നഷ്ടപ്പെടും ജനമെന്തുചെയ്യും?

പള്ളിക്കുകാവൽ കിടക്കുന്നതുകൊണ്ടു
പാരത്രികഭാഗ്യം കൈവരുമോ?
എത്രനാളിങ്ങനെ കേസു നടത്തിടും;
എത്രദൂരം ജനമിങ്ങനെ പോം?





ഏറ്റം ബൃഹത്തായ പദ്ധതിയൊന്നിനി
ഉറ്റവരൊത്തു ശരിയാക്കണം;
വമ്പിച്ചൊരു മാറ്റമുണ്ടാകണം, സഭ-
യമ്പേ, പുരോഗതി നേടീടണം!

ശക്തമാക്കേണം ബഥനി പ്രസ്ഥാനത്തെ
ഇക്കാര്യമേറെ പ്രധാനമത്രേ:
ഇന്നുള്ള പള്ളികൾക്കൊട്ടു സമാന്തരം
വേറെ വേറെ പള്ളിയുണ്ടാകണം.

ഭദ്രാസനത്തിന്റെ കീഴിൽ വരാ,തതു
സത്യസ്വതന്ത്രമായ് നിന്നിടേണം;
കേസിൽ പരാജയം വന്നാലീപള്ളികൾ
മെത്രാൻ കക്ഷിക്കാർക്കു സങ്കേതമാം.

ഭദ്രാസനമുക്തമായാലോ, പ്രസ്തുത
പള്ളികളെ കേസു ബാധിക്കില്ല;
മെത്രാൻ കക്ഷിക്കാർക്കു കൈവരും സർവ്വഥാ
മേൽക്കുമേൽ ക്ഷേമവും സ്വസ്ഥതയും.

ശാശ്വത ശാന്തിക്കു മറ്റൊരു പോംവഴി
അച്ചന്റെ ചിന്തയിൽ വന്നുദിച്ചു;
അപ്പസ്തോലിക പുരാതനമായൊരു
ക്രിസ്തുസഭയുമായ് ഐക്യമാക.

ഭൂരിപക്ഷം വരും മെത്രാൻ തിരുസംഘം
നേരത്തേ ചിന്തിച്ചതാണിക്കാര്യം;
വേണ്ടതു ചെയ്യുവാനച്ചനുമാത്രമായ്
നിർദ്ദേശം നല്കിയധികാരികൾ.

www.malankaralibrary.com



പക്ഷേ ഗതികേടു നോക്കണേ, താനാര്,
കേവലം വൈദികൻ മാത്രമല്ലേ?
മെത്രാനെക്കൊണ്ടേ നടക്കുന്ന കാര്യങ്ങൾ
അച്ചനു ചുമ്മാതെ സ്വപ്നം കാണാം!

### മാർ ഇവാനിയോസിന്റെ

## മെത്രാഭിഷേക കാണ്ഡം

**നിരണം :**

**(മഞ്ജരി പോലെ)**

അങ്ങനിരിക്കെയിതിനിടെയുണ്ടായി
മംഗലഭദ്രമൊരു സംഭവം;
മെത്രാൻ പദവി ബഥനിയിലെ പി.റ്റി
ഗീവർഗ്ഗീസച്ചനു നല്കുമെന്നായ്,

വട്ടശ്ശേരിൽ മെത്രാപ്പോലീത്തായും മറ്റു-
സുന്നഹദോസു പിതാക്കൻമാരും,
ഒന്നിച്ചെടുത്തു സഭയ്ക്കു ഗുണം ചെയ്യും
ഉന്നതമായൊരിത്തീരുമാനം.

മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായൊരു
പള്ളി നിരണത്തു കാണാമിന്നും;
മെയ് ഒന്നാം തീയതി, ആയിരവും പിന്നെ
തൊള്ളായിരത്തിയിരുപത്തഞ്ചും;

വർഷങ്ങളൊത്തു ചേർന്നുള്ളൊരു വേളയിൽ
ഇപ്പള്ളിയിൽ വച്ചു ദൈവവേഷ്ടത്താൽ
മെത്രാനായ്, ദിവ്യാഭിഷിക്തനായ് നമ്മുടെ
പി.റ്റി. ഗീവർഗ്ഗീസ്, ബഥനിയച്ചനൻ!





"ഈവാനിയോ"സെന്ന പേരിലാണിദ്ദേഹം
വാഴിക്കപ്പെട്ടതു, സ്വന്തയിഷ്ടം!
പില്ക്കാലമിപ്പേരു കേൾക്കുന്നവർക്കിതു
രോമാഞ്ചകഞ്ചുക ദായകമായ്.

മെത്രാനായ് തീർന്നപ്പോൾ സർവ്വകാര്യത്തിന്നും
ആസ്ഥാനമാക്കി തിരുവല്ലായെ;
ധ്യാനയോഗി, യിനി കർമ്മയോഗിയെന്ന
മാനനീയ സ്ഥാനം പ്രാപിക്കണം!

ഇങ്ങനെ ചിന്തിച്ചു കാര്യങ്ങളോരോന്നും
ഭംഗിയായ് കൊണ്ടുപോയ് കൊച്ചുമെത്രാൻ;
ആദ്യമായ് സുസ്ഥിര ശക്തമാക്കിത്തീർത്തു,
സന്യാസി സംഘം ബഥനിയെ താൻ.

അങ്ങോട്ടുമിങ്ങോട്ടും കാറ്റിലാടുന്നൊരു
ഞാങ്ങണയല്ലീ പുതിയ മെത്രാൻ;
സ്വന്തം കാലിൽ നില്ക്കാൻ കെല്പുകൊടുക്കുന്ന
വ്യക്തിത്വം മേൽപ്പട്ടം മൂലമുണ്ടായ്.

ക്രൈസ്തവ ദർശനം പ്രായോഗികമാക്കാൻ;
മിഷ്യൻ പ്രവർത്തനം നേരെയാക്കാൻ,
മെത്രാനിവാനിയോസോരോ പരിപാടി
സത്വരമാരംഭിച്ചങ്ങുമിങ്ങും.

പള്ളികൾ സ്ഥാപിച്ചു, പള്ളിക്കൂടങ്ങളും,
എല്ലാം ബഥനിതൻ പേരിലത്രേ;
മേലധികാരത്തിൽ വാണിരുന്നോർക്കിതു
ഭീതിപ്രദമായപോലെ തോന്നി!

www.malankaralibrary.com



അന്നുഭരിച്ചോരധികാരികൾക്കൊട്ടും
സമ്മതമായില്ലിവാനിയോസിൻ
പാടേ സ്വതന്ത്രമായുള്ള പ്രവർത്തനം;
പാടില്ലിതെന്നായി തീരുമാനം!

പള്ളികൾ മേലാൽ പണിയരുതെന്നുള്ള
കല്പനയുണ്ടായ് വിനാവിളംബം!
അപ്പോഴേക്കുമെന്നാൽ ശക്തമായ്, ഭദ്രമായ്
ക്ഷിപ്രം ബഥനി പ്രസ്ഥാനമെങ്ങും.

അങ്ങനിരിക്കവെ, മൂന്നാം കാതോലിക്കോസ്,
മാർഗ്രിഗോറിയോസ് നിരാണാധിപൻ,
മെത്രാപ്പോലീത്താ തൻ സ്ഥാനം ബഥനിതൻ-
മെത്രാനിവാനിയോസിന്നു നല്കി.

പിന്നെയും ചെയ്തൊരു ശ്രേഷ്ഠകാര്യം, പുണ്യ-
ധന്യനായോരീയാചാര്യവര്യൻ;
ആശ്രമവാസിയാം യാക്കോബു റമ്പാനെ
മെത്രാൻ തെയോഫിലോസായുയർത്തി.

സ്വന്തം "ബഥനി സമൂഹ"ത്തിൽ നിന്നൊരാൾ
തന്റെ കൂടെ സഭാസേവനാർത്ഥം,
കൈവന്നതിൽ ചരിതാർത്ഥനായ്ത്തീർന്നല്ലൊ,
കർമ്മധീരൻ മെത്രാൻ മാറിവാന്യോസ്.

സ്വന്തം ജനതയെ ദൈവിക ചൈതന്യം-
കൊണ്ടു നിറയ്ക്കാൻ മലങ്കരയിൽ,
ക്രിസ്തീയ കൺവൻഷനാരംഭിച്ചു; ജനം
ഭക്തിയിലേറെ വളർന്നിതിനാൽ.





ദൈവ വചനത്തിൻ പാരായണ,മതിൻ
ദിവ്യാമാം വ്യാഖ്യാന സൂക്തികളും,
ക്രിസ്തുമതത്തിന്റെ സ്വർഗ്ഗീയസംസ്ക്കാരം
വർദ്ധിതമാക്കുവാൻ കാരണമായ്.

വിത്തിൻ, വിത തന്നുപമയതുപോലെ
കർത്താവ് മർത്യരെയുദ്ധരിക്കാൻ
ചൊന്നൊരാഖ്യാനങ്ങളീ മെത്രാപ്പോലീത്താ
അന്നു പ്രസംഗവിഷയമാക്കി.

എങ്ങും പ്രസിദ്ധമായീ ധന്യമെത്രാന്റെ
മർമ്മ വചന പ്രഭാഷണങ്ങൾ;
തിങ്ങി നിറഞ്ഞു സദസ്സിൽ ജനലക്ഷം
ദിവ്യവചനപ്പൊരുൾ ശ്രവിക്കാൻ,

മദ്ധ്യ തിരുവിതാംകൂറിൽ, വിശ്വാസികൾ
ഉദ്ബുദ്ധരായ്ത്തീർ,ന്നനുഭവത്തിൽ-
കണ്ടതോടെ പുനരൈക്യത്തിലിക്കൂട്ടർ-
ക്കുണ്ടായതില്ലൊരു വൈമനസ്യം.

+ + + + +

www.malankaralibrary.com



# പുനരൈക്യാലോചന

**വട്ടിപ്പണം**

**(മഞ്ജരി പോലെ)**

വൈദിക വിദ്യാർത്ഥികൾക്കു സെമ്നാരിയിൽ
വന്നുപെടും ചെലവിന്നുവേണ്ടി,
ആരോ ചില പരസ്നേഹികൾ നല്കിയ
മൂലധനമത്രേ "വട്ടിപ്പണം".

ഇപ്പണത്തിന്റെ പലിശയ്ക്കവകാശി
ഏതുകക്ഷിക്കാ,രതാണു കേസ്;
ബാവാകക്ഷിക്കാരോ, മെത്രാൻ കക്ഷിക്കാരോ;
സാക്ഷാലധികാരി രണ്ടിലൊന്ന്.

മാറിവാനിയോസു മെത്രാനായ്, എന്നാലോ
വട്ടിപ്പണക്കേസു തോറ്റു നില്ക്കെ,
"റോമൻ കത്തോലിക്കാ"യെന്ന സഭയുമായ്
ഐക്യമഭികാമ്യമെന്നു കണ്ടു.

ഏതദ്വിഷയമായ് കത്തിടപാടുകൾ
വേണ്ടവിധം നടത്തീടുവാനായ്,
മാറിവാനിയോസിന്നേകി ചുമതല,
മെത്രാൻകക്ഷി സഭാ സുന്നഹദോസ്,

റോമിന്റെയന്തോക്യാ പാത്രിയർക്കീസായ
റെഹ്മാനിയുമായി മാറിവാന്യോസ്,
ബന്ധപ്പെട്ടെന്നാൽ, വിദഗ്ധോപദേശത്താൽ
പിന്തിരിഞ്ഞു വഴിവേറെ നോക്കി.





നേരിട്ടു കേന്ദ്രത്തിൽ മാർപ്പാപ്പായുമായി
കത്തിലൂടൈക്യവിചിന്തനമായ്,
റോമ്മായനുവദിച്ചേകി പുനരൈക്യം;
മെത്രാൻ കക്ഷിയ്ക്കിനി ഐക്യമാകാം.

റോമിന്റെ സമ്മതമെത്തിയ നേരത്ത്
താറുമാറായല്ലൊ സംഗതികൾ,
കേസു ജയിച്ചെന്നവാർത്തയുണ്ടായ്, പിന്നെ
മാറ്റിവച്ചു പുനരൈക്യകാര്യം!

എന്തൊരു സ്തംഭനം, മാറിവാന്യോസി-
ന്നെന്താണിനി കരണീയമെന്നായ്!
തട്ടിയുണർത്തിയിട്ടത്താഴമില്ലെന്ന-
മട്ടിലായ്ത്തീർന്നല്ലൊ സംഗതികൾ.

എത്ര മഹനീയനാണു റോമായിലെ
മാർപ്പാപ്പായെന്ന റീശ് പാത്രിയർക്കീസ്;
മദ്ധ്യവർത്തിയായി നിന്നതിന്റർനുൺഷ്യോ;
കർത്താവേ, ഞങ്ങൾക്ക് നാണക്കേടോ!

ചൂളിപ്പോകും ഞാനീ മാന്യരുടെ മുമ്പിൽ
കാളുന്നെന്നുള്ളത്തിൽ, തീ നൊമ്പരം.
വേണ്ടാത്തതൊന്നാണീ വാക്കുമാറ്റം; ഇനി
കണ്ടറിയേണം വരും കുഴപ്പം!

അത്രമേലാലോചിക്കാനിനിയെന്തുണ്ട്?
എത്രയോ വ്യക്തം വരും വിപത്ത്!
കേസിനിയുണ്ടാകും, കേസുതോറ്റെന്നാകാം;
വാശികൊണ്ടു ശാന്തി കൈവരുമോ?

www.malankaralibrary.com



ഭാവിയിൽ വീണ്ടും ഗതികേടു വന്നെന്നാൽ
റോമിലേയ്ക്കു നോക്കാനാവുമെന്നോ?
നമ്മോടവർക്കു പരമപുച്ഛമല്ലാ-
തൊന്നും തോന്നാനിടയില്ല സത്യം!

തെല്ലു നാം ചിന്തിച്ചാ, ലെന്തുഭാഗ്യം, നമ്മൾ
എങ്ങുമേ ചേരേണ്ട മറ്റു റീത്തിൽ;
നമ്മൾക്കായ് മാർപ്പാപ്പാ കല്പിച്ചു നൽകുന്നു,
ചെമ്മേ പുതിയൊരന്ത്യോക്യൻ റീത്ത്!

ആരാധനയ്ക്കു നമുക്കു സുറിയാനി-
ഭാഷയാകാമതുപോലെ തന്നെ,
പണ്ടുകാലം തൊട്ടേയന്ത്യോക്യയിൽ നില-
കൊണ്ട കുർബാന, കൂദാശകളും,

ഒന്നും കുറയാതെ, മാറ്റിമറിക്കാതെ
മാർപ്പാപ്പായെല്ലാം കനിഞ്ഞു നല്കി;
മറ്റേതു റീത്തുംപോൽ-നമ്മൾ സ്വതന്ത്രരായ്
പൈതൃകം കാത്തു മുന്നോട്ടു പോകാം.

എന്നിരിക്കെ, നമ്മളെന്തിനു നോക്കുന്നു-
പിന്നോക്ക,മായത് സൽബുദ്ധിയോ?
ഒന്നായിത്തീരുവാൻ കർത്താവു പ്രാർത്ഥിച്ച-
തൊന്നോർത്താലെത്ര മനോഹരമേ!

താനിനി പിന്നോട്ടില്ലെന്തുകൊണ്ടും, ദൈവം
തന്നെ സഹായിക്കും ഐക്യത്തിനായ്
മാതൃസഭയുമായ് ഐക്യത്തിലാകാതെ
മാറില്ല, ജീവിതം വേറെയില്ല.





കണ്ടുപോയാലാരും ഇല്ലമാക്കുന്നതും,
ചെണ്ടണി ലത്തീനിൽ റീത്തുള്ളതും,
കൊല്ലം ഭദ്രാസനമാണല്ലോ, ഇന്നതിൽ
സാരഥി,യാർച്ചു ബിഷപ്പു മഹാൻ,

ബൻസിഗറെന്ന പിതാവിന്റെ മുമ്പാകെ
സത്യപ്രതിജ്ഞ, പുനരൈക്യമായ്,
ഏറ്റുനടത്തുവാൻ തീരുമാനിച്ചു, മാർ-
ഈവാനിയോസ് യുഗാചാര്യധീരൻ.

## മുണ്ടൻമലയിറക്കം

**(ഓമനക്കുട്ടൻ പോലെ)**

ക്രിസ്തുവിലുള്ള സത്യവിശ്വാസം
കാത്തു ജീവിച്ചു പോകുവാൻ
കത്തോലിക്കാ സഭയുമായുള്ളോ-
രൈക്യമല്ലാതെ പോംവഴി,

മറ്റൊന്നും കാണുന്നില്ലെന്നുള്ളൊരു
വസ്തുതയാശ്രമസ്ഥർക്കായ്
മെത്രാപ്പോലീത്താ മാറിവാനിയോസ്
വ്യക്തമാക്കിയനന്തരം.

വന്ദ്യനാം ഗുരുഭൂതനുമായി-
ട്ടൊന്നു ചേർന്നഥ ജീവിക്കാൻ
തീരുമാനിച്ചു ഭൂരിപക്ഷവും
വേറൊന്നും നോക്കിയില്ലിവർ.

www.malankaralibrary.com



സ്വസ്ഥമായ്, സമാധാനമായൊന്നു-
പ്രാർത്ഥിക്കാൻ സാദ്ധ്യമല്ലെങ്കിൽ,
അർത്ഥമെന്താണീ ജീവിതത്തിന്!
സന്ന്യസ്തർ ചിന്തിച്ചീവിധം.

ബന്ധുരം, പുനരൈക്യമേവർക്കും
ശാന്തിതൻ സാക്ഷാൽക്കാരമായ്;
അന്ധമായ് ഗുരുഭൂതനെയിന്നു
പിന്തുടർന്നോരല്ലീശിഷ്യർ!

എങ്കിലോ, തന്റെ പിൻഗാമിയെന്നു
ശങ്കാപേതം നിരൂപിച്ചോൻ,
ശിഷ്യരിൽ മുമ്പനാക്കിവച്ചോര-
ലക്സിയോ,സച്ചൻ കഷ്ടമേ!

വേറിട്ടു നിന്നൂ റോമായുമായി
കൂറാകാൻ മനസ്സാകാതെ;
ഓർത്തഡോക്സു സഭയിൽ മുന്നേപ്പോൽ,
നില്ക്കുവാൻ തീരുമാനിച്ചു.

ശ്രേഷ്ഠനാം ഗുരുഭൂതനോടുള്ളോ-
രിഷ്ടവും ബഹുമാനവും,
ഉള്ളിലുണ്ടായിരുന്നിട്ടും മനം
എള്ളോളം മാറിയില്ലല്ലോ!

ഒന്നുമാരോടും ചൊന്നിടാതഹോ
ചെന്നുവീണു കിടക്കയിൽ!
പൊട്ടിപ്പൊട്ടിക്കരഞ്ഞു സ്നേഹത്തിൻ
പട്ടുനൂൽ പൊട്ടിപ്പോവതിൽ.





വീട്ടുകാരുടെ, കൂട്ടുകാരുടെ
സമ്മർദ്ദത്തിനീ സന്ന്യാസി,
മറ്റൊരു ഗതി കാണാതെ വഴി-
പ്പെട്ടതാണെന്നുമൂഹിക്കാം?

കാമ്യമാം പുനരൈക്യത്തിൽ നിന്നും
കാരണമൊന്നും നോക്കാതെ,
മാറിനില്ക്കുവാൻ സമ്മർദ്ദമുണ്ടായ്
മാറിവാനിയോസ് താതന്നും!

മെത്രാപ്പോലീത്താ വട്ടശ്ശേരിതൻ
ഉറ്റവൽസല ശിഷ്യനായ്,
എത്രയോ വർഷം ജീവിച്ചതാണീ-
ബന്ധമാർക്കുമറിഞ്ഞിടാം.

എങ്കിലും സത്യമാർഗ്ഗത്തിൽ നിന്നും
പിന്തിരിയാതെ മുന്നേറാൻ,
ഇത്തരം ബന്ധം തച്ചുപൊട്ടിച്ചു,
ശക്തനാം മാർ ഈവാനിയോസ്!

മെത്രാൻ സ്ഥാനം ലഭിച്ചലക്സിയോ-
സച്ചനു കാലം പോകവെ;
ബഥനിയാശ്രമം, ഭൂസ്വത്തെന്നിവ
കാക്കുവാനധികാരവും!

കാതോലിക്കോസെന്നുള്ളൊരുന്നത-
സ്ഥാനത്തിന്നു മാർ ഈവാന്യോസ്,
സർവഥാ യോഗ്യനായിരുന്നിട്ടും
സർവ്വവും ഉപേക്ഷിച്ചഹോ!

www.malankaralibrary.com



ധീരനിത്തിരുമേനിയാരു, തൻ-
ശിഷ്യനാ, രെന്തൊരന്തരം!
ഓക്കുപോൽ നില്ക്കും മാർ ഈവാനിയോസ്;
കാറ്റിലാടില്ലൊരിക്കലും!

## വിട വാങ്ങൽ

**(പാന പോലെ)**

ചിത്തനൊമ്പരമേറുന്ന വേർപാടിൽ
ചത്തപോലായി മുണ്ടൻ മലവാരം;
ആശ്രമസ്ഥലമൊന്നാകവേ മർത്ത്യ-
വാസമില്ലാത്ത ഭൂഭാഗം പോലെയായ്!

ഏതാനുമന്തേവാസികളാകട്ടെ,
മാറിനിന്നു വിഘടിതസംഘത്തിൽ
ഭൂരിപക്ഷവും പുണ്യപുനരൈക്യ-
തീർത്ഥയാത്രയ്ക്കൊരുമ്പെട്ടു നില്ക്കയായ്.

യാത്രാലക്ഷ്യമറി,യില്ലതുമൂലം
സ്വന്തമായിക്കരുതേണ്ടതൊക്കെയും,
സഞ്ചികളിലും മറ്റുമായ് ശേഖരി-
ച്ചഞ്ചാതാത്മബലത്തിലവർ നിന്നു.

അത്യാവശ്യമായ് വേണ്ടവയല്ലാതെ
മറ്റൊന്നും കരുതീടരുതെന്നത്രേ,
ആശ്രമാധിപൻ കല്പിച്ചതെന്നുള്ള
വസ്തുത വിസ്മരിക്കുവാനാകുമോ!





ആശ്രമ ശ്രേഷ്ഠനാചാര്യവര്യനെ
ആശ്രയിച്ചു നിലകൊണ്ടവർ, വേറേ
പർണ്ണശാലതൻ സങ്കേതം തേടുവാൻ
നിർണ്ണയിച്ചു മനസാ തയ്യാറായി.

എന്നെന്നേക്കുമായ് മുണ്ടൻമലയോടു
യാത്രചൊല്ലിയിറങ്ങിയൊരാദിനം,
ദുഃഖനിർഭരമല്ലെന്നു ചൊല്ലാമോ;
സ്വന്തം വീടിനികാണുവാനൊക്കുമോ!

ആയിരത്തിത്തൊള്ളായിരത്തോടുകൂ-
ടാണ്ടുമുപ്പതു കൂട്ടിയെടുക്കണം,
മാസമാഗ,സ്റ്റിരുപതാം തീയതി,
ആഴ്ചയോ ബുധൻ, യാത്രാദിനമിത്.

യാത്രയ്ക്കേവരും തയ്യാറായ് നിൽക്കുമ്പോൾ
പ്രാർത്ഥനയ്ക്കു വിളിച്ചു ഗുരുനാഥൻ;
ചാപ്പലിൽ വച്ചു ഗദ്ഗദകണ്ഠരായ്
ആബോയും സാധുശിഷ്യഗണങ്ങളും.

ഉൾവിളിയെന്തോ കേട്ടപോലെ തോന്നി
ഉത്തരക്ഷണം പിന്തിരിഞ്ഞാൻ ഗുരു;
ചെന്നലക്സിയോസച്ചന്നടുത്തേക്കായ്
ചൊന്നു വാത്സല്യപൂർവ്വം യാത്രാമൊഴി.

കൈയ്യിലെ വിലപ്പെട്ടതാം വാച്ചഴി-
ച്ചോർമ്മ വസ്തുവായ് തൻ ശിഷ്യനു നല്കി;
ശുശ്രൂഷിക്കുവാൻ താവളത്തിൽ ജോഷാ-
അച്ചനേയുമവിടാക്കിയാബൂനോ.

www.malankaralibrary.com



കട്ടിലിൻമേൽ കമഴ്ന്നുകിടന്നതി-
ഗദ്ഗദത്തിൽ കരഞ്ഞത,ല്ലാതച്ചൻ.
ഒന്നുമേ പറഞ്ഞില്ല, കഴിഞ്ഞില്ല,
തൻ മനസ്സിന്റെ വിക്ഷോഭം കാരണം.

പിന്നെ നിന്നില്ലവിടെയീയാചാര്യ-
നൊന്നുമില്ല തനിക്കിനി ചെയ്യുവാൻ
മുന്നോട്ടേക്കു നടന്നു, തൻ പിന്നിലോ
എണ്ണിയാലൊരിരുപതുപേർ മാത്രം!

ഓരോരോ ചെറു ഭാണ്ഡമല്ലാതൊന്നും
ഓരോരുത്തർക്കും കണ്ടില്ല കൈവശം;
ആരും പൊട്ടിക്കരഞ്ഞില്ലനന്തരം
നേരെ കാൽവച്ചിറങ്ങി മുണ്ടൻമല!

"എങ്ങോട്ടാണു നാം പോകുന്നതെ"ന്നൊരാൾ
ഒന്നു ചോദിക്കെ, ചൊന്നു മഹാമുനി:
"ദൈവമെല്ലാം മകനേ, നോക്കിക്കൊള്ളും"
പിന്നീടാരുമേ ചോദിച്ചതില്ലൊന്നും.

വന്യഭാവമകറ്റി, തനിക്കായി
സ്നേഹചൈതന്യം നല്കിയ മാമുനി,
എന്നന്നേക്കുമായ് വിട്ടുപോകുന്നതു
നിഷ്പന്ദം നോക്കിനിന്നു മുണ്ടൻമല!

കളകളം പാടിയില്ല കിളികുലം,
മധുരഗാനം മുരണ്ടില്ലളിവൃന്ദം,
അലയിളക്കാതൊഴുകിയരുവികൾ;
അടവിതൻ ജീവനറ്റപോൽ കാണായി!





പെരുനാടിന്നൊരുപേരും പെരുമയും
പെരിയോരാം മാറിവാനിയോസു വഴി,
കരഗതമായതെന്നും നിലനില്ക്കും,
പുനരൈക്യത്തിൻ മഹിതമാം വേദിയിൽ.

ദുഃഖമൊക്കെയകന്നു, പുനരൈക്യ-
സർഗ്ഗവൈഭവഭാവബലമോടെ
സർവ്വരും തീർത്ഥയാത്രയിലെന്നപോൽ
താഴെയാറ്റുകടവു് നോക്കി നീങ്ങി.

പമ്പയാറല്ലേ, സ്വച്ഛമൊഴുകുന്ന-
തെന്തുഭംഗി! യിപ്പുണ്യപുരുഷനെ
സ്വീകരിക്കാനൊരുങ്ങി നിൽക്കുന്നിതാ,
സൗഹൃദപൂർവ്വം വഞ്ചിത്രയവുമായ്

വള്ളങ്ങൾ മൂന്നും നീങ്ങി പിന്നീടവ-
എത്തി താഴെ വടശ്ശേരി തീരത്തായ്
ദീർഘവിസ്തൃതം കെട്ടുവള്ളമൊന്ന്
യാത്രയ്ക്കായി നിറുത്തിയിരുന്നഹോ!

അതുവഴി യാത്ര നീങ്ങവേ, റാന്നി തൻ
കടവിൽ വള്ളമടുപ്പിച്ചനന്തരം;
എത്തി വെണ്ണിക്കുളത്തു ബസ്സു വഴി
തല്ക്കാലം തത്ര താവളവുമാക്കി.

നേരം പിറ്റേന്നിരുണ്ടു വെളുത്തപ്പോൾ
നാടാകെ വാർത്ത പൊങ്ങിപ്പരന്നല്ലോ,
ബഥനിതൻ മെത്രാപ്പോലീത്തായീ നാട്ടിൽ
അധിവാസം ചെയ്യാനെത്തിയിതദ്ഭുതം!

www.malankaralibrary.com



കൂടെ, കൊച്ചുപിതാവു തെയോഫിലോസ്
പിന്നെയേതാനും സന്യാസിവൃന്ദവും
മുണ്ടൻമാമലവിട്ടു കത്തോലിക്കാ-
ബന്ധമാകുവാനെത്തിയതാണു പോൽ!

വാർത്തകേട്ടവിടെത്തിയനേകം പേർ
സത്യം, സ്നേഹാദരങ്ങളർപ്പിക്കുവാൻ
ജീവസന്ധാരണത്തിനു വേണ്ടുന്ന-
തേതാനുമൊക്കെ കൊണ്ടുവന്നു ചിലർ.

കൊല്ലം രൂപതാദ്ധ്യക്ഷനഭിവന്ദ്യ-
ബൻസിഗറുമാ,യാബൂനിവാനിയോസ്,
കത്തിടപാടിലൂടെ പുനരൈക്യ-
കർമ്മത്തിൻ ദിനനിശ്ചയവും ചെയ്തു.

## പുനരൈക്യം - കൊല്ലം

ആയിരത്തിത്തൊള്ളായിരത്തിമുപ്പ-
തായിരുന്നീ പുനരൈക്യത്തിൻ വർഷം;
സെപ്തംബർ മാസമെത്തിയിരുപതിൽ
സംഭവിച്ചീ മഹനീയമാം കർമ്മം.

രണ്ടുനാൾമുമ്പേ കൊല്ലമരമന
ച്ചാപ്പലിലെത്തി വന്ദ്യപിതാക്കൻമാർ;
ധ്യാനപ്രാർത്ഥനാശക്തിയാർജ്ജിക്കണം,
ദൈവാനുഗ്രഹം ഐക്യത്തിനുണ്ടാകാൻ.

തക്കനേരത്തു തന്നെയഭിവന്ദ്യ-
ബെൻസിഗർ തിരുമേനി തൻ മുമ്പാകെ,
സത്യവിശ്വാസം പ്രഖ്യാപിച്ചു രണ്ടു-
മെത്രാൻമാർ പുനരൈക്യത്തിലായേവം!





വൈകും മുമ്പേ തിരുസഭയിൽ ചേർന്നു
ഓമല്ലൂർ കുഴിനാപ്പുറം ജോണച്ചൻ;
അവ്വണ്ണമലക്സാണ്ടർ ശെമ്മാശനും,
മാനേജർ കിളിയില്ലം ചാക്കോച്ചനും.

മെത്രാനും, കൂടെയച്ചനും, ശെമ്മാശൻ,
ഐക്യമാകുവാനല്മായനും വന്നു;
പ്രാതിനിധ്യം സഭയ്ക്കിവ്വിധം; സർവ്വവും
മാറിവാന്യോസ് ദർശനവൈഭവം!

പിറ്റേന്നുതന്നെയർപ്പിച്ചു കുർബാന
ലത്തീൻ ചാപ്പലിൽ വന്ദ്യപതാക്കൻമാർ
മാതൃഭാഷ മലയാളത്തിൽ ബലി;
കണ്ടു നിന്നവർക്കുണ്ടായി വിസ്മയം!

ബൻസിഗർ തിരുമേനിക്കു പോലുമീ-
സംഗതിയുതപ്പുണ്ടാക്കിയന്നേരം;
“പൂജ” സംസാരഭാഷയിൽ ചൊല്ലിയാൽ
പൂജയാവില്ലെ,ന്നെന്തൊരു മൗഢ്യമോ!

അന്നു കുർബാന തീർന്നതിനുശേഷം
യാത്രയായി തൻ വീടുനോക്കിയാബോ;
മാവേലിക്കര മുമ്പെന്നോ തീർത്താം
ഓലപ്പള്ളിയിലുൾക്കുളിരോടെത്തി.

അവിടെവച്ചു തിരുസഭയിൽച്ചേർത്തു,
തൻ പിതാവിനെ, മാതാവിനോടൊപ്പം!
തൻ തറവാട്ടിൽപ്പെട്ട ചിലരേയും
തടസം കൂടാതെ ചേർത്തു സഭയിങ്കൽ.

www.malankaralibrary.com



പിന്നിടയ്ക്കെങ്ങും തങ്ങാ, തുടൻ തന്നെ
നേരെയെത്തി തിരുമൂല ഭാഗത്ത്;
ഐക്യത്തിൽ വന്നവിടെവച്ചദ്ദിനം
ചേപ്പാട്ടും പുലിക്കോട്ടും റമ്പാച്ചന്മാർ.

പിന്നിരുപത്തിരണ്ടിൽ, സെപ്റ്റംബറിൽ
കന്യകാസ്ത്രീകൾ പത്തുപേരൊന്നാകെ,
കന്യാതുല്യ പുതുപ്പള്ളി മാർത്തയും
ആത്മഹർഷത്തിൽ സത്യസഭയിലായ്.

പഠനകാര്യപരിമിതികാരണം
വ്രതമെടുത്തില്ല മാർത്തയെന്നാലെന്തേ?
ദേവകന്യപോലിന്നു വാർദ്ധക്യത്തിലും
ബഥനിതന്നിൽ, നാലാഞ്ചിറ മേവുന്നു!

കന്യകാസ്ത്രീകളാരെയുമിത്തവ്വിൽ
നിർബ്ബന്ധിച്ചതില്ലൈക്യത്തിലാകുവാൻ;
തീരുമാനമെടുക്കുവാൻ സ്വാതന്ത്ര്യം
താതനേകിയവർക്കായതിവ്വിധം:

കത്തോലിക്കാ സഭാംഗമായിടുവാൻ
സമ്മതമാണെന്നോരോ കന്യാസ്ത്രീയും
ഒപ്പിട്ടു തനിക്കേകണമെന്നായി,
സത്യസന്ധനാമീവരേണ്യ ഗുരു.

അവ്വിധമവർ ചെയ്തതിൽ സംതൃപ്തി
വന്ദ്യനാം തിരുമേനിക്കുമുണ്ടായി;
തന്റെ മേലാർക്കുമെന്തെങ്കിലും കുറ്റം
ബന്ധപ്പിപിക്കുവാനില്ലെന്നതേ സത്യം.





കാര്യം മംഗളമായി നടന്നതി-
ലേവർക്കും കൈവന്നത്യന്ത സന്തോഷം!
എങ്കിലും മദർ ശൈനോ കുടിച്ചതോ,
ആത്മസംഘർഷ ദുഃഖത്തിൻ കൈപ്പുനീർ!

ചൊല്ലാർന്ന മൂക്കംചേരികുടുംബത്തിൽ-
നിന്നുവന്നവരാണു മദർ ശൈനോ;
വൈരുദ്ധ്യാത്മക ചേരിയിൽപ്പെട്ടതാം
രണ്ടുപേരാണിവർക്കു സഹോദരർ

പില്ക്കാലം മെത്രാനായൊരെംപി പത്രോസ്;
യുക്തിവാദിയായ് തീർന്നൊരെംപി വർക്കി;
ഒറ്റക്കാര്യത്തിൽ യോജിപ്പിവർക്കുണ്ടായ്;
ഉറ്റവൾ പുനരൈക്യത്തിൽ കൂടേണ്ടാ.

നേരത്തേയെതിർ നിന്നിവർ, സോദരി
സന്യസിക്കുവാൻ പോയതുകാരണം;
കത്തോലിക്കാ സഭാംഗമാകുന്നതിൽ
സോദരർക്കിപ്പോൾ രോഷമനല്പമായ്!

ഒരു വഴി സ്വന്തക്കാരുടെ സമ്മർദ്ദം,
മറുവഴിയുള്ളിൽ ദൈവത്തിന്റെ വിളി;
പോർക്കളമായി പാവം മദറിന്റെ-
സമനില തെറ്റിപ്പോകുന്ന മട്ടായി;

തീക്ഷ്ണമായ് മദർ പ്രാർത്ഥിച്ചതിൻ ഫലം
ലബ്ധമായൊരു നിശ്ചയം കൈക്കൊള്ളാൻ;
സദ്ഗുരു മാറിവാനിയോസ് കാട്ടിയ
സ്വർഗ്ഗീയ മാർഗ്ഗമൊന്നേയിനി ഗതി!

www.malankaralibrary.com



ആശ്രമക്കാരനുഗാമികളെല്ലാം
ഐക്യമാർന്നതിരുപത്തിമൂന്നാം നാൾ
ശ്രേഷ്ഠനാം തിരുമേനി വെണ്ണിക്കുളം-
നാട്ടിലെത്തി നടത്തിയീ സൽക്കർമ്മം.

# പുനരൈക്യം

### ഉത്തര കാണ്ഡം

## മാർപാപ്പായുടെ സ്വാഗതം

**(ഓമനക്കുട്ടൻ പോലെ)**

ബഥനി മെത്രാനും സംഘവും തിരു-
സഭയിൽച്ചേർന്നതറിഞ്ഞപ്പോൾ
ധന്യമാം സ്തുതിക്കർഹനാംപതി
നൊന്നാം പീയുസു മാർപാപ്പാ,

അത്യധികമാം തന്റെ സന്തോഷം
സ്തുത്യനാം വന്ദ്യതാതന്നായ്
കേബിൾമാർഗ്ഗമറിയിച്ചാനേവം;
"സ്വാഗതം! എന്നും സ്വാഗതം"!

ക്രിസ്തുവിന്റെ ശരീരമാകുന്ന
ശുദ്ധസത്തൈക്യ സഭയുടെ
തലവനായിന്നീ ദൃശ്യലോകത്തിൽ,
ധർമ്മശക്തി പ്രതീകമായ്,

അക്ഷയ ശോഭയോടെ വാഴും വി-
ശുദ്ധനാം താതൻ മാർപാപ്പാ,
ഇത്തലമുറ തന്നിലാർക്കുമേ
ഇത്തരമൊരു സ്വാഗതം





നല്കിയിട്ടില്ലതോർക്കുന്തോറുമേ
നന്മധുവിന്റെ സ്വാദൂറും;
അന്ത്യോക്യൻ റീത്തിൽപ്പെട്ടവർക്കുള്ള
സന്തോഷമാരളക്കുമോ!

ഇപ്പുനരൈക്യ വാർത്തയാൽ ലോകം
ശ്രദ്ധി,ച്ചാരീ മഹാനെന്ന്;
"മാറിവാനിയോ"സെന്നൊരു നാമം
ലോകമെങ്ങും പ്രസിദ്ധമായ്!

ശക്തിയോടെ വളർന്നതാം പഴേ-
കൂറ്റിലെ വന്ദ്യമെത്രാന്മാർ
സന്തോഷിച്ചാളുമർത്ഥവും നല്കി;
ലത്തീൻ റീത്തു ബിഷപ്പന്മാരും.

പേരെടുത്തു പറഞ്ഞുവെന്നാലോ
മാറഗസ്തീനോസ് കണ്ടത്തിൽ;
കാളാശ്ശേരിയിൽ മാർ ജെയിംസുമ-
ന്നേറെത്താങ്ങും തണലുമായ്.

നന്ദിയോടോർക്കാം പ്രത്യേകിച്ചുമീ
വന്ദ്യരായ പിതാക്കളെ;
ദീർഘദർശികളെന്നപോലൈക്യ-
മാർഗ്ഗത്തിൻ ശുഭ ദർശകർ.

ആസ്ഥാനം തലസ്ഥാനമാകണം,
ഐക്യപ്രസ്ഥാനം മുന്നേറാൻ.
മാറിവാനിയോസിന്നീദർശനം
ഏകി താതൻ മാർ കണ്ടത്തിൽ

www.malankaralibrary.com



ഇന്നതിൻ ഫലം കണ്ടു നാം, എത്ര-
സുന്ദരമോരോ ദൃശ്യങ്ങൾ!
അഞ്ജലി കൂപ്പി നിന്നിടും നമ്മൾ
ഇന്നിത്താതരെയോർക്കുമ്പോൾ!

തത്ക്കാലം തന്റെയാസ്ഥാനം വെണ്ണി-
ക്കുളമെന്ന ദേശത്താകട്ടെ.
പിന്നെ, രൂപതയെങ്ങന്ന് റോമ്മാ
നിർണ്ണയിക്കുമ്പോളവിടാകാം.

ഇങ്ങനെ ചിന്തിച്ചാബൂനോ വാങ്ങി
പാർപ്പിടഭൂമി നാലേക്കർ.
സന്ന്യാസാശ്രമം, അർത്ഥിസങ്കേതം
അതിഥി മന്ദിര മിവയെല്ലാം;

ഓരോന്നും ഏഴു മുറികൾ വീതമായ്
പണിതു തീർത്തതിവേഗത്തിൽ,
പ്രാർത്ഥനാലയമെല്ലാവർക്കുമായ്
പ്രത്യേകം തീർക്കാൻ ശ്രദ്ധിച്ചു.

മുമ്പു മുണ്ടൻമലയിലെന്നപോൽ
ഇന്നിവിടെ പണിതതും
കാട്ടുകല്ലുകൊണ്ടെങ്കിലും, പുല്ല്
മാറ്റി മേച്ചിലിന്നോലയായ്.

ഓലയും കമ്പും കൊണ്ടോരോ മുറി
വേറെ വേറെ തിരിച്ചതിൽ;
കെട്ടിടത്തറതല്ലി, ചാണകം
മെഴുകി നാട്ടിലെ രീതിയിൽ





കൂടെ മുണ്ടൻ മലയതിൽ നിന്നു
കൊണ്ടുവന്നോരനാഥർക്കും,
പാർപ്പിടം ശരിയാക്കി; ബാലകർ-
ദളിതരായിരുന്നേറെപ്പേർ.

\+ \+ \+ \+ \+

കുരുശില്ലാതുണ്ടോ മകുടം, പുഷ്പത്തി-
ന്നടിയിൽ കാണില്ലേ മുള്ളുകൾ;
ഇതുപോലെ മാറിവാനിയോസിന്നും
അനുഭവം വന്നു പലവിധം;

പ്രതിബന്ധങ്ങളെതിർപ്പുകളായി
പലരൂപം പൂണ്ടു, വിറകൊണ്ടു;
എണ്ണിയാൽ തീരില്ലവയെല്ലാമിഹ
പറയുവാൻ പണി വിശദമായ്.

നേരത്തെ സമുദായത്തിൽ നിന്നും
ഒഴുകി വന്ന സഹായങ്ങൾ;
ധനമായും പല വിഭവങ്ങളായും;
പുനരൈക്യത്തോടെ നിന്നുപോയ്!

ജീവസന്ധാരണത്തിനു മാർഗ്ഗം
കണ്ടില്ലാശ്രമവാസികൾ;
ഇതുമൂലം വന്ന ക്ലേശഭാരങ്ങൾ
പറയായതല്ലെന്നറിയണം.

സഭയുടെ കുലശൈലമായ് കണ്ട
ബഥനി തൻ പൊന്നു തിരുമേനി,
സമുദായം വിട്ടുപോയതിലുള്ള
കദനം വൈരാഗ്യരൂപമായ്!

www.malankaralibrary.com



അക്ഷരാർത്ഥത്തിൽ കല്ലേറുണ്ടായി;
ആക്ഷേപത്തിന്റെ കല്ലേറും.
മാറിവാനിയോസ് സഞ്ചരിക്കുമ്പോൾ
എങ്ങുമേ മരണക്കെണി!

മെത്രാൻമാർപോലും പിന്നിലായില്ല,
വ്യർത്ഥമാമെതിർപ്പുണ്ടാക്കാൻ;
വട്ടശ്ശേരിയിൽ നിന്നുപോലുമേ
ഭ്രഷ്ടു കല്പനയുണ്ടായി!

ശത്രുവൃന്ദമയച്ചു റോമിനും
ഇന്റർനൂൺഷ്യോയ്ക്കും പെറ്റീഷൻ
എല്ലാമോരോരോ കുറ്റങ്ങൾ, ചില
ബാലിശമാകും തെറ്റുകൾ!

അപ്പസ്തോല പുരാതന മുഖ്യ-
സത്യമാതൃസഭ തന്നിൽ
മാറിവാനിയോസു ചേർന്നതു റോമ്മാ
ദോഷമായിക്കരുതുമോ!

മുമ്പുനിന്ന സഭയിലെ ധന-
മൊന്നും കൂടാതുയർത്തിയ,
ബഥനിപ്പള്ളികളേറെയില്ലവ
സ്വന്തം കാശിനാൽ തീർത്തതേ.

കോൽക്കോത്തായിലെ മിത്രമായൊരു
സായിപ്പും, നാട്ടിൽ താതനും
തന്നരൂപായുമുണ്ടല്ലോ മുണ്ടൻ-
മലയിൽ ഭൂമി വാങ്ങിച്ചതിൽ.





ഉള്ളതെല്ലാമുപേക്ഷിച്ചു കൈയ്യി-
ലൊന്നുമില്ലാതെ പോന്നല്ലോ;
പിന്നെന്താണു "കവർന്ന", തിത്യാഗി;
പുല്ലുപോൽ പണം കാണുന്നോൻ!

യാതൊരു പ്രതിബന്ധവും തിരു-
മേനിയെ കീഴ്പ്പെടുത്തുവാൻ;
ശക്യമായില്ല, മുന്നോക്കം നീങ്ങി
കർമ്മധീരനിവാനിയോസ്!

ഒറ്റക്കന്യാസ്ത്രിപോലും പോയില്ല
തിരികെ യോർത്തഡോക്സ് സഭതന്നിൽ
അവരൊന്നായ് നിന്നു പുനരൈക്യവൃക്ഷ-
ത്തണലതിൽ, തിരുമൂലയിൽ.

അദ്ധ്യാപകരായി ബാലികാമഠ-
സ്കൂളിൽ ജോലി തുടർന്നിടാൻ
സാദ്ധ്യമല്ലാതെ വന്നതിൽ മാത്രം
ദുഃഖം തെല്ലവർക്കുണ്ടായി.

പള്ളിക്കൂടത്തിൻ കർത്തൃത്വം ഭൂരി-
പക്ഷക്കാർ, ഓർത്തഡോക്സുകാർ
കൈവശമാക്കി,യമ്മട്ടിൽ മഠം
പുനരൈക്യം പുൽകി നിന്നോരും!

കന്യാസ്ത്രീകൾ തൻ ദുഃഖം തീർക്കുവാൻ
മേക്കു, നങ്ങ്യാർകുളങ്ങര
തിരുമൂലതന്നിലെന്നപോലൊരു
ബാലികാമഠം സ്ഥാപിച്ചു.

www.malankaralibrary.com



നേതൃത്വം നല്കി, ചേപ്പാട്ടേ,വന്ദ്യ
പീലിപ്പോസെന്ന റമ്പാച്ചനൻ
പണിയിപ്പിച്ചതോ തിരുമേനി തന്റെ
അനുജൻ, മത്തായ്പണിക്കരും.

## പാശ്ചാത്യപര്യടന കാണ്ഡം

**ഓട്ടംതുള്ളൽ പോലെ**

കേവലമായൊരു മട്ടിലുദിച്ചോ-
രാശയമല്ലതു, കർത്തവ്യം താൻ;
തനിക്കു സ്വാഗതമേകിയ പാവന-
മാർപാപ്പയെ കണ്ടേ തീരൂ.

അവിടെച്ചെന്നാൽ കാട്ടേണം തൻ
സ്നേഹാദരവും നന്ദിയുമെല്ലാം;
ഇതുപോലുണ്ടോ, വലിയൊരു മനസ്സി-
ന്നുടമ, മഹാൻ പതിനൊന്നാം പീയൂസ്!

വീടും കൂടുമുപേക്ഷിച്ചേ പോയ്
വിവരം കെട്ടൊരു "മുടിവിൻ പുത്രൻ";
എന്നാൽ താതനുദാരത കാട്ടി;
അതുപോലെത്രേയീ മാർപാപ്പാ!

മാർപാപ്പായെ കണ്ടുകഴിഞ്ഞാൽ
അയർലണ്ടിൽച്ചെന്നെത്തീടേണം;
ലോകം മുഴുവനുമൊന്നായ്ച്ചേർന്നു
കൊണ്ടാടുന്നു സഭാ വിശ്വാസം.





ദിവ്യമഹാകാരുണ്യത്തിന്നുടെ
കോൺഗ്രസ് ഡബ്ലിനിലാഘോഷിപ്പൂ;
സത്യം, മധുരം, സുന്ദരമല്ലോ,
സ്വർഗ്ഗമിറങ്ങിയ പോലീവേള;

നാട്ടിൽ തന്റെയഭാവത്തിൽ പുന-
രൈക്യ പ്രസ്ഥാനത്തെ നയിക്കാൻ
വേണ്ടതു പലതിവിടേർപ്പാടാക്കാൻ
ആരംഭിച്ചാനിത്തിരുമേനി.

ദൈവനിയോഗം പോലെ മനസ്സിൽ
എതോ പദ്ധതി മുൻകൂർ കണ്ടു;
പ്രാവർത്തികമായ് തീർക്കാൻ നടപടി
കൈക്കൊണ്ടാനീ വന്ദ്യപിതാവ്.

വാടക നല്കി തലസ്ഥാനത്ത്
വീടെടുത്തഥ കുന്നിൻകുഴിയിൽ
ജോഷ്വാ, ബർസ്ലീബായെന്നീര-
ണ്ടച്ചന്മാരെ പാർപ്പിച്ചവിടെ.

തിരുവല്ലായിലുമിങ്ങനൊരെണ്ണം
തേയോഫിലോസ് തിരുമേനിക്കും;
പുലിക്കോട്ടേയും ചേപ്പാട്ടേയും
റമ്പാന്മാരെ തിരുമൂലയിലും.

ദ്വിഭാഷിപോലൊരു കൈയ്യാളായി.
എസ്.ബി. കോളേജ് വിട്ടൊരു ഫാദർ
സി.കെ. മറ്റം സ്വീകൃതനായി;
ലത്തീൻ ജ്ഞാനം ഗുണകരമാകാം?

www.malankaralibrary.com



മുപ്പതുരണ്ടിൽ ഏപ്രിൽ പത്തിൽ
കപ്പൽ മാർഗ്ഗം യാത്രതിരിക്കാൻ
എല്ലാം തയ്യാറായി വരുമ്പോൾ
വലിയൊരു തടസ്സ ദുരിതം വന്നു.

മാവേലിക്കരെ വാണാച്ചിറയിൽ
ദേവാലയമതിലെന്തോ പ്രശ്നം,
ക്രിമിനൽ കേസൊന്നുണ്ടായതിലെ
ഒന്നാം സാക്ഷി നമ്മുടെ താതൻ;

സമൻസു രണ്ടാം തവണയുമാളെ
കാണാതങ്ങു മടങ്ങിയ നേരം,
കോടതി തന്നിൽ നിന്നുമയച്ചോ-
രറസ്റ്റുവാറണ്ടെത്തുകയുണ്ടായ്.

മാർപാപ്പയെ കാണുന്നേരം
പുനരൈക്യത്തിനു നേട്ടം പലതും
കൈവന്നേക്കാമതു തടയേണം;
ഇങ്ങനെ വൈരികളുന്നം വച്ചു.

എങ്ങനെയും തടയേണം യാത്ര;
മങ്ങലിലാക്കണമിപ്പുനരൈക്യം.
ഇക്കെണി പക്ഷേ താതൻ പൊട്ടി-
ച്ചക്കരയെത്തിയതദ്ഭുതമല്ലേ?

അറസ്റ്റുവാറണ്ടെത്തുന്നതിനുടെ
"കൊനഷ്ടു" വിവരം കിട്ടിയനേരം,
എതിരാളികളുടെ കണ്ണുകൾ വെട്ടി-
ച്ചതിർത്തി വിട്ടു മഹിതൻ താതൻ.





മേളം പൊലെ ഇന്നു നടക്കും
"മേളം" ബിസിനസ് സ്ഥാപകനാകും,
മേളാംപറമ്പിലെഴുന്നൊരു മാന്യൻ
ഉമ്മച്ചൻ തൻ ശകടം ശരണം!

ഈയൊരു കാറിനു കേടായപ്പോൾ
രൂപത കോട്ടയമതിനുടെ നാഥൻ,
മെത്രാൻ ചൂളപ്പറമ്പിലാഖ്യൻ
മിത്രം താനാണെന്നതു കാട്ടി!

തന്നുടെ കാറുകൊടുത്താരാവിൽ
അങ്ങനെ താതനതിർത്തികടന്നു
ഭാഗ്യവശാലൊരു ട്രെയിനും കിട്ടി!
സുഖമായ് തന്നെ ബോംബയിലെത്തി.

റോമ്മാപുരിയിൽ എത്തിച്ചേരാൻ
മനവും തനുവും കൊതി തുള്ളുമ്പോൾ
ചങ്കുതകർക്കും വാർത്തയൊരെണ്ണം
വന്നഥ തന്നുടെ വീട്ടിൽ നിന്നും!

സ്നേഹത്തിൻ നിധി പ്രിയ മാതാവ്
ലോകം വിട്ടു പിരിഞ്ഞന്നേക്കും!
ദുഃഖം താങ്ങിയതെങ്ങനെ താതൻ,
സത്യം ചൊന്നാലറിയില്ലാർക്കും!

ദുഃഖം വർദ്ധിതമായിത്തീരാൻ
പ്രത്യേകിച്ചൊരു കാരണമുണ്ടായ്;
മാതാവിൻ മൃതദേഹം പോലും
കാണുക സാദ്ധ്യമതല്ലെന്നായി!

www.malankaralibrary.com



നാട്ടിൽ ചെന്നാലറസ്റ്റിലാക്കും;
വാറണ്ടില്ലാതായില്ലല്ലോ;
റോമ്മായാത്ര മുടങ്ങിപ്പോകും,
പദ്ധതിയെല്ലാം പാളിപ്പോകും!

ദൈവഹിതത്തിന്നെതിരായ് ത്തീരും,
സ്വന്തം കാര്യം നോക്കിപ്പോയാൽ,
കാണേണ്ടമ്മയെ മൃതിയിൽ പോലും
ദുഃഖക്കാസാ പാനം ചെയ്യാം!

നിശ്ചയമിങ്ങനെടുത്താൻ ദൈവ-
നിശ്ചയമൊന്നേ സ്വീകാര്യമിനി!
പയ്യെ പയ്യെ മറക്കാൻ നോക്കി,
ദുഃഖത്തിൻ പരിഹാരമിതല്ലോ.

ബോംബയിൽ നിന്നും യാത്രതിരിക്കെ-
യേഴാംനാളിൽ റോമിലുമെത്തി;
സന്ന്യാസാശ്രമമൊന്നിൽ വന്ദ്യ-
തിരുമേനിക്കും മറ്റത്തിനുമായ്,

കാലേ താമസസൗകര്യങ്ങൾ
ശ്രദ്ധാപൂർവ്വമൊരുക്കിയിരുന്നു;
അഹമഹമികയാ,ശുശ്രൂഷിക്കാ-
നാശ്രമവാസികൾ തയ്യാറായി.

അങ്ങേയറ്റമസാധാരണമായ്,
തിരുമേനിക്കീ റോമാവാസം;
മാസം ഒന്നരയാകും മുമ്പേ
ദേവാനുഗ്രഹമുണ്ടായല്ലോ,





മാർപാപ്പായെ സന്ദർശിക്കാൻ
ഒന്ന,ല്ലവസരമഞ്ചു ലഭിച്ചു;
വത്തിക്കാനിൽ ഇത്തരമൊന്ന്
അക്കാലത്തു നടന്നിട്ടില്ല.

ഇരുപത്താറാം തീയതി,യാദ്യ-
സന്ദർശനമതു "പ്രൈവറ്റ്"ത്രേ!
കർദ്ദിനാളന്മാർക്കും രാഷ്ട്ര-
ത്തലവന്മാർക്കും നൽകും പോലെ.

ആദ്യം സന്ദർശിക്കെ,യിങ്ങനെ
വിനയാന്വിതനായ് ചൊന്നു പിതാവ്;
"താതൻ മുമ്പിൽ മുടിവിൻ മകനായ്
ഞാനിഹ വന്നേൻ പാവനതാതാ".

എന്നാലോ പരിശുദ്ധ പിതാവ്
ആശ്ലേഷിച്ചു പറഞ്ഞാനേവം:
"താങ്കളെനിക്കൊരുനല്ല മകൻതാൻ
താങ്കൾക്കെന്നും സ്വാഗതമിവിടെ"!

ഇതുപോലുള്ളൊരു ഭാഗ്യം ജീവിത-
ഗതിയിൽക്കിട്ടുവതാർക്കാണാവോ!
കർത്താവിന്നുടെ പ്രതിനിധിയല്ലേ,
പത്രോസ്ശ്ലീഹാ തൻ പിൻഗാമി!

കൊല്ലം രണ്ടായിരമാകുന്നു;
ക്രിസ്തുമതത്തിൻ ആസ്ഥാനമിതാ!
സഭയുടെ മൂലകുടുംബത്തിൽ താൻ
വീണ്ടും വന്നതു ദൈവനിയോഗം.

www.malankaralibrary.com



ചിന്തകളിങ്ങനെ താതനു വന്നു
ഏതാനും ചില നിമിഷം മാത്രം;
മാർപാപ്പായുടെ അനുഭാവത്തിൽ
ഉത്തേജിതനായ്ത്തീർന്നൂ താതൻ.

ആവശ്യങ്ങളുണർത്തിച്ചപ്പോൾ
എല്ലാമൊരു വരമൊഴിയായ് നല്കാൻ
നിർദ്ദേശിച്ചാൻ മാർപാപ്പായും;
അവണ്ണം പെരുമാറി താതൻ.

പുനരൈക്യപ്രസ്ഥാനത്തിന്നുടെ
ഭാവിപുരോഗതി മനസ്സിൽക്കണ്ട്,
ആവശ്യങ്ങളപേക്ഷയിലാക്കി,
എഴുതി ക്കയ്യിൽക്കരുതി താതൻ.

അതിരൂപത താൻ വേണമ,തെന്നാ-
ലനന്തപുരിയാസ്ഥാനസമേതം;
ഇതിനുടെ കീഴിൽ രൂപതയൊന്ന്
തിരുവല്ലായിലുമേകീടേണം.

അപേക്ഷയിതിനുടെയുള്ളിലൊതുക്കിയ
വിശേഷവിഷയ, പ്രമുഖമിതൊന്നേ;
ഇതു സാധിച്ചാലെല്ലാമായെ-
ന്നറിയാം; താതൻ കുശാഗ്രബുദ്ധി!

മെയ്മാസത്തിൽ രണ്ടാം തീയതി
രണ്ടാം സന്ദർശനവേളയതിൽ,
എഴുതിയതെല്ലാം ശ്രദ്ധാപൂർവ്വം
നോക്കിയുദാരമനസ്കൻ പാപ്പാ.





"അനുവദിക്കുന്നെല്ലാ"മെന്ന്
അശരീരി സമം പാപ്പായോതി;
അടുത്തുനിന്ന പച്ചേല്ലിവശം
അപേക്ഷയുടനെയവിടുന്നേകി.

വത്തിക്കാനിൽ മാർപാപ്പായുടെ
സെക്രട്ടറിതാനീ പച്ചേല്ലി
കർദ്ദിനാൾ; പിൽക്കാലം പിയൂസ്-
പന്ത്രണ്ടാമൻ പാപ്പായായോൻ.

മനസ്സിലസ്വസ്ഥതയുണ്ടായി
പച്ചേല്ലിക്കീ നടപടിയിങ്കൽ;
മാർപാപ്പായുടെ സവിധേയാരും
അപേക്ഷ നേരിട്ടേകാറില്ല.

"പൗരസ്ത്യത്തിരു സംഘം തന്നിൽ
അപേക്ഷയാദ്യം വയ്ക്കുക വേണം;
അവിടെ പരിശോധനയുണ്ടാകും;
നടപടിയവ്വിധമത്രേയിവിടെ".

ഈവാനിയോസ് തിരുമേനിയോടേവം
പച്ചേല്ലിയുരചെയ്തൊരുനേരം,
"നടപടിയിങ്ങനെയാണെന്നീ ഞാൻ
അറിയാതല്ലോപോ,യിനിയെന്തേ?

മാർപാപ്പായെ കണ്ടു തിരുത്താം,
തിരുസംഘത്തിലപേക്ഷകൊടുക്കാം,
സ്വമേധയാ ഞാൻ ചോദിച്ചില്ല,
മാർപാപ്പായോടാവശ്യങ്ങൾ;

www.malankaralibrary.com



വേണ്ടതുപറയാൻ ചോദിച്ചപ്പോൾ
മിണ്ടാത്തതു ശരിയാവില്ലല്ലോ".
കർദ്ദിനാളിതു കേട്ടൊരു നേരം
ഒന്നും മിണ്ടാതവിടം വിട്ടു!

മാർപാപ്പായുടെ നിശ്ചയമൊന്നും
മാറ്റാനാർക്കും കഴിയുകയില്ല;
വാഗ്ദാനമിതാ, നേരേ കിട്ടി
എന്നന്നേയ്ക്കുമുറപ്പായെല്ലാം!

കർദ്ദിനാളു പറഞ്ഞവിധത്തിൽ
തിരുസംഘത്തിൻ ഓഫീസിങ്കൽ
അപേക്ഷവച്ചാലെന്നേക്കും തിരു-
വനന്തപുരി ഹാ, കൈവിട്ടേനേ!

അനേകകൊല്ലക്കാലം കൊണ്ടേ,
കൊല്ലം ബെൻസിഗറാർച്ചുബിഷപ്പ്,
ലത്തീൻകാർക്കിതു നേടിയെടുക്കാൻ,
പലപണി നോക്കിയിരുന്നൂ റോമിൽ.

കർമ്മലമലയുടെ പേരിലെഴുന്നൊരു
സന്ന്യാസികളുടെ സംഘവും,മതുപോൽ
മലബാർ ലത്തീൻ മെത്രാൻമാരും
കാലേയാലോചന ചെയ്യുകയായ്;

കൊല്ലം രൂപത വിഭജിക്കാനും
അനന്തപുരിയെ,യെന്നന്നേക്കും
ആസ്ഥാനത്തിൻ പദവികൾ നല്കി
അതിരൂപതയായ് നിലനിർത്താനും,





പദ്ധതിയി,ട്ടതുകേവലനീതി;
വിസ്തൃതമത്രേ കൊല്ലം രൂപത.
പക്ഷേ ഭാഗ്യം പുനരൈക്യത്തെ
പുൽകിയതോർത്താൽ ദൈവനിയോഗം!

മലങ്കരറീത്തിൻ സംസ്ഥാപനവും
നേതൃസ്ഥാന പ്രതിഭാബലവും,
അനന്തപുരിയെ പ്രസ്ഥാനത്തി-
ന്നാധാരക്കല്ലാക്കിയ വിധവും,

റീത്തുകൾ മാറ്റിചിന്തിച്ചാലോ,
വലിയൊരു സത്യം കാണാമാർക്കും:
മൊത്തം ക്രൈസ്തവവർഗ്ഗത്തിന്നിതു
സ്വർഗ്ഗം കൈവന്നതു പോലായി!

മെയ് ആറിൽ, പതിനൊന്നിലുമതു പോൽ
ജൂൺ മാസത്തിൽ രണ്ടാം ദിനവും,
മാർപാപ്പായെ സന്ദർശിക്കാൻ
അവസരമുണ്ടായ് താതനു വീണ്ടും!

പുനരൈക്യ പ്രസ്ഥാനത്തിന്നുടെ
വികാസപരമാം പദ്ധതിയെല്ലാം
എവ്വിധമെന്നൊരു രൂപം നല്കി;
ഇഷ്ടപ്പെട്ടിതു മാർപാപ്പായ്ക്കും.

നമ്മുടെ സ്നേഹപിതാവിന്നുള്ളോ-
രാകർഷകമാം വ്യക്തിത്വത്തിൽ,
കൂടിക്കാഴ്ചകൾ കഴിയുംതോറും
പാപ്പായ്ക്കേറെ മതിപ്പുണ്ടായി.

www.malankaralibrary.com



തിരുമേനിക്കോ, മാർപാപ്പായോടു
പുത്രനുചേർന്നൊരു സ്നേഹം തോന്നി;
നന്ദിയുമതുപോലുണ്ടായ് മനസ്സിൽ
ആമരണം നിലനിന്നിവരണ്ടും.

വിലയിരുത്തലിലെന്തേ ചൊല്ലാൻ?
രണ്ടുതലത്തിൽ കണ്ടെന്നാലും,
രണ്ടാളുകളും മഹാമഹാന്മാർ;
അന്യോന്യം ബഹുമാനിച്ചല്ലോ!

അയർലണ്ടിൽ വച്ചുള്ളൊരു ദിവ്യ-
കാരുണ്യത്തിൻ പെരുനാൾ കൂടാൻ
നേടിയനുഗ്രഹ,മതുപോൽ മറ്റൊരു
കാര്യംകൂടി സാധിക്കുകയായ്,

ആംഗലസാമ്രാജ്യത്തിൻ പെരുമാൾ
ജോർജ,ഞ്ചാമനെ സന്ദർശിക്കാൻ
ശുപാർശ രീതിയിൽ സഹായമൊന്ന്
കരസ്ഥമാക്കണമത്യാവശ്യം!

കനിഞ്ഞു നല്കി മാർപ്പാപ്പായൊരു
സന്ദേശം ജോർ,ജഞ്ചാമന്നായ്;
"തന്നുടെ ദൂത പ്രതിനിധിയാണീ-
ആർച്ചുബിഷപ്പെന്ന"ത്രേ കമ്പി!

മാർപ്പാപ്പായോടു വിട ചൊല്ലുമ്പോൾ,
തിരികെ വരുമ്പോൾ വീണ്ടും കാണാൻ,
ആഗ്രഹമറിയിച്ചതിനും പാപ്പാ
സന്തോഷിച്ചനുവാദം നല്കി.





ഫലമണിയാതീയാശ കലാശി-
ച്ചതിനുടെ ഹേതു, വഴിയേ കാണാം;
ഒന്നു വിചാരിക്കുന്നതു മർത്യൻ,
മറ്റൊന്നു നടപ്പാക്കുന്നൂ ദൈവം!

## ദിവ്യകാരുണ്യ കോൺഗ്രസ്

**(നതോന്നത പോലെ)**

പുനരൈക്യശേഷം രണ്ടു-
വർഷം കഴിയവേ ലോക-
ദിവ്യകാരുണ്യ കോൺഗ്രസ്
ഡബ്ലിനിൽ ചേർന്നു.

അപ്പത്തിന്റെ രൂപമാർന്ന
ക്രിസ്തുവിനെ ഭക്തിപൂർവ്വം
ആരാധിക്കാൻ കത്തോലിക്കർ
സമ്മേളിക്കയായ്.

പലപല നാട്ടിൽ നിന്നും
സഭാമക്കൾ വിശ്വാസത്തിൻ
പ്രകടനം നടത്തുവാൻ
തടിച്ചുകൂടി.

"അമൃത പ്രസാദ"മല്ലേ
ദിവ്യകാരുണ്യമെന്നതു;
മൃത്യുവിന്റെ നാശമാണീ-
ജീവന്റെ അപ്പം.

www.malankaralibrary.com



വിശുദ്ധ കുർബാനയെന്ന
നൻമയേക്കാൾ വലുതായി
പ്രസാദമായ് തന്നതില്ല
വേറൊന്നും ദൈവം.

കുർബാനയിൽ ക്രിസ്തുവിന്റെ
സജീവ സാന്നിദ്ധ്യ സത്യം
യാക്കോബ്യരും വിശ്വസിക്കു-
ന്നതിനാൽത്തന്നെ,

ചെറുപ്പം മുതൽക്കേ, വന്ദ്യ-
പിതാവിന്നതി വിശുദ്ധ-
കുർബാനയിൽ ഭക്തിയും വി-
ശ്വാസവുമുണ്ടായ്.

ഇത്തരമൊരാഘോഷത്തിൽ
ഭാഗഭാക്കായ്, ദൈവത്തിന്റെ
ശക്തമായ കൃപനേടാൻ
ഭാഗ്യമുണ്ടായി.

ദിവ്യബലിയർപ്പിക്കാനീ
സന്ദർഭത്തിൽ പിതാവിന്ന്
അവസരം ലഭിച്ചതു
മറ്റൊരു ഭാഗ്യം!

പാശ്ചാത്യർക്കു പരിചിത-
മല്ല ദീർഘ യാഗാർപ്പണം;
എങ്കിലുമിക്കർമ്മമഭി-
നന്ദനീയമായ്!





## ജി.കെ. ചെസ്റ്റർട്ടനുമായി സൗഹൃദം

സുപ്രസിദ്ധനായിത്തീർന്നോ-
രാംഗല സാഹിത്യകാരൻ
ജി.കെ. ചെസ്റ്റർട്ടനുമായി
മാറിവാനിയോസ്,

പരിചയപ്പെട്ടു ദൃഢ-
സൗഹൃദ ബന്ധത്തിലായി;
പ്രതിഭാശാലികളിവ-
രറിഞ്ഞന്യോന്യം.

കത്തോലിക്കാ വിശ്വാസത്തിൽ
ആംഗ്ലിക്കൻ സഭയിൽ നിന്നും
ചെസ്റ്റർട്ടൻ വരികയുണ്ടായ്,
അതുപോലിതാ,

യാക്കോബായ സഭയിൽ നി-
ന്നാചാര്യനാമിവാനിയോസ്
കത്തോലിക്കാ സഭയുടെ
കൂട്ടായ്മയിലായ്.

പാണ്ഡിത്യത്തി,ലുന്നതമാം
വ്യക്തിത്വത്തിൽ, ചെസ്റ്റർട്ടന്ന്
പിതാവിനെപ്പറ്റിയേറെ
മതിപ്പുണ്ടായി.

ലണ്ടനിലെ ദിനപ്പത്രം
"യൂണിവേഴ്സി" ലിക്കാലത്ത്,
ലേഖനപരമ്പരയീ
താതനെപ്പറ്റി,

www.malankaralibrary.com



പ്രസിദ്ധീകരിച്ചു ജി.കെ.-
യതുലോക പ്രസിദ്ധമായ്;
പ്രസംഗത്തിനുണ്ടായ് ക്ഷണം
പലരിൽ നിന്നും.

സൗഹൃദ സംഭാഷണത്തിൽ
ചെസ്റ്റർട്ടനു മനസ്സിലായ്,
മഹാനത്രേ ഇവാനിയോസ്-
മെത്രാപ്പോലീത്താ.

ആംഗല ഭാഷയിലതി-
വിദഗ്ധൻ, ഭാരതീയ
വേദേതിഹാസവിജ്ഞാനി;
കേരളീയമാം-

വാസ്തുശില്പകലാബോധ-
മുള്ള മഹാപുരോഹിതൻ,
നർമ്മരസ ഭാഷണത്തി-
ലതിനിപുണൻ.

ആറടിക്കുമേലുയരം,
വിസ്തൃതമാം ഫാലസ്ഥലം,
മാറിലേക്കിറങ്ങിനില്ക്കും
രജതശ്മശ്രു;

ഉയർന്ന നാസിക, ദീപ്തി
ചൊരിയുന്ന മിഴിയിണ;
മുട്ടോളമെത്തുന്ന ദൃഢ-
ദീർഘ ബാഹുക്കൾ;





പൗരസ്ത്യ ദേശത്തെ മഹാ-
പുരോഹിതരണിയുന്ന
ശ്യാമവർണ്ണാഞ്ചിതമായ
നല്ത്തലപ്പാവും.

ആരെയുമദ്ഭുതപര-
തന്ത്രനാക്കും രൂപം കണ്ടാൽ,
ആരാധ്യനാം വ്യക്തിയെന്നേ,
കാണികൾ ചൊല്ലൂ;

പാശ്ചാത്യരീ ഭാരതീയ
മഹർഷിതൻ രൂപഭാവം,
ആശ്ചര്യഭരിതരായി
നോക്കിക്കണ്ടഹോ!

പ്രസംഗം നടത്തിടുമ്പോൾ
പ്രകടമായ് തീരാറുള്ള
വാഗ്വിലാസമത്യധികം
ആകർഷകമായ്,

ചെസ്റ്റർട്ടനെ സ്വാധിനിക്കാ-
നിവയെല്ലാം ഹേതുവായി,
വിസ്മിത,നദ്ദേഹമെല്ലാം
ലേഖനമാക്കി;

പ്രതിപാദ്യത്തിലും പ്രതി-
പാദനത്തിലുമൊരുപോൽ
വിശ്വോത്തര, മതുകൊണ്ടേ
പണ്ഡിതവര്യൻ.

www.malankaralibrary.com



ഐ.സി. ചാക്കോ മൊഴിമാറ്റം
ചെയ്തു "ദാസൻ" പത്രം വഴി
പ്രസിദ്ധീകരിച്ച, തവി-
സ്മരണീയമായ്!

## ഇംഗ്ലണ്ടിൽ - ലണ്ടനിൽ

(നതോന്നത പോലെ)

ദിവ്യകാരുണ്യ കോൺഗ്രസ്സിൻ-
പരിസമാപ്തിക്കുശേഷം
ഇംഗ്ലണ്ടിലേക്കായി യാത്ര
മാർ ഇവാനിയോസ്,

രണ്ടു വാരക്കാലം തത്ര
താമസിച്ചു പല പ്രോഗ്രാം,
എന്തുകൊണ്ടുമുണ്ടാകുന്ന-
തനുക്തസിദ്ധം.

ലണ്ടൻ നഗരത്തിൽ പല
ഭാഗത്തായി, പലകുറി
സ്നേഹിതന്മാർ യോഗം കൂടി,
വന്ദ്യതാതനെ

ആദരിക്കാൻ, മറുപടി
പ്രസംഗത്തിൻ വാഗ്ധോരണി
ശ്രവിക്കുവാ,നതുവഴി-
യുൽബുദ്ധരാകാൻ.





ഒരിക്കലെങ്കിലുമേവം
അവസരം ലഭിക്കുക,
ഭാരതീയനാമൊരാൾക്കു
മഹാഭാഗ്യമേ!

ലോകരക്ഷ ചെയ്യാൻ വന്ന
ക്രിസ്തുവിന്നു ശരീരമായ്
തിരുസഭയല്ലാതെ വേ-
റൊന്നുമില്ലല്ലോ.

ഒരേയൊരു വിശ്വാസവും,
ഇടയനും തൊഴുത്തൊന്നും,
ദുർഗ്രഹമായൊന്നുമില്ലീ
സത്യം സുതാര്യം.

സംഖ്യാതീതം പുണ്യവാന്മാർ
നിരവധി മിസ്റ്റിക്കുകൾ
വീടും കൂടുമുപേക്ഷിച്ച-
മിഷണറിമാർ,

സുവിശേഷവൽക്കരണ-
മിമ്മട്ടിൽ വേറൊരുസഭ
നടത്തിയിട്ടില്ല പാരി-
ലെന്നുമെങ്ങുമേ.

കത്തോലിക്കാസഭയിൽ, താൻ-
ചേർന്നതിന്റെ കാരണങ്ങൾ
അത്യുത്സുകം വെളിവാക്കി,
ജ്ഞാനിയിത്താതൻ.

www.malankaralibrary.com



# ബക്കിംഗാം കൊട്ടാരത്തിൽ

ബക്കിംഗാം കൊട്ടാരത്തിൽ വ-
ച്ചിതിനിടെയരചനാം
ജോർജു പഞ്ചമനെ മുഖം-
കാണിച്ചു താതൻ

ഭാരതീയ പ്രജയത്രേ
താത,നെന്നാൽ ലോകമാന്യൻ,
ഉദ്യാന വിരുന്നു നല്കി
രാജാവിതിനാൽ,

മാർപാപ്പാതൻ വ്യക്തിമാത്ര-
സന്ദേശമീ സന്ദർഭത്തിൽ
നൃപന്നു കൈമാറി ബഹു-
മാനപൂർവ്വമായ്;

സുവിശേഷവൽക്കരണ-
പ്രവർത്തനം, സ്വകീയമാം
ജീവിത നിഷ്കാമകർമ്മ-
ദൗത്യമാണെന്നും,

സാന്ദർഭികമായി വ്യക്ത-
മാക്കി സംഭാഷണ മദ്ധ്യേ:
സാദരമിത്തിരുമേനി
സമ്രാട്ടിൻ മുമ്പിൽ.





# ബൽജിയത്തിൽ

**(നതോന്നത പോലെ)**

അനന്തരം തിരുമേനി
ബൽജിയത്തിലെത്തിച്ചേർന്നു
താമസിച്ചാനൊരു മാസ-
ക്കാലമിവിടെ.

പുനരൈക്യപ്രസ്ഥാനത്തി-
ന്നവശ്യം വേണ്ടതു, തെല്ല്
സമാഹരിക്കുവാനിതു
സഹായകമായ്.

പ്രസംഗപരിപാടിക-
ളിവിടെയും തുടർന്നുണ്ടായ്,
പ്രഗല്ഭരാം ചിലർ പരി-
ചിതരുമായി.

മഹത്തായ വ്യക്തിത്വത്തി-
ന്നുടമതാൻ തിരുമേനി
അവിസ്മരണീയനായി,
അവർക്കിദ്ദേഹം.

ഇതു ശരിതന്നെയെന്നു
പില്ക്കാലത്തു തെളിയിച്ചു,
തുടരെത്തുടരെ വന്നു
പ്രോത്സാഹനങ്ങൾ.

www.malankaralibrary.com



അങ്ങനെ സന്തോഷവാനും
തൃപ്തനുമായിരിക്കവെ,
വന്നുചേർന്നു താതന്നൊരു
കമ്പി സന്ദേശം.

അയച്ചതു പുലിക്കോട്ടു
റമ്പാച്ചനാണെന്നിരിക്കെ,
അവിശ്വസനീയമെന്നു
കരുതിടാമോ?

കർമ്മലീത്താ സഭക്കാർക്കു
നല്കിയിരിക്കുന്നുപോലും,
തിരുവനന്തപുരമായ്
രൂപതയൊന്ന്!

തിരുമേനി പരിഭ്രമി-
ച്ചത്യധികം വിഷമിച്ചു;
നേരറിയാൻ റോമിലേക്കു
കമ്പിയയച്ചു.

മറുപടിവന്നതേറ്റം
ആശ്വാസ ജനകമായി
മാർപാപ്പാ കല്പിച്ചപോലെ
സംഗതിയെല്ലാം!

അതിരൂപതയെന്നേക്കും
പുനരൈക്യത്തിനുതന്നെ,
ലത്തീൻകാർക്കു കൊടുത്തതു
രൂപതമാത്രം!





വ്യഗ്രതകളെല്ലാം നീങ്ങി
സ്വസ്ഥമായി മനസ്സെന്നാൽ
എത്രയും വേഗത്തിൽ നാട്ടിൽ
തിരിച്ചെത്തണം.

ക്ഷിപ്രമൊരു തീരുമാനം
താതനെടുത്തു, തിരികെ
യാത്രതിരിക്കുകയായി
തെല്ലു ദുഃഖത്തിൽ.

മാർപാപ്പയെ കണ്ടു പോരാൻ
സമയമില്ലാതെ വന്നു;
മാപ്പു ചോദിച്ചു കൊ,ണ്ടെന്നാൽ
കത്തൊന്നെഴുതി.

\+ \+ \+ \+ \+

കാലം മാറുന്നതിവേഗം,
യാത്രയിപ്പോൾ വിമാനത്തിൽ;
കറാച്ചിയിൽ താതനെത്തി;
ഫാദർ മറ്റവും,

കപ്പലിലാണനന്തരം
ബോംബയിലിറങ്ങിയതു;
സ്വീകരണം നൽകിയാർച്ചു-
ബിഷപ്പ് ഡിലിമാ,

www.malankaralibrary.com



പിന്നെ മദ്രാസ്, മൈലാപ്പൂര്,
അവിടൊക്കെ സ്വീകരണം;
ബാംഗ്ലൂർക്കും പോയ് സന്ദർശിക്കാൻ
ഡലിഗേറ്റിനെ,

അവിടെ നിന്നു രണ്ടാളും
തീവണ്ടിയിലത്രെ യാത്ര;
അവസാനം തിരുവന-
ന്തപുരത്തെത്തി

തിരുമേനി തീവണ്ടി വി-
ട്ടിറങ്ങുമ്പോൾ രാത്രി പത്ത്;
ഒക്ടോബറും പത്ത്;
വർഷം മുപ്പത്തിരണ്ടും.

വരവേല്പ് നൽകുവാനായ്
ജനസഹസ്രങ്ങളെത്തി;
മുടങ്ങിയ വൈദ്യുതിയു-
മുടൻ തെളിഞ്ഞു!

പുലിക്കോട്ടു റമ്പാച്ചന്റെ
സുഹൃത്തായ മഹാകവി
വള്ളത്തോളും വന്നിരുന്നു
ക്ഷണപ്രകാരം.

നിമിഷകവിതയൊന്നു
താതനെയഭിനന്ദിച്ച്,
മഹാകവി ചൊല്ലിയതു
നോക്കുകിങ്ങനെ:





"അന്ധകാര മദ്ധ്യേ ഞങ്ങൾ-
ക്കാശ്വാസമേകുവാൻ വന്ന
പൊൻ താരമേ, ജയിച്ചാലും
മേല്ക്കുമേൽ ഭൂമൗ"!

കനകക്കുന്നിന്നടുത്ത്,
വാടകയ്ക്കെടുത്തിരുന്ന
കെട്ടിടത്തിലേക്കു താതൻ
വിശ്രമിക്കാൻ പോയ്.

വിജയശ്രീലാളിതനായ്
വിദേശയാത്ര കഴിഞ്ഞ്,
തിരിച്ചു വന്നതിൽ മക്കൾ
ആഹ്ലാദം പൂണ്ടു.

ദൈവത്തിനു സ്തോത്രമേകി;
പുനരൈക്യപ്രസ്ഥാനത്തി-
ന്നമരക്കാരനെത്രയോ-
കരുത്തുള്ളവൻ!

ആത്മവിശ്വാസത്തോടിനി
മുന്നേറിടാ,മൊരു നവ-
യുഗപ്പിറവിയായതിൻ
കാഹളമൂതാം!

www.malankaralibrary.com



### മൂന്നാം ഭാഗം

# പുനരൈക്യ കർമ്മകാണ്ഡം

### അതിരൂപതാ സ്ഥാപനം
### (മഞ്ജരി പോലെ)

അത്ഭുതമെന്നല്ലാതെന്തു പറയേണ്ടൂ,
ഇത്തരം സംഭവ, മത്യപൂർവ്വം!
ആളില്ല, പള്ളിയി,ല്ലാസ്ഥാനമുണ്ടാക്കാൻ
ഭൂമിയുമില്ലൊരു സെന്റുപോലും.

എന്നിട്ടും മാർപാപ്പാ, നൽകിയനുവാദം
പുത്തൻ റീത്തിന്നു മലങ്കരയിൽ;
ഹയരാർക്കി സ്ഥാപിച്ചുറപ്പിക്കുവാ,നിതു-
ദൈവനിയോഗസൗഭാഗ്യമല്ലേ?

നിശ്ചയിച്ചാൻ വന്ദ്യപോപ്പിൻ പ്രതിനിധി
ഉദ്ഘാടനമതിരൂപതയ്ക്കായ്,
മുപ്പത്തിമൂന്നു മെയ് മാസം പതിനൊന്ന്
തീർപ്പാക്കി; തീയതി മാറില്ലിനി.

ഉദ്ഘാടനത്തിൻ ചുമതലയേല്പിച്ചു
ബൻസിഗറാർച്ചുബിഷപ്പിന്നായി!
ഭരണം വിട്ടിദ്ദേഹമിക്കാലം പാങ്ങോട്ടേ,
"കാർമ്മലിൽ" വിശ്രമമായിരുന്നു.





പുനരൈക്യശില്പിയോടൊപ്പം കുറെപ്പേരെ
പരിശുദ്ധ കത്തോലിക്കാ സഭയിൽ
ചേർ,ത്തതിരൂപതാസ്ഥാപനവുമിപ്പോൾ
ഇത്തിരുമേനിതൻ കർത്തൃത്വത്തിൽ!

അന്നതിരൂപത കിട്ടാത്തതിൽ വന്ന
ഖിന്നതയും, ചിത്ത കാലുഷ്യവും,
ഇന്നിതുമൂലമകന്നു പോയീടുവാൻ
വന്ന നിമിത്തവും ദൈവികമാം.

ചട്ടവട്ടങ്ങൾ ശരിയാക്കി വന്നപ്പോൾ
തെറ്റൊന്നതിഭീമം കണ്ടു മുമ്പിൽ;
ഉദ്ഘാടന ദിവ്യകർമ്മം നടത്തുവാൻ
പള്ളിയൊന്നില്ലിതു ദുഃസ്ഥിതിയായ് !

ദൈവസഹായമിവിടെയുമുണ്ടായി
അദ്ഭുതമെന്നാൽ, മഹാദ്ഭുതമേ!
പാളയത്തുള്ള സിനിമാശാലയാകും
പോംപിഡോർ വില്ക്കുവാൻ പോകുന്നുപോൽ!

വാർത്തയിതു കേട്ടനേരം വിലനല്കി
വാങ്ങി, തിരുമേനി,യിത്തിയേറ്റർ;
വേണ്ടമാറ്റങ്ങൾ വരുത്തിയപ്പോളിതു-
കണ്ടുവെന്നാൽ കൊച്ചുദേവാലയം!

ഉദ്ഘാടനമന്നനന്തപുരി തന്നിൽ
ശ്രദ്ധേയമായി മാലോകർക്കെല്ലാം;
നസ്രാണി കത്തോലിക്കർക്കായൊരു പള്ളി
ആദ്യമായുണ്ടായ് തലസ്ഥാനത്ത്!

www.malankaralibrary.com



# ബഥനി:
# സന്യാസ - സന്യാസിനീ സഭകൾ;
## ആസ്ഥാന സ്ഥാപനം

ആസ്ഥാനമിങ്ങനുറപ്പിച്ചതിൽ പിന്നെ,
ശ്രദ്ധതിരിച്ചു ബഥനിയിന്മേൽ;
തന്നനുഗാമികളാശ്രമസ്ഥന്മാരെ;
ഒന്നോടനന്തപുരിയിലാക്കാൻ,

സുസ്ഥിര വാസമുറപ്പിക്കുവാനൊരു
പദ്ധതിയിട്ടതിലേക്കു വേണ്ടി,
വാങ്ങി പന്ത്രണ്ടോളമേക്കർ നാലാഞ്ചിറ,
ആശ്രമ കേന്ദ്രമവിടെയാക്കി.

വെണ്ണിക്കുളത്തുള്ള സന്യാസിമാർക്കിനി-
യെന്നേക്കുമായൊരാസ്ഥാനമുണ്ടായ്;
ശാലീന സന്യാസവൃത്തിക്കുള്ള പരി-
ശീലനം നല്കാനും സൗകര്യമായ്

സന്യാസിനീ സമൂഹത്തിനുമിങ്ങനെ
ആസ്ഥാനമായ്, മഠം സ്ഥാപിക്കുവാൻ
മൂന്നുകൊല്ലം കൂടി വേണ്ടി വന്നായതു
മുപ്പത്താറിൽത്തന്നെ യാഥാർത്ഥ്യമായ്.





എട്ടേക്കർ നാലാഞ്ചിറത്തന്നെ വാങ്ങിച്ചു,
കെട്ടിടം തീർത്തു മഠത്തിന്നായി,
തിരുമൂലനിന്നും വരുത്തിയിവിടാക്കി,
സന്യാസ ജീവിതം പുൽകിയോരെ.

തല്ക്കാലം തിരുമൂല മഠമില്ലാതായതു
കരുതിക്കൂട്ടിയാരും ചെയ്തതല്ല;
സന്യാസിനീ വർഗ്ഗ ജീവിത പ്രാരാബ്ധം
ഒന്നോടെതീർക്കുവാൻ ചെയ്തിങ്ങനെ.

തിരുവല്ലാരൂപത വേറെയായ്; മെത്രാനായ്
തേയോഫീലോസു ഭരണമേല്ക്കെ,
സന്യാസിനീ മഠ,മേറ്റമവശ്യമാ-
ണെന്ന പരമാർത്ഥം ബോദ്ധ്യമായി.

ഇക്കാരണത്താലവിടെ മുമ്പെന്നപോൽ
സന്യസിനീ മഠം വീണ്ടുമുണ്ടായ്;
കാര്യനടത്തിപ്പിന്നായി തിരിച്ചെത്തി,
ഹുബായെന്ന മദർ തെക്കുനിന്നും.

പിന്നെ തിരിച്ചു വന്നെത്തി സ്ഥിരമായി-
നിന്നതു തൈബൂസും ത്രിസൂസുമേ;
ഒട്ടു സ്വതന്ത്രമായ് നിന്ന മഠങ്ങളെ,
ഒന്നാക്കി മാർപ്പാപ്പാ അമ്പത്താറിൽ.

www.malankaralibrary.com



# സെമിനാരി സ്ഥാപനം

**(മഞ്ജരി പോലെ)**

ഇങ്ങനിളകാത്ത മട്ടിൽ ബഥനിയെ
നന്നായുറപ്പിച്ച ശേഷമാബോ,
വൈദീകരാക്കുവാൻ ശിക്ഷണം നല്കുന്ന
മൈനർ സെമിനാരികൾ സ്ഥാപിക്കയായ്.

ഒന്നു തിരുവല്ലാ രൂപതയ്ക്കായതിൻ-
സുന്ദരമാം നാമ"മിൻഫന്റ്മേരി".
മറ്റൊന്നു പട്ടത്ത"ലോഷിയ"സെന്നുപേർ;
രണ്ടുമോരോന്നിന്റെ ലക്ഷ്യം നേടി.

ചങ്ങനാശ്ശേരിയിൽ മിഷ്യൻ ഡയറക്ടർ
തോട്ടാശ്ശേരി ഫാദർ ഡൊമിനിക്,
നേരത്തെ വാങ്ങിയ ഭൂമി ദാനം നൽകി,
കാളാശ്ശേരി മെത്രാൻ മാർ ജെയിംസ്.

ഇങ്ങനെ നല്കിയതാണു തിരുവല്ലാ
മൈനർ സെമ്നാരി നിൽക്കുന്നോരിടം;
റെക്ടറായ് വന്ദ്യനാം ഫാദർ ജേക്കബെന്ന
വെള്ളരിങ്ങാട്ടച്ചനേയും നല്കി;

പില്ക്കാലം മെത്രാനായ് തീർന്ന വൈദീകനാം
പോത്തനാംമൂഴിയെ റെക്ടറായി,
പട്ടത്തു സേവനം ചെയ്യുവാനക്കാലം
വിട്ടുതരാനും തിരുവുള്ളമായ്.





വൈവാഹികമായ ജീവിതം വൈദികർ
പൗരസ്ത്യ റീത്തിൽ നയിച്ചിടുവാൻ
റോമിനെതിരില്ലെന്നാകിലുമാബൂനോ
ബ്രഹ്മചാര്യാവ്രതപ്രോക്താവായി.

ഇക്കാരണത്താലുമായിരിക്കാ,മതി-
ശുഷ്കമായ് കണ്ടാദ്യം ദൈവവിളി;
എന്നാലിതെല്ലാം നികത്തിക്കൊടുത്തല്ലൊ,
പൂർവ്വകത്തോലിക്കാ രൂപതക്കാർ

എല്ലാവിധത്തിലും സേവനം ചെയ്യുവാൻ
തയ്യാറായ് വന്നു പഴേകൂറ്റുകാർ
കർമ്മലീത്താ സഭാ വൈദികർ, ഫ്രാൻസിസ്കൻ-
സന്യാസസംഘത്തിൽപ്പെട്ടവരും.

വടശേരിയച്ചൻ, നെടുങ്ങാട്ടിലെയച്ചൻ
തിരുവല്ലായിൽ വൈദികരായിത്തീർന്നു!
സി.റ്റി. കുരുവിള, തോമസ് നങ്ങച്ചിവീട്ടിൽ
അതിരൂപത തന്നിൽ വൈദികരായ്.

ആദ്യകാലം പുനരൈക്യപ്രസ്ഥാനത്തിൽ
സേവനം ചെയ്തിവർ ത്യാഗപൂർവ്വം.
വേറെയുമിവ്വിധം വന്നു വൈദികരായ്-
ത്തീർന്നു പ്രവർത്തിച്ചോരുണ്ടനേകം.

റോഡുകളും മറ്റുമില്ലാത്ത കാലത്ത്
കാടും മലയും കടന്നുകേറി,
പാടുപെട്ടു, പഴേകൂറ്റിൽ നിന്നും വന്നീ-
പ്രസ്ഥാനമേറെ വിപുലമാക്കി.

www.malankaralibrary.com



# പുനരൈക്യപ്രസ്ഥാന വികസനം

**(മഞ്ജരി പോലെ)**

കേസു നടത്താനും വസ്തു വാങ്ങിക്കാനും
കെല്പുള്ളോനാണെന്നു കണ്ടു താതൻ
ഉള്ളന്നൂരുള്ള മലഞ്ചരിവു വീട്ടിൽ
മത്തായി സാറിനെ മുക്ത്യാറാക്കി.

പള്ളിക്കും പള്ളിക്കൂടത്തിനുമായ് സ്ഥലം
ആവോളം വേണ്ടതാണത്യാവശ്യം;
കന്യകുമാരി തൊട്ടിങ്ങു വടക്കോട്ടു
വാങ്ങിയൊട്ടേറെ സ്ഥലമതിനാൽ.

അങ്ങനെ വാങ്ങിയതാണു നാലാഞ്ചിറ,
അഞ്ചലിൽ, മൈലപ്രാ ഗ്രാമത്തിലും
ഭാവിയിലോരോരോ സ്ഥാപനമുണ്ടാക്കാൻ
ഏറെയുപകരിച്ചീ സ്ഥലങ്ങൾ.

നാലുകൊല്ലക്കാലമായി, പുനരൈക്യ-
മാർഗ്ഗത്തിലുള്ളോർ പത്തായിരമായ്.
വൈദീകർ ചേർന്ന,തറുപതിൽ കൂടുതൽ
വിശ്വാസജ്ഞാനത്തിൽ നിഷ്ഠയുള്ളോർ.

മൈലപ്രാ അച്ചൻ, കടമ്മനിട്ടയച്ചൻ
കൊട്ടാരക്കര വല്യവീട്ടിലച്ചൻ,
കുമ്പഴ, മേടയിൽ പീലിപ്പോസച്ചനും
പുത്തൻ വീട്ടിലച്ചൻ, ചേരാവള്ളിൽ.





പെരുമലയച്ചൻ, കിഴക്കേ വീട്ടിലച്ചൻ
മാങ്കാവിലച്ചനും പമ്പൂരേത്തും
ഞാപ്പള്ളിലച്ചൻ, കിളന്നമണ്ണിലച്ചൻ
പുത്തൻപുരയച്ചൻ, താഴേലച്ചൻ,

കാരിച്ചാലച്ചൻ, കരിങ്ങാട്ടിലെയച്ചൻ
മണ്ണിക്കരോട്ട,ച്ചനമ്പനാടൻ,
കല്ലടയച്ചൻ, വിളയിലെയച്ചനും
മുഞ്ഞനാട്ടച്ചൻ, ചരുവിലേത്തും

കുന്നത്തേത്തച്ചൻ, ഇലഞ്ഞിലേത്തച്ചനും
മത്തായി കാട്ടൂര്, ശങ്കരത്തിൽ
ഫാദർ എഴിയത്ത്, കന്നിമേലച്ചനും
നേരത്തേ ചേർന്നു പുനരൈക്യത്തിൽ.

ഇങ്ങനെടുത്തുപറഞ്ഞുവന്നാലതി-
രൂപതയിൽചേർന്ന വൈദികന്മാർ
ഓർമ്മയിലാദ്യമായ് വന്നവരാണിവർ
വിസ്മൃതന്മാരും പ്രമുഖരത്രേ.

ചുണ്ടേവാലേലച്ചൻ കലയക്കാട്ടേയച്ചൻ
തേവർവേലിലച്ചൻ തോമ്പ്രായച്ചൻ
ചിറ്റയ്ക്കാട്ടേയച്ചൻ, എൻ.ജി. കുര്യാക്കോസും,
രാമനാട്ടേയച്ചൻ, കോനാട്ടച്ചൻ,

മാരേ,ട്ടിളവട്ടു, ചെറിയ മഠത്തില്
തൈക്കടവിലച്ചൻ, ടി.വി. ജോണും
മുണ്ടപ്ലാക്കൽ സൈമൺ കോറെപ്പിസ്ക്കോപ്പായും
പുലിക്കോട്ടിലച്ചനും തിരുവല്ലായിൽ.

www.malankaralibrary.com



പ്രസ്ഥാനമായി മലങ്കരയിൽ പുന-
രൈക്യം വരും മുമ്പേ, തിരുസഭയിൽ
രൂപത,കൊല്ലത്തു ചേർന്നു പ്രവർത്തിച്ച
വൈദികരുണ്ടു സ്മരണാർഹരായ്.

കറ്റാന,മാന്നിയിലച്ചനും, പീടിയേൽ
ഗീവർഗ്ഗീ, സഞ്ചൽ മത്തായിയച്ചൻ:
ഏതാനും പേരാ,ണുപരിവിചിന്തനം
ത്യാജ്യമിവിടെ; വിഷയബാഹ്യം.

കൂടെ,യോരോരുത്തർ കൊണ്ടുവന്നോട്ടേറെ
യാക്കോബ്യരെ പുനരൈക്യംതന്നിൽ
വന്നവരിൽ ചിലരേറ്റം പ്രമുഖന്മാർ
ഐക്യപ്രസ്ഥാനത്തിലെണ്ണപ്പെട്ടോർ.

സ്ഥാപകൻ വന്ദ്യനിവാനിയോസ് താതന്റെ
പാദമുദ്ര നോക്കി വന്നവരായ്,
ആരൊക്കെയുണ്ടെന്നറിയാതെ പോയാലോ,
നേരുള്ളോരാരും പൊറുക്കയില്ല.

ബഥനിയെന്ന മഹാപ്രസ്ഥാനത്തിന്റേതാം
കഥ ശരിയായി മനസ്സിലാക്കി,
മുണ്ടൻമലവിട്ടു വന്നവരക്കാലം
തണ്ടലർപോലെ മനം ഹരിച്ചു.

എബ്രഹാം ബർസ്ലീബാ, ജോബ്, സ്തേഫാനോസ്
കോശി,യൗനാ, നെഫ്രേം, പക്കോമിയോസ്
ആന്റണിതൊട്ടുള്ള സാധുക്കളു,മിവർ
ആദ്യകാലം തന്നെ ഐക്യപ്പെട്ടോർ.





അല്മായക്കാരിൽ നിന്നാദ്യം പുനരൈക്യ-
സത്മത്തിൽ വന്നു പ്രഖ്യാതർചിലർ;
വിശ്വാസകാര്യകൃതഹസ്തരാണിവർ
യേശുവിൻ മാർഗ്ഗമറിഞ്ഞു വന്നോർ.

ഡിസ്ട്രിക്ടു ജഡ്ജിയാം മാരേട്ടേ പീലിപ്പോസ്
എം.എം. വർക്കി, അയ്രൂർ എസ്, തോമസ്,
മാരേട്ടുവീട്ടിലെ കുഞ്ഞേനാച്ചൻ, കവി-
വി.റ്റി. ഐപ്പെന്നിവർ ശ്രദ്ധേയന്മാർ.

എന്നുടെ മൂല കുടുംബം ചെങ്ങന്നൂരിൽ
കാട്ടൂവെട്ടൂരതി,ലൂരേൽ വീട്ടിൽ
ബാററ്റ്ലോ ജോർജ്ജ്ജോസഫെന്നതുപോലെ
കണ്ണന്താനത്തു ശ്രീ കീവർച്ചൻ,

നെല്ലിമൂട്ടി,ലലക്സാണ്ടർ മുതലാളി
പുഷ്പപുരം സി. ഫിലിച്ചു സാറും
കുറ്റിയിലുണ്ണി, കോട്ടയ്ക്കൽ നൈനാൽ സാർ
എൻ പിതാവയ്യനേ,ത്തുമ്മൻ കോശി;

ചിറ്റപ്പൻ കോശി കൊച്ചുമ്മൻ വകയാറും
വേറെയുമേറെപ്പേരുണ്ടെന്നാലും,
പേരെടുത്തിങ്ങനെ ചൊല്ലാൻ പണിയേറെ-
കാരണം വിസ്താരഭീതിതന്നെ!

www.malankaralibrary.com



# തിരുവല്ലാ രൂപത
## (നതോന്നത പോലെ)

തിരുവനന്തപുരം പോൽ
തിരുവല്ലാ രൂപതയും
നവംബർ ആറാം തീയതി
മുപ്പത്തിമൂന്നിൽ

സ്ഥാപിതമായ്, യാക്കോബു മാർ-
തെയോഫിലോസ് എപ്പിസ്ക്കോപ്പാ,
തിരുവല്ലാ രൂപതയിൽ
ഭരിച്ചു വന്നു.

സർക്കരാശുപത്രിയ്ക്കല്പം
കിഴക്കായി വാടകയ്ക്ക്
കെട്ടിടമെടുത്തവിടെ
താമസമാക്കി;

ഇതിനു പടിഞ്ഞാറായി
വാടകയ്ക്കെടുത്തു വീണ്ടും
ഏക്കറൊ,ന്നവിടെയൊരു
ചാപ്പലുണ്ടാക്കി

കത്തീഡ്രല്, ഇന്നു മൈനർ
സെമിനാരി നില്ക്കും സ്ഥലങ്ങൾ
രൂപത ചങ്ങനാശ്ശേരി
തന്നതാണല്ലോ!





താഴംപള്ളിയില്ലത്തിന്റെ
ഇരുപത്തഞ്ചോളമേക്കർ
വിലയ്ക്കു വാ,ങ്ങിച്ചാഗസ്റ്റ്
മുപ്പത്തിമൂന്നിൽ.

അവിടെയാണല്ലോ പുഷ്പ-
ഗിരിയെന്നോരാശുപത്രി-
തുടങ്ങിയ, തിന്നതൊരു
മെഡിക്കൽ കോളേജ്!

റോമിൽ പോയി മാർപാപ്പയെ
കണ്ടതിനു പുറമേ,യൊ-
ട്ടേറെ ധനം ശേഖരിച്ചു
പലരിൽ നിന്നും.

ഇതുമൂലം തിരുമേനി
നാനാതരം വികസ്വര-
പ്രവർത്തനം രൂപതയിൽ
നടത്തുകയായ്.

ആശ്രമത്തിന്നായുമേവം
മഠത്തിനുമായി സ്ഥലം
ആവശ്യാനുസൃതം വാങ്ങി,
സ്ഥാപിച്ചിതെല്ലാം.

പള്ളികളനേകം തീർത്തു,
പലേടത്തായ് വന്ദ്യ താതൻ
പള്ളിക്കൂടങ്ങളും തന്റെ
ജനങ്ങൾക്കായി.

www.malankaralibrary.com



മതപര പുസ്തകങ്ങൾ
പ്രസിദ്ധീകരിക്കാനൊരു
പ്രസ്സു വാങ്ങി സ്ഥാപിച്ചതു
പുഷ്പഗിരിയിൽ.

അവിടെ താമിസിച്ചത്രേ
തിരുമേനിയക്കാലത്ത്
ഭരിച്ചതു രൂപതയെ
സമർത്ഥമായി.

പള്ളികളിരുപത്തൊന്നും
വൈദികന്മാർ ഇരുപതും,
എന്നു കാണായാദ്യകാല-
കണക്കെടുപ്പിൽ.

വിശ്വാസികൾ കത്തോലിക്കാ-
സഭയ്ക്കുള്ളിൽ വരുന്നതിൽ
സംഘടിതമായ് വളർന്നു
എതിർപ്പു നീളെ.

മെത്രാൻമാരും ചില ദിന-
പ്പത്രങ്ങളും കൂട്ടുനിന്നു;
ഉപരോധകേന്ദ്രമായി
പുരി കോട്ടയം.

പാത്രിയാർക്കിസ് പക്ഷക്കാരും
കുടുംബശക്തിസമ്മർദ്ദം
പ്രയോഗിച്ചു പുനരൈക്യം
ശൂന്യമാക്കുവാൻ





എങ്കിലും വളർന്നു വന്നു
രൂപത പല വിധത്തിൽ
സങ്കടമുണ്ടായതൊരു-
കാര്യത്തിൽ മാത്രം.

രോഗ ബാധിതനായിത്തീർന്നു
തെയോഫിലോസ് തിരുമേനി;
അലോപ്പതി, യായൂർവേദ-
ചികിത്സയൊന്നും,

ഫലിക്കാതെ വന്നതോടെ
ദിവംഗതനായിദ്ദേഹം
അറുപത്തഞ്ചാം വയസ്സിൽ,
ജൂണമ്പത്താറിൽ!

ഇക്കാലത്തു ഭരണത്തിൻ
ചുക്കാൻ പിടിച്ചതു വന്ദ്യ-
പുലിക്കോട്ടേ ജോസഫെന്ന
ധീരനാം റമ്പാൻ.

നവംബർ മുപ്പത്തിയാറാ-
മാണ്ടു മുതൽ മോൺസിഞ്ഞോറാം
സക്കറിയാസ്, വീടു ചൊന്നാൽ,
“വാച്ചാപ്പറമ്പിൽ”;

രണ്ടുകൊല്ലക്കാലത്തോളം
ഭരണം നടത്തി; കർമ്മ-
മണ്ഡലത്തിൽ വന്നു പിന്നെ,
മാർ സേവേറിയോസ്.

www.malankaralibrary.com



മുപ്പത്തേഴിൽ പുനരൈക്യം,
മുപ്പത്തെട്ടിലധികാരം;
അഭിവൃദ്ധി അതോടുകൂ
ടവിടുണ്ടായി.

അൻപത്തിനാലേപ്രിൽ മാസം
ശ്രദ്ധേയമായൊരു നേട്ടം;
എന്നന്നേക്കും രൂപതതൻ
ചരിത്രമായി

സക്കറിയാസച്ചനെ, മാർ
അത്താനാസ്യോസെന്ന പേരിൽ
സഹായക മെത്രാനായി
അഭിഷേചിച്ചു.

അങ്ങനെല്ലാം ഭംഗിയായി
പുരോഗമിക്കവേ വീണ്ടും
ഭാഗ്യദോഷം! കാലം ചെയ്തു
മാർ സേവറിയോസ്!

അമ്പത്തഞ്ചു ജനുവരി-
പതിനെട്ടിലീ സംഭവം,
നൊമ്പരപ്പെട്ടല്ലോ പുന-
രൈക്യപ്പെട്ടവർ.

ഈവാനിയോസ് തിരുമേനി
കാലം ചെയ്യും വരെയെല്ലാം
ആലോചിച്ചു, ഭരിച്ചു, മാർ
സേവറിയോസ്.





എംഡിയിൽ പഠിപ്പിച്ചതും
സെറാംപൂരിൽ കൊണ്ടുപോയി
ഉന്നതവിദ്യാഭ്യാസം നേടാൻ
സഹായിച്ചതും.

വന്ദ്യനാം മാർ ഈവാനിയോസ്
താതനാണെന്നുള്ള കാര്യ-
മൊന്നുമേ മറന്നതില്ല,
മരിക്കുവോളം!

തിരുസഭാംഗമായ് തീർന്ന
ദിയസ്ക്കോറസ് തിരുമേനി
ചിങ്ങവന, മൊറ്റത്തെക്കൽ
കുടുംബക്കാരൻ.

ഭരിക്കാൻ മിനക്കെടാതെ
ഭക്തിമാർഗ്ഗ സഞ്ചാരിയായ്
മുക്തി നേടാൻ മാത്രം നോക്കി;
ജീവൻ മുക്തനായ്

തിരുവല്ലാ ഭാഗത്തുള്ള
ചിലർക്കിന്നുമൊരു ചെറു-
പരാതിയുണ്ടിവിടതു
തൊട്ടുവിട്ടേക്കാം.

തിരുവല്ലാ രൂപതയ്ക്കായ്
കാര്യമായിട്ടൊന്നും വന്ദ്യ-
മാറിവാനിയോസു താതൻ
ചെയ്തതില്ലപോൽ!

www.malankaralibrary.com



ആശ്രമമില്ലന്നു മഠമില്ല,
പള്ളികളുമില്ല;
പള്ളിക്കൂടം പോലെയുള്ള
സ്ഥാപനോമില്ല.

പ്രത്യേകിച്ചും തെയോഫിലോസ്
തിരുമേനി രോഗിയായി,
നിസ്തേജനായ്ത്തീർന്നോരന്ത-
രാളഘട്ടത്തിൽ!

ഉത്തരമീയാരോപണ-
മുന്നയിക്കുന്നോർക്കുവേണ്ടി
ഇത്തരമേ, ചൊല്ലാനുള്ളു
സദയം കേൾക്കു:

ആർച്ചു ബിഷപ്പാണെങ്കിലും
കീഴിലുള്ള രൂപതതൻ
ഭരണത്തിലിടപെടാ-
റില്ല സഭയിൽ.

മറ്റൊന്നിതാ; മാറിവാന്യോസ്
തിരുമേനി, മാനസിക-
വ്യഗ്രതയിലായിരുന്നു
തുടക്കനാളിൽ.

താമസിക്കാനിടമില്ല,
സ്ഥലം വാങ്ങിപ്പോയലതു
ഗവൺമെന്റു കൈക്കലൊക്കും-
നടപടികൾ!





പള്ളിയില്ല, ശവക്കോട്ട-
യില്ല, പള്ളിക്കൂടമില്ല,
ഒന്നിനുമൊരനുവാദം
സർക്കാർ നൽകില്ല.

ഭരിക്കുന്ന ദിവാൻ സി.പി.
രാമസ്വാമി അയ്യർക്കെന്തോ,
വർഗ്ഗീയവികാരരാഗ-
ദ്വേഷവുമുണ്ടായ്.

തിരുവല്ലായിലേക്കന്നു
ശ്രദ്ധതിരിക്കുവാനായി
സമയം കിട്ടിയതില്ല;
മനഃസ്വാസ്ഥ്യവും.

എങ്കിലും ആശ്വസിച്ചിടാം
തിരുമേനിയുടെ ശിഷ്യൻ
സേവേറിയോസ് എപ്പിസ്കോപ്പാ
തിരുവല്ലായിൽ,

ഭരണാധികാരിയായി
വാണകാലം രൂപതതൻ
മുഖച്ഛായമാറി, പുരോ-
ഗതിയുണ്ടായി.

www.malankaralibrary.com



# മേരിമക്കൾ സന്യാസിനീ സഭ

**(പാന പോലെ)**

ചങ്ങനാശ്ശേരി രൂപതയിൽ നിന്നു-
മിങ്ങുവന്ന തോട്ടാശ്ശേരിയച്ചനും,
കർമ്മലീത്താ സഭക്കാരനായൊരു
നിർമ്മല ചിത്തൻ, ഫാദർ ഗ്രിഗറിയും

ഐക്യപ്രസ്ഥാനം രൂപപ്പെടും മുമ്പേ
സത്യമാർഗ്ഗം തെളിച്ചുകൊടുക്കുവാൻ
ആദ്യമായ് തിരുവല്ലായി,ലൈരൂർ,
തുമ്പമണ്ണെന്നീ ഭാഗങ്ങളിൽ വന്നു.

യാക്കോബായക്കാർ കത്തോലിക്കാ സഭാ-
മാർഗ്ഗത്തിൽ വരാൻ പ്രസ്തുത വൈദീകർ
ത്യാഗനിർഭരരായി പ്രവർത്തിച്ച-
കാര്യമിന്നും ചിലരോർക്കുന്നുണ്ടാവാം.

മാറിവാനിയോസ് താതന്റെയാവശ്യം
ഹൃത്തിലുൾക്കൊണ്ടുവന്നു മുപ്പത്തഞ്ചിൽ
ജോസഫെന്ന കുഴിഞ്ഞാലിലെയച്ചൻ
ചങ്ങനാശ്ശേരി രൂപതയിൽ നിന്നും.

മിഷ്യൻ വേലയ്ക്കീ വൈദികനെ താതൻ
ദക്ഷിണകേരളത്തിലയയ്ക്കയായ്;
മാർത്താണ്ഡം കേന്ദ്രമാക്കി പ്രവർത്തിച്ചാൻ;
കർത്താവു നൽകി,യാശിച്ച സൽഫലം.





നാടാൻമാരുമവർണ്ണർ, ദളിതരും
മറ്റധഃസ്ഥിതരായ വർഗ്ഗക്കാരും
യൗസേപ്പച്ചനെ പിൻചെന്നു, സ്നേഹത്തിൻ
ക്രൈസ്തവമാർഗ്ഗം സ്വീകരിച്ചക്കാലം.

മിഷ്യൻ കേന്ദ്രങ്ങൾ, ഓലപ്പള്ളികളും
മന്ദംമന്ദമുയർത്തി നടക്കവെ,
കണ്ടൊരു സത്യം; സന്യാസിനീ സംഘം
തന്റെ കൂടെയില്ലാത്തതിൻ പോരായ്മ.

ഉന്നതമായോരീ ലക്ഷ്യപ്രാപ്തിക്കായ്
മുന്നിട്ടദ്ദേഹം രംഗത്തിറങ്ങവെ
കന്യകാമഠ പ്രസ്ഥാനമുണ്ടാക്കാൻ
സന്നദ്ധരായിട്ടന്നു ചിലർ വന്നു.

പാലാദേശത്തടുത്ത പ്രവിത്താനം
കല്ലറയ്ക്കൽ നിന്നാദ്യമൊരാളെത്തി,
ഏലിയാമ്മയെന്നായിരുന്നു, പേര്,
പിന്നതു മദർ മേരിയെന്നു മാറി

യൗസേപ്പച്ചന്റെ നേതൃത്വത്തിലൊരു
കന്യകാസഭ സ്ഥാപിച്ചതിന്റെ പേർ
“മേരി മക്കളെ”ന്നായിതി,ന്നാസ്ഥാനം
മാർത്താണ്ഡമാക്കി; റീത്തും മലങ്കര.

ആദ്യം വന്നവരെന്നു പറയുവാൻ
രണ്ടുപേർ കൂടിയുണ്ടായുടൻ തന്നെ;
ആഗ്നസു, തെരേസായു; മെല്ലാം ഓർത്താൽ
മാർ ഇവാനിയോസ് താതന്നനുഗ്രഹം!

www.malankaralibrary.com



അർത്ഥിനികൾ സമർപ്പിതരാകുവാൻ,
സന്യാസത്തിൽ പ്രതിഷ്ഠിതരാകുവാൻ
അർത്ഥവത്തായ ശിക്ഷണമീ സഭാ-
മക്കൾക്കേകി, ബഥനി മദർ, ബാസിം.

കണ്ണടച്ചു തുറക്കുന്ന മട്ടിലായ്,
മേരി മക്കൾ തൻ സംഘ പുരോഗതി;
കേരളത്തിനകത്തും പുറത്തുമായ്
ധാരാളം മഠമുണ്ടായ് പലരീതിൽ.

ആതുരാലയം, പ്രസ്സ്, തൊഴിൽ പരി-
ശീലനകേന്ദ്രം പള്ളിക്കൂടങ്ങളും,
സേവനപരസ്ഥാപനദ്വാരായീ-
മേരിമക്കൾ തുണയ്ക്കുന്നനേകരെ.

## അഞ്ചൽ സെന്റ് ജോസഫ്സ് ആശുപത്രി
**(പാന പോലെ)**

ദർശനംവിനാ പോകുന്ന ദേശങ്ങൾ
വിശ്വത്തിൽ നിലനിൽക്കില്ലൊരിക്കലും;
ഹൃത്തടത്തിലണഞ്ഞു പോകാതയീ
സത്യം സൂക്ഷിച്ചിരുന്നു തിരുമേനി.

ദർശനസിദ്ധജ്ഞാനവരദാന-
മാസ്മരശക്തിയോടെയീ മാമുനി,
ഓരോരോ മഹാകാര്യങ്ങൾ ചെയ്തു കൊ-
ണ്ടായുസ്സു ചെലവാക്കി സഹജർക്കായ്.





ശാശ്വതസ്മരണാർഹനായ്ത്തീർന്നു, തൻ-
സ്പർശനം മാത്രം നന്മയ്ക്കു ഹേതുവായ്;
ദൃഷ്ടാന്തമിതിന്നൊട്ടേറെയുണ്ടെന്നാൽ,
തൊട്ടുകാണിക്കാൻ ഒട്ടടുത്തൊന്നിതാ;-

മേരിമക്കൾ സമൂഹം നടത്തുന്നോ-
രഞ്ചലാതുരശുശ്രൂഷാ സ്ഥാപനം,
മാറിവാനിയോസ് താതന്റെ കൈപ്പുണ്യ-
ശാഖിയിൽ പൂത്ത സൗഗന്ധിക പുഷ്പം.

*"പട്ടരുവിള" യേക്കറിരുപത്തി-
യെട്ടുവാങ്ങിച്ചു; വല്ല്യവീട്ടച്ചനെ
നോക്കാനേൽപിച്ചു, പിന്നെ വികാരിയായ്
വന്നു ജോസഫു തച്ചേട്ടെന്നൊരച്ചൻ;

അങ്ങനെകാലം മുന്നോട്ടു നീങ്ങവെ
മംഗലമൊരു കാര്യമുദിക്കയായ്;
മാറിവാനിയോസ്, ഫാദർ തച്ചേട്ടിനോ-
ടേവമോതി മഹത്താമൊരു കാര്യം!

"വന്നിട്ടുണ്ടൊരു ഡിസ്പൻസറിക്കുള്ള
സാധനം കുറെ,യച്ചനതുമായി,
മേരിമക്കളെക്കൊണ്ടു തുടങ്ങണം.
ആശുപത്രിയൊന്നഞ്ചലിൽ നാട്ടാർക്കായ്.

പ്രാഥമികച്ചെലവിന്നു ഞാൻ നൽകാം
ആയിരം രൂപ, പോരാത്തതിനച്ചൻ
കാണണം വഴി, ദൈവം തുണച്ചിടും
ദൈവ സ്നേഹമാ നാട്ടിൽ നാം കാട്ടണം".

*എൻജിനീയർ ശ്രീ. മണിഅയ്യരുടെ ഈ സ്ഥലത്തിന്റെ പേര്, "ഏറനാട് എസ്റ്റേറ്റ്"ന്നായിരുന്നു. നാട്ടുകാരിട്ട പേരാണ്, "പട്ടരുവിള".

www.malankaralibrary.com



സിസ്റ്റർ ആഗ്നസും കൂട്ടരും നാട്ടിൽ പോയ്
വീട്ടുകാരെ, പരിചിതരെ, പഴേ-
കൂട്ടുകാരെ സമീപിച്ചു സംഭരി-
ച്ചൽപമൊക്കെ പണം, പണിതീർക്കുവാൻ

ലത്തീൻപള്ളി വികാരി, സിറിൽ മോത്താ-
അച്ചനും, വല്യവീട്ടിലെയച്ചനും,
തച്ചേട്ടച്ചനെ യേറ്റം തുണച്ചല്ലോ,
നാട്ടിൽ നിന്നു പണം പിരിച്ചീടുവാൻ.

എന്റെ പൂർവ്വ കുടുംബത്തിൽപ്പെട്ടതാം.
നിരണം പുള്ളിപ്പടവൻ ഗൃഹത്തിലെ
തോട്ടം സൂപ്രണ്ട് ഏരൂരെ കീവർച്ചൻ
മേൽക്കൂരയ്ക്കു തടികൾ തന്നു കുറെ.

കൊച്ചു ഡിസ്പൻസറിയൊന്നിതുവിധം
അഞ്ചലിൽ മേരി മക്കളാരംഭിച്ചു.
അമ്പത്തി മൂന്നിലാ,ണതിന്നു വളർ-
ന്നംബരം മുട്ടം മട്ടിലുയർന്നഹോ!

അമ്പത്താറിൽ വികാരിയായീ ഗ്രന്ഥ-
കർത്താവഞ്ചലിൽ ചാർജ്ജെടുത്തപ്പോഴും,
പിന്നറുപത്തിനാലിൽ കോളേജിന്റെ
നിർമ്മാതാവു, മദ്ധ്യാപകനുമായും.

പട്ടരുവിള വന്നപ്പോഴും പഴേ-
മട്ടിലീ കൊച്ചു ഡിസ്പൻസറി കാണായ്.
അന്നിതിൻ ഭരണക്കാരി നേഴ്സിംഗിൽ
ശിക്ഷണമുള്ള കന്യാസ്ത്രീ സോഫിയാ.





ആശുപത്രി വിപുലീകരിക്കുവാ-
നാലോചിച്ചതിൽ, കണ്ടൊരു പോംവഴി;
കിട്ടണം പണമെങ്ങുനിന്നായാലും;
നോക്കണമൊരു ഫണ്ടിംഗേജൻസിയെ.

കോളജന്നാരംഭിക്കെ, സ്ഥലം വിട്ട
ഫാദർ കൈപ്പള്ളി നേടിയൊരഡ്രസ്സിൽ
മെത്രാപ്പോലിത്താ മാർഗ്രിഗോറിയോസിൻ
ഒത്താശയോടപക്ഷേയയയ്ക്കയായ്.

ഡൽഹിയിലുള്ള "മിസരിയോറി"ന്റെ
ഓഫീസിൽ നിന്നു വേണ്ട സഹായങ്ങൾ,
ആശുപത്രി വിപുലമാക്കിടുവാൻ
കിട്ടണം പണമെന്നതേ വസ്തുത.

മിസരിയോറിൻ സെക്രട്ടറി, ഫാദർ
റ്റോംഗഹോ നിന്നു നമ്മൾക്കു താങ്ങായി;
ഭേദപ്പെട്ടൊരു കെട്ടിടം തീർക്കുവാൻ
വേണ്ടത്ര പണം നല്കുകയുണ്ടായി.

കെട്ടിടപ്പണി തീർന്നപ്പോൾ റ്റോംഗെത്തി
എല്ലാം നോക്കികണ്ടേറ്റവും തൃപ്തനായ്;
അന്യഥാപണം പോയില്ലതെന്നതിൽ
വന്നതായേക്കാം മറ്റൊരു കാരണം.

നന്ദി ഞങ്ങൾ പറഞ്ഞപ്പോഴദ്ദേഹം
അഡ്മിനിസ്റ്റേറ്റർ സോഫിയ സിസ്റ്ററെ-
നിർമ്മാണത്തിൽ ചുമതലക്കാരനാ-
മെന്നെയുമഭിനന്ദിച്ചു പ്രത്യേകം.

www.malankaralibrary.com



പിന്നറുപത്തിയൊൻപതിലോ, സ്ഥലം-
മാറിപ്പോയ് ഞാനിവാസിയോസ് കോളേജിൽ
ഇന്നിതെല്ലാമറിയും "ഫറവോനായ്"-
അന്നേയുള്ളൊരു ഡ്രൈവർ, ബഷീർ മാത്രം!

അഞ്ചലിലുള്ള ഡിസ്പെൻസറിയൊരു
ആശുപത്രിയായ് മാറിയതിക്കാലം,
രണ്ടാംഘട്ടമിതു കഴിഞ്ഞപ്പോഴും
നിശ്ചലമായതില്ല വികസനം.

സോഫിയാ സിസ്റ്റർ അഞ്ചലിലൊട്ടേറെ-
ക്കാലമായ്; സ്ഥലമാറ്റമനിവാര്യം.
പിന്നിസ്ഥാപനം നന്നായ് നടത്തുവാൻ
വന്നവർ കൃതഹസ്ഥരായ് തീർന്നവർ.

ഭരണകാര്യസംബന്ധമായൊട്ടേറെ-
യുപരിവിജ്ഞാനം നേടിയതാണിവർ,
ഇന്നുകാണും ബൃഹത്തായ മുൻനിര-
കെട്ടിടങ്ങൾ, വിവിധ വിഭാഗങ്ങൾ,

നേഴ്സിംഗ് കോളേജിത്യാദി പുരോഗതി
മൂന്നാംഘട്ട വികസന ദൃഷ്ടാന്തം,
ഇക്കാര്യത്തിനടിസ്ഥാനമായ്ത്തീർന്നു,
സോഫിയ സിസ്റ്റർ തന്റെ പ്രവർത്തനം.

മറവിതന്നുടെ മാറാലയ്ക്കപ്പുറം
മറയാതെ നില്ക്കും ദീപ്തമൊരു സത്യം;
ആശുപത്രിയൊന്നിങ്ങനെയുണ്ടാകാൻ
മുഖ്യകാരണം താതനിവാനിയോസ്!





# സർ സി.പി: മത്സരകാണ്ഡം

**(ഓട്ടം തുള്ളൽ പോലെ)**

മാർപ്പാപ്പായുടെ കല്പനയാലെ
ആബൂനോ മാർ ഇവാനിയോസ്,
ദൈവനിയോഗത്താലിവിടെത്തി
ആർച്ചുബിഷപ്പായ് അനന്തപുരിയിൽ

ഡോക്ടർ രാമൻപിള്ളയ്ക്കുള്ളൊരു
ഭവനം വാടക നല്കിയെടുത്തു;
വെള്ളയമ്പലഭാഗത്തിതു,പി-
ന്നിവിടെ താമസമാക്കി താതൻ.

മാസമൊരഞ്ചാറായൊരു കാലം
സ്വന്തം ഗൃഹമുണ്ടാക്കാൻ ശ്രമമായ്,
പട്ടുത്തുള്ളൊരു ശരവണ വസ്തു
പാട്ടം നല്കി, കൈവശമാക്കി.

അവിടെത്താമസമാക്കിയ കാലം,
രാജാവന്ന് ചിത്തിരതിരുനാൾ;
ദിവാൻ പദത്തിൽ ഓസ്റ്റിൻധ്വരയും;
തിരുമേനിക്കിദ്ദേഹം മിത്രം.

ഓസ്റ്റിൻ വിരമിച്ചപ്പോൾ, പുറകെ
വന്നൊര,ബീബുള്ളായാകട്ടെ,
മുപ്പത്താറിലുപേക്ഷിച്ചല്ലോ
മന്ത്രിപദം, ബത! കാരണമെന്തോ?

www.malankaralibrary.com



എങ്കിൽക്കാണുക വിധിയുടെ കളി, നാം
സി.പി. കൈവശമാക്കിയൊരിത്തറ
കാലം മാറിപ്പോകേ രൂപത,
വാങ്ങിയനന്തരമരമനയാക്കി!

ആശ നശിച്ചില്ലുടനെ താതൻ
കേശവദാസപുരത്തൊരുവസ്തു
വിലയ്ക്കുവാങ്ങി പാർപ്പിടസഹിതം
വിസ്തീർണ്ണത്തിൽ ഏക്കറുപത്ത്.

താമസമാക്കി അവിടെ താതൻ ;
ഉറക്കമുണ്ടോ സാത്താനെന്നാൽ;
അവിടെ നിന്നും തുരത്തുവാനായ്
ഒരുങ്ങി സി.പി സ്വേച്ഛരാപൂർവ്വം.

അന്നൊരുനാളിൽ അരമനമുമ്പിൽ
സന്നാഹത്തോടെത്തുകയായി;
പ്ലാനൊടുകൂടെ സർവ്വേക്കാരും
പോലീസും, ചില മേധാവികളും

സർക്കാരീന്നീ ഭൂമിയളന്നു-
കൈവശമാക്കണമത്യാവശ്യം;
ദിവാൻജിയിട്ട കല്പനയാണ്
ജവേന പോകണമാർച്ചു ബിഷപ്പ്!

ഇങ്ങനെയറിപ്പുണ്ടായപ്പോൾ
പുറത്തുവന്നാനാർച്ചു ബിഷപ്പ്;
ഗർജ്ജിതമുണ്ടായവരോടേവം;
"കടന്നുപോകൂ, ഇവിടെ നിന്നും".





ഉള്ളിലിരിക്കുമൊരാജ്ഞാശക്തി,
ആചാര്യന്നുടെ ദൈവിക ശക്തി,
സ്വതവേയുള്ളൊരു കായിക ശക്തി-
പ്രഭാവമൊത്തിഹ സമന്വയിച്ചാൻ!

വെള്ളിടിപോലെയവരുടെയിടയിൽ
നിപതിച്ചപ്പോൾ സ്തംഭിതരായി,
നിഷ്ക്രിയരായും തീർ,ന്നവർമെല്ലെ,
പുറത്തുപോയാവസ്തുവിൽ നിന്നും!

ഉടനൊരു കത്തു സി.പിക്കായി
കൊടുത്തയച്ചാനാർച്ചുബിഷപ്പ്,
ഉള്ളടക്കം വായിച്ചപ്പോൾ
കിടിലം കൊണ്ടാൻ ദിവാൻജി, സി.പി.

മണ്ണിതുവാങ്ങാനുപയോഗിച്ചതു,
മാർപാപ്പായുടെ പണമാണതിനാൽ
സർക്കാരിന്നിതു കൈവശമാക്കാൻ
മാർപാപ്പായുടെ അനുമതിവേണം.

ഇതാണു കത്തിലടങ്ങും കാര്യം,
ഇതിന്റെ പ്രത്യാഘാതം കണ്ട്,
തന്നുടെ നിശിതം നടപടി സ.പി;
തത്ക്കാലത്തേക്കൊതുക്കിവച്ചു.

പള്ളികൾവയ്ക്കാൻ, ശവമടക്കാൻ
സർക്കാരിന്നനുവാദം വേണം;
എങ്കിൽ സ്വന്തം ഭൂമിയിൽ മൃതരെ
ചിലർക്കടക്കാ; മെത്രവിചിത്രം!

www.malankaralibrary.com



ക്രിസ്ത്യാനിക്കിതു പാടില്ലെന്നത്,
സത്യം ചൊന്നാൽ ക്രൂരതതന്നെ!
ശവസംസ്ക്കാരം നസ്രാണിക്ക്
പള്ളിപ്പുരയിടമതിലേ പറ്റൂ.

അമ്പലമതുപോൽ കാവുണ്ടെങ്കിൽ
ആ ഭാഗത്തൊരു പള്ളിയുയർത്താൻ
പാടില്ലിവിടെ; ക്രിസ്ത്യാനിക്ക്-
ഈ ദൃശ തടസ്സം ന്യായവിരുദ്ധം!

പരസ്യാരാധന പാടില്ലെന്നൊരു
സി.പി. നിയമത്തിന്നെതിരായി:
"പരസ്യാരാധനയല്ല കുർബാന,
രഹസ്യമായും ബലിയർപ്പിക്കാം.

അതിനാൽ ക്രിസ്ത്യാനിക്കു വിശുദ്ധ-
കുർബ്ബാന തന്നുടെയർപ്പണമാകാം"
ഇടയലേഖന മൊന്നീവണ്ണം
പുറത്തിറക്കി ആർച്ചു ബിഷപ്പ്.

ശവസംസ്കാരം ചെയ്യാനൊരുവഴി
ഇവിടെ കാണാതാകെ, ജനങ്ങൾ
മനസ്സുണ്ടെങ്കിലുമകന്നുനിന്നു
പുനരൈക്യത്തിൽ ചേരാതകലെ.

തിരുമേനിക്കിതു നൊമ്പരമായി,
ഉന്നതമാകും തൻ പ്രസ്ഥാനം
എവിടെ നിന്നോ വന്നൊരു പട്ടർ
തകർത്തുകളവതു ദുസ്സഹമായി.





ഇടയലേഖന വിവരമറിഞ്ഞ്
ദിവാൻജി സി.പി. രുഷ്ടനായി
താതനെയോടിക്കാനായ് വീണ്ടും
പദ്ധതിയാലോചിച്ചദ്ദേഹം.

അങ്ങനെ പ്രശ്നം ചൂടുപിടിക്കേ,
പുതിയൊരു സംഭവമവിചാരിതമായ്;
ഉയർന്നുവന്നതു ലണ്ടനിലത്രേ!
പാർലമെന്റിൽ, സഭ രണ്ടിലുമായ്.

ആർച്ചുബിഷപ്പിൻ സ്നേഹിതനായ
ഫിറ്റ്സാലൻ പ്രഭു, പ്രഭു സഭ തന്നിൽ
ഉന്നയിച്ചാൻ ചോദ്യം, താഴേ-
സഭയിലുമതുപോൽ മഹതിയൊ,രെംപി.

"തിരുവിതാംകൂർ നാട്ടുരാജ്യം
ആംഗലസാമ്രാജ്യത്തിനുള്ളിൽ;
സർക്കാരവിടെ ക്രിസ്ത്യാനികളെ
പീഡിപ്പിക്കാനൊരുമ്പെടുന്നോ"?

"ബ്രിട്ടനു മുമ്പിൽ തിരുവിതാംകൂർ
കപ്പം നല്കും ചെറിയൊരു രാജ്യം,
കേവലമുദ്യോഗസ്ഥൻ മാത്രം,
സി.പി. രാമസ്വാമി അയ്യർ".

ലോകം മുഴുവൻ ശ്രദ്ധിച്ചീടും,
പാർലമെന്റിൽ ഉയരും ശബ്ദം;
പ്രത്യാഘാതം ഗുരുതരമാകും;
ദിവാൻ തെറിക്കും ജോലിയിൽ നിന്നും!

www.malankaralibrary.com



അനന്തപുരിതന്നാർച്ചുബിഷപ്പ്
ഈവാനിയോസ് തിരുമേനി, പാർത്താൽ
അന്താരാഷ്ട്ര പ്രസിദ്ധിയുള്ളോ-
രതികായനുമാണെന്നൊരു ബോധം,

സി.പിയ്ക്കുണ്ടായതിനാൽ ഞാണിൽ
തൊടുത്തൊരമ്പുകൾ പിൻവലിച്ചു!
നിഷ്ക്രിയനാകാൻ മറ്റൊരു സംഭവ-
മന്നുണ്ടായതു ഹേതുവുമായി.

ക്രൈസ്തവ,രീഴവർ, മുസ്ലീമുകളും
സംഘടിച്ചു, സി.പി. നടത്തും
ദുർഭരണത്തിന്നെതിരായിങ്ങനെ
നിവർത്തന പ്രക്ഷോഭമുയർന്നു!

മതപരമായ വിവേചനമതുപോൽ
പിന്നോക്കക്കാരധഃസ്ഥിതർക്കായ്
സർക്കാർ ജോലിക്കുള്ള നിരോധം;
പ്രക്ഷോഭത്തിൻ കാരണമിവതാൻ.

ഇതിന്റെ പിന്നിൽ ആർച്ചു ബിഷപ്പിൻ
സമർത്ഥമാം കരമുണ്ടെന്നത്രേ,
സി.പി.ക്കും സ്തുതി പാഠകരാകും
ചിലർക്കുമന്നു കിട്ടിയ വിവരം.

ഇതിനും പുറമേ, പ്രക്ഷോഭക്കാർ
സി.പി. സർക്കാരിന്നെതിരായി,
വൈസ്രോയിക്കൊരു മെമ്മോറാണ്ടം
കൊടുത്തുവെന്നൊരു വാർത്ത പരന്നു.





ഇതിന്റെ പിന്നിലുമാർച്ചുബിഷപ്പിൻ
കൈയുണ്ടെന്നതു സത്യവിരുദ്ധം;
പുറത്തു വിട്ടൊരു പ്രസ്താവനയിൽ
തുറന്നുകാട്ടി താതനിതെല്ലാം.

സാധാരണയൊരു മെത്രാനല്ല,
ആർച്ചുബിഷപ്പാം ഇവാനിയോസ്;
എന്നൊരു ബോധം സി.പി.ക്കുണ്ടായ്;
ഒഴിഞ്ഞതില്ല കലി എന്നിട്ടും!

“ഭയപ്പെടുത്തുവ,തൊരാളുമാത്രം
ആർച്ചുബിഷപ്പാം ഇവാനിയോസ്”
ഒരിക്കലറിയാതുണ്ടായീപോൽ
സി.പിയിൽ നിന്നീയാൽമോൽഗാരം!

എതിരായ് നില്പോൻ സ്ഥലം വിടേണം
എന്നു വിചാരിച്ചിരുവരുമന്ന്!
സി.പിയും ആർച്ചുബിഷപ്പും നീക്കി
ഓരോരോ കരു യുക്തിപൂർവ്വം.

www.malankaralibrary.com



# സി.പി. ഷഷ്ടി - പൂർത്തിയാഘോഷം

**അനുരഞ്ജനം**

**(ഓമനക്കുട്ടൻ പോലെ)**

തുല്യശക്തരാം രണ്ടുപേർ തമ്മിൽ
മത്സരം വന്നാലെങ്ങനെ!
ആരും തോല്ക്കുന്നില്ലവ്വണ്ണം തന്നെ
ആരുമേ ജയിക്കുന്നില്ല ഹോ!

സർക്കാരു കൈയിലുണ്ടെങ്കിൽ നമു-
ക്കൊട്ടേറെക്കാര്യം നേടിടാം;
പള്ളിവയ്ക്കണം, ശവമടക്കണം
എന്തിനും വേണമനുവാദം!

ഭരണത്തേരു തെളിച്ചിടും സി.പി.
അനുകൂലമായിത്തീരുകിൽ;
നിഷ്പ്രയാസം നമുക്കുസാധിയ്ക്കാം;
സുപ്രധാനമാം കാര്യങ്ങൾ.

എങ്ങനെയുമനുരഞ്ജനം നേടി
സംഗതി നേരെയാക്കണം;
എന്തുകൊണ്ടും ഗുണകരമല്ല,
സി.പിയുമായി മത്സരം,





ഇങ്ങനെ ചില ചിന്തകൾ മറ്റു
മെത്രാന്മാർ കാട്ടി വ്യക്തമായ്;
മാറിവാനിയോസ് താതനുമിതിൽ
കാര്യമുണ്ടെന്നു ബോധ്യമായ്.

ഈ സന്ദർഭത്തിൽ പൂർത്തിയായ് വയ-
സ്സറുപത് ദിവാനയ്യർക്ക്
ഇക്കാര്യത്തിന്റെ പേരിലാഘോഷം
നാട്ടിലാകെ നടക്കയായ്.

നസ്രാണിക്കത്തോലിക്കരും, കൂടെ
മർത്തോമ്മാക്കാരുമെതിർ നിന്നു,
നേരത്തേ നിലനിന്ന നീരസം
കാരണമായെന്നോർക്ക നാം.

ഇവിടെ താമസം നഗരത്തിൽത്തന്നെ,
സുറിയാനിക്കാരൻ പടിയറ-
ജോസപ്പു കുഞ്ഞ്, സി.പി. തൻ മിത്രം
കമ്മറ്റിയൊന്നിങ്ങുണ്ടാക്കി.

സി.പി.യ്ക്കേകണം സ്വീകരണവും
മംഗളപത്രക്കുരവയും,
പട്ടത്തുള്ളൊരരമനയുടെ
മുറ്റത്തെല്ലാമൊരുക്കണം.

ഇതിനനുവാദം കിട്ടുവാൻ വന്ദ്യ-
താതനെ സമീപിക്കവേ,
അവതരിപ്പിച്ചു ബന്ധപ്പെട്ടവർ
താതൻ മുമ്പാകെ പലകാര്യം.

www.malankaralibrary.com



സി.പിയുമായി രമ്യതയാകാൻ
കാത്തിരുന്ന പിതാവുടൻ
സമ്മതം നല്കി, ഷഷ്ടിപൂർത്തിതൻ
മംഗളാഘോഷം കൊണ്ടാടാൻ.

പതിനഞ്ചാം ദിനം നവംബറിലന്നു
മുപ്പത്തൊമ്പതാം വർഷത്തിൽ
സ്വീകരണവുമനുമോദനവും
സി.പിയ്ക്കേകി ഗംഭീരമായ്!

മംഗളപത്രരൂപേണ പുര-
സ്ക്കാരവു,മിവകൂടാതെ
സി.പി തൻ ശേഷി ശേമുഷികളും
പൊക്കിക്കാട്ടി പ്രസംഗത്തിൽ.

മെത്രാപ്പോലീത്താ സ്ഥാനമുള്ളവർ,
മെത്രാന്മാർ, പല വി.ജിമാർ,
കർമ്മലീത്താ സഭയിലെ പ്രയോർ-
സ്ഥാനികൾ വൈദികന്മാരും,

ജഡ്ജിമാ,രഭിഭാഷകന്മാരും
പൗരമുഖ്യന്മാരിങ്ങനെ,
മാന്യ വ്യക്തികളോട്ടനേകം പേർ
സമ്മേളിച്ചന്നീ യോഗത്തിൽ.

ശ്രദ്ധേയ,മതിഗംഭീരമായി
സി.പി. തന്റെ മറുപടി;
ആംഗല ഭാഷാ പണ്ഡിതനല്ലോ,
വാക്പ്രവാഹം പറയണോ?





കത്തോലിക്കാ സഭയുടേതായ
പൗരാണികത്വ, മാല്മീയം-
സർഗ്ഗസൗന്ദര്യഭണ്ഡാഗാരത്വം
സംഭൃതജ്ഞാന ശേഖരം.

ഉന്നതമാം പ്രശംസയോ,ടഭി-
നന്ദിച്ചാൽ സി.പി.യദ്ദിനം;
പൗലോസിൻ സ്നേഹസന്ദേശം ദിവാൻ
ഉദ്ധരിച്ചതും ശ്രദ്ധേയം!

രാജാവും മഹാറാണിയും മുമ്പ്
വത്തിക്കാൻ സന്ദർശിച്ചതും,
പോപ്പിനെ കണ്ടു സംസാരിച്ചതും,
സി.പി. പ്രസ്താവിച്ചിത്തവ്വിൽ.

തൃപ്തനായി, സന്തുഷ്ടനുമായി
സി.പിയന്നൊരു സമ്മാനം:
കാലാതീതമായ് നില്ക്കും സമ്മാനം,
നല്കിയാർച്ചു ബിഷപ്പിന്നായ്!

പെറ്റുവീണങ്ങനൊറ്റനാൾകൊണ്ട്
സിക്സ്തുഫോംവരെ മൊത്തമായ്
ഇംഗ്ലീഷ് ഹൈസ്ക്കൂളൊന്നാരംഭിക്കുവാൻ
സി.പി. ഉത്തരവായഹോ!

"ഷഷ്ടിപൂർത്തി തൻ മെമ്മോറിയലീ
പുഷ്ടമായ വിദ്യാലയം";
പ്രഖ്യാപിച്ചിങ്ങ, നന്നുമാനേജർ-
സ്ഥാനിയാം മാറിവാനിയോസ്.

www.malankaralibrary.com



കാലം മാറിപ്പോയ്, സി.പിയും പോയി,
സ്കൂളിന്റെ പേരും മാറിപ്പോയ്!
പട്ടം സെന്റ് മേരീസ് സ്കൂളെന്നാണു, പി-
ന്നിട്ട പേരത്ര സുന്ദരം!

# വിദ്യാലയ ദേശസാൽക്കരണം

**(ഓമനക്കുട്ടൻ പോലെ)**

ഷഷ്ടിപൂർത്തിതന്നാഘോഷങ്ങളും
മംഗളപത്രവീശലും,
"സാത്താനെ നിദ്രാധീനനാക്കുവാൻ"
തീർത്തും പോന്നില്ലെന്നോർക്കണം.

 പ്രൈവറ്റു സ്കൂളു മൊത്തമായ് ദേശ-
 സാൽകരിക്കുവാൻ പദ്ധതി,
 തയ്യാറാക്കിയതിനൊരു ബില്ല്
 നിയമമാക്കിയസംബ്ലിയിൽ.

സൗജന്യവിദ്യാഭ്യാസം നല്കുക,
സർക്കാരിന്റെ ചുമതല;
എന്തിനു പിന്നെ പ്രൈവറ്റ്സ്കൂള്?
ഹന്ത; സി.പി. ചോദിച്ചു പോൽ!

 പ്രൈവറ്റ് സ്കൂള് ഭൂരിപക്ഷവും
 കത്തോലിക്കർ നടത്തുന്നു;
 മൗലികമാണീ ജന്മാവകാശം,
 ഇല്ലാതാക്കരുതാരുമേ.





"എന്തുവന്നാലും പള്ളിക്കൂടങ്ങൾ
സർക്കാരിന്നു കൊടുക്കില്ല";
കത്തോലിക്കാ സഭയുണർന്നെങ്ങും
സംഘടിപ്പിച്ചു യോഗങ്ങൾ.

 ശക്തിയേറും പ്രതിഷേധസ്വരം
 അഗ്നിക്കാറ്റുപോലെങ്ങുമേ,
 ആഞ്ഞടിച്ചു ദിവാൻജിയെയുടൻ
 കെട്ടുകെട്ടിക്കാൻ നീക്കമായ്.

മാർപാപ്പാ തൻ പ്രതിനിധിയൊത്ത്
ഭാരതത്തിലെ മെത്രാന്മാർ,
ഒന്നിച്ചുകൂടി പെറ്റീഷനൊന്ന്
തയ്യാറാക്കുകയുണ്ടായി;

 വൈസ്രോയിക്കതു നല്കണം, ദിവാൻ
 സി.പിയെ തുരത്തീടണം;
 ഇപ്പരദേശിപ്പട്ടരീനാട്ടിൽ
 സ്വേച്ഛാപൂർവ്വം ഭരിക്കുന്നു!

ഇതിനിടെയന്നു ചെങ്ങനാശ്ശേരി
കാളാശ്ശേരിയിൽ, മാർ ജെയിംസ്,
ഇടയലേഖനമൊന്നിറിക്കിയ-
തുടനുണ്ടാക്കി വൻ സ്ഫോടനം!

 രൂക്ഷമാം പ്രതിഷേധമുൾക്കൊള്ളും
 പ്രസ്താവമിതു സി.പി.യെ
 അത്യന്തം ക്രൂദ്ധനാക്കി, മെത്രാനെ
 ബന്ധിക്കാനുള്ള നീക്കമായ്.

www.malankaralibrary.com



ഈ സന്ദർഭത്തിലൊരൊത്തുതീർപ്പിന്നായ്
ഇടപെടാൻ താതൻ തയ്യാറായ്;
സി.പി.യെ അനുരഞ്ജനം വഴി
ശാന്തനാക്കുവതാവശ്യം.

"മെത്രാനെ ബന്ധനത്തിലാക്കിയാൽ
ഒച്ചപ്പാടും ബഹളവും,
പ്രാദേശികമായ് നില്ക്കുകയില്ല,
ആഗോള ദുഷ്പ്പേരുണ്ടാക്കും.

ചങ്ങനാശ്ശേരി, കത്തോലിക്കർ തൻ
കേന്ദ്രമാണെന്നറിയണം;
മർദ്ദനവും വെടിവെപ്പും വേണം
മെത്രാനെ ബന്ധിച്ചിടുവാൻ".

മാറിവാനിയോസിവ്വിധം ന്യായ-
വാദങ്ങളുന്നയിക്കവെ,
ഏറ്റുമുട്ടലബദ്ധമായ് കണ്ടു;
പത്തി താഴ്ത്തി ദിവാനുടൻ.

ആയിരങ്ങളിളകിയാടിയ
ചങ്ങനാശ്ശേരിപ്പട്ടണം,
അലയടങ്ങിയ കടലുപോലെയായ്,
അതിനു താതനും സ്തുത്യനായ്!





# മാർ ഇവാനിയോസ് കോളേജ്

**(മഞ്ജരി പോലെ)**

ജീവിതത്തിന്റെയടിസ്ഥാനമവ്വണ്ണം
ഭാവവുമർത്ഥവും സത്യവുമേ,
എല്ലാമാദ്ധ്യാത്മികമൊന്നു മാത്രമെന്ന
ഫുല്ലമാം തത്ത്വമറിഞ്ഞ താതൻ.

തന്റെ പുനരൈക്യ പ്രസ്ഥാനം മുന്നേറാൻ
സന്യാസ സംസ്കാര പുണ്യവൃക്ഷം;
നട്ടതിൽ പിന്നീടു കർമ്മമോത്സുകനായി.
പള്ളികളെങ്ങും പടുത്തുയർത്തി.

ഇന്നതിരൂപത തന്നിൽ കാണുന്നതാം
പള്ളികൾ നൂറിൽ തൊണ്ണൂറ്റിയെട്ടും,
മാറിവാനിയോസ് മഹാ മെത്രാപ്പോലീത്താ
സ്ഥാപിച്ചതാണെന്നു തീർത്തും ചൊല്ലാം.

ഓലപ്പുരകളും ഷെഡ്ഢുകളുമല്ലാ-
തോടിട്ട കോൺക്രീറ്റു കെട്ടിടങ്ങൾ,
ഇന്നത്തേപ്പോലന്നു പള്ളിതൻ രൂപത്തിൽ
ഒന്നുമേ കണ്ടതില്ലെന്നു വരാം.

എങ്കിലോ, സത്യം വിളിച്ചു പറയണം,
എന്തെല്ലാം പോരായ്മയുണ്ടെന്നാലും,
തത്ക്കാലത്തേക്കുള്ളോരീക്കെട്ടിടങ്ങളിൽ
അർപ്പിച്ചുപോന്നു വിശുദ്ധബലി

www.malankaralibrary.com



പിൻഗാമി, ഗ്രിഗോറിയോസു തിരുമേനി
കെട്ടിടപ്പള്ളികൾ മിക്കിടത്തും,
കെട്ടിപ്പടുക്കുവാൻ യത്നിച്ചതുമൂലം
കെട്ടിടങ്ങൾ സാക്ഷാൽ പള്ളികളായ്.

കെട്ടിടത്തിന്നല്ല പ്രാധാന്യം, ദൈവത്തിൻ-
പുത്രന്റെ രാജന്യമണ്ഡലത്തിൽ
മർത്ത്യനാ,ണെന്നാലിവിടെ ദേഹത്തേക്കാൾ
ദേഹിക്കാണത്രേ,യുപരിമൂല്യം.

ജില്ലയിൽ, താലൂക്കിൽ, വില്ലേജിൽ, മുറിയിലു-
മെല്ലാ കരയിലും ദേവാലയം,
സ്ഥാപിച്ചതെത്രയോ നേട്ട,മവ വെറും
ഓലപ്പുരയെന്ന,തപ്രസക്തം.

മദ്ധ്യ തിരുവിതാംകൂറിലൊരു സ്ഥലം
ദ്രഷ്ടവ്യമോ, പള്ളിയില്ലാത്തതായ്?
എല്ലാമിരുപതുകൊല്ലം കൊണ്ടേ, താത-
വല്ലഭത്വം താനിതിന്നു ഹേതു.

ഭൗതിക നേട്ടവും തന്മക്കൾക്കുണ്ടാകാൻ
വിദ്യാലയങ്ങളും സ്ഥാപിക്കയായ്,
ഏറ്റം പ്രമുഖമവിടുന്നു സ്ഥാപിച്ച
മാറിവാനിയോസ് കോളേജ് താൻ.

പള്ളികൾ വേണമെന്നുള്ളോരപേക്ഷയ്ക്കു
തെല്ലും കളങ്കമില്ലാതെ താതൻ,
ഉത്തരമിത്തരം ചൊല്ലുന്നതുവെറും
സത്യകഥനമെന്നെണ്ണി മക്കൾ;





"മക്കളേ, നിങ്ങൾക്കു പള്ളി ഞാനുണ്ടാക്കാം,
ഇപ്പോളിരിക്കണം മൺതറയിൽ,
ചോരുന്നോരോലപ്പുരയിലാണെങ്കിലും
നേരേ നടത്തണമാരാധന;

ഇപ്പോൾ നമുക്കാദ്യമാവശ്യം ഭൂമിയും
വിദ്യാഭ്യാസകാര്യ സൗകര്യവും;
കോളേജിൽ പോയി പഠിച്ചതു കാരണം
ഞാനീ നിലയിലായെന്നതോർക്കൂ.

വിദ്യാഭ്യാസ,മതും ഉന്നതരീതിയിൽ
നമ്മുടെ മക്കൾക്കു കിട്ടാതായാൽ;
കൈവരുകില്ല പുരോഗതി, നമ്മുടെ
പ്രസ്ഥാനത്തോടൊപ്പം വന്നവർക്കായ്.

നമ്മൾക്കുവേണം കുറഞ്ഞ പക്ഷമൊരു
കോളേജല്ലെങ്കിൽ നാം താഴോട്ടു പോം;
നമ്മുടെ കുട്ടികളെങ്ങുപോം, സർക്കാരിൻ-
കോളേജിലഡ്മിഷൻ കിട്ടിടുമോ"?

എന്തൊരുദാത്ത ശുഭദീർഘവീക്ഷണം,
എന്തൊരനുഭവ ജ്ഞാനസിദ്ധി!
ഈവാനിയോസ് കോളേജിച്ചൊന്ന സത്യത്തിൻ-
പാവന സുന്ദര സാക്ഷാൽക്കാരം!

ദേവകോട്ടച്ചെട്ടിയാരിൽ നിന്നു മിരു-
നൂറേക്കർ ഭൂമി വിലയ്ക്കുവാങ്ങി,
ഏക്കറിനഞ്ഞൂറു രൂപയാ,യിപ്പണം
ശേഖരിക്കാൻ പണിപ്പെട്ടധികം.

www.malankaralibrary.com



കാടുപിടിച്ചു കിടന്നതാണീ സ്ഥലം,
വെട്ടിത്തെളിച്ചാകെ വൃത്തിയാക്കി,
റോഡുകൾ തീർത്തിനി കോളേജിൻ കെട്ടിടം
കെട്ടിപ്പടുക്കുന്ന പദ്ധതിയായ്.

\+ \+ \+ \+ \+

പിൻഗാമിയാകേണ്ട സ്വന്തം മരുമകൻ
അന്തരിച്ചുപോ, "യവിട്ട"മത്രേ,
നക്ഷത്ര;മക്കുഞ്ഞിന്നോർമ്മ നിലനിർത്താൻ
രാജാവു കണ്ടതൊരാശുപത്രി.

കേളേജുണ്ടാക്കുവാൻ വന്ദ്യതിരുമേനി
നാലാഞ്ചിറ വാങ്ങിയിട്ട വസ്തു,
ആശുപത്രിക്കേറ്റം നല്ല സ്ഥലമെന്ന്
ആരോ ചൂണ്ടിക്കാട്ടി കൊട്ടാരത്തിൽ!

വാർത്തയിതു കേട്ടു വന്ദ്യതാതൻ തന്റെ
പാർപ്പിടം നാലാഞ്ചിറയ്ക്കു മാറ്റി,
"ആർച്ചു ബിഷപ്പിന്റരമന"യെന്നൊരു
ബോർഡും പടിക്കലായ് നാട്ടി നിർത്തി.

രാജാവുമമ്മ മഹാറാണിയും മറ്റും
നാലാഞ്ചിറ വന്നു കണ്ടു വസ്തു.
തത്ര പണിഞ്ഞിടാം ആശുപത്രിയെന്ന്
ഹൃത്തിൽ നിനച്ചു തിരിച്ചുപോയി.

യാതൊന്നിനും വേണ്ടിയീ ഭൂമി സർക്കാര്
കൈവശമാക്കില്ലെന്നുള്ള വാക്ക്,
സി.പി.യിൽ നിന്നും ലഭിച്ചതിൻ ശേഷമേ,
തീറായി വാങ്ങിയതുള്ളീ സ്ഥലം.





ആശുപത്രിക്കായി വെള്ളം ലഭിക്കുവാൻ
ആശകൊണ്ടാമോ, പ്രയാസമത്രേ!
താതനിതെല്ലാമറിയിച്ചു കൊണ്ടൊരു
കത്തു സി.പി.ക്കു കൊടുത്തു വിട്ടു.

മാത്രമല്ല, വെള്ളം ധാരാളം കിട്ടുവാൻ
പറ്റിയൊരു സ്ഥലം പട്ടണത്തിൽ,
കാട്ടിക്കൊടുക്കയും ചെയ്,തത്, തൊട്ടടു-
ത്തുള്ളൂരിൽ; യത്നം സഫലമായി!

കൊട്ടാരത്തിൽ നിന്നുമീ സ്ഥലം കണ്ടപ്പോൾ
തൃപ്തിയായ്, തീർത്തവിടാശുപത്രി.
എസ്.എ.റ്റി എന്നു പേര്; പിന്നെ മെഡിക്കലിൻ
കോളേജിതിനോടു ചേർന്നു വന്നു.

"ആശുപത്രി ബാധ" വിട്ടൊഴിഞ്ഞു പോകെ,
യൂണിവേഴ്സിറ്റിയനുവദിക്കെ,
കോളേജ് നാലാഞ്ചിറയിൽ പണിയായി
പേരിട്ടു കുന്നിന്, "ബഥനി"യെന്ന്

കോളജ് നിർമ്മാണത്തിന്റെ ചുമതല
ബഥനി സെറാഫിയോനച്ചനേകി;
ആദ്യമായാക്റ്റിംഗ് രീതിയിൽ പ്രിൻസിപൽ-
സ്ഥാനത്തിരുന്നു ബനഡിക്ടച്ചൻ.

സർവ്വകലാശാല നൽകിയനുവാദം;
കോളേജാരംഭിച്ചു മംഗളമായ്.
അങ്ങനിരിക്കെ നിയമിതനായല്ലോ
ഫാദർ എൻ.എ. തോമസ് പ്രിൻസിപലായ്,

www.malankaralibrary.com



യു.എസ്സിൽ നിന്നുള്ള ഡോക്ടറേറ്റും, പിന്നെ
അദ്ധ്യാപന മുൻപരിചയവും,
നങ്ങച്ചിവീട്ടിലെ ഫാദർ തോമസിന്നു
യോഗ്യതയായി, പ്രിൻസിപ്പലാകാൻ.

കുഴിയാനയെയൊരു കൊമ്പനായ് വാഴിക്കാൻ
കഴിവുള്ളോനത്രേ മാറിവാനിയോസ്,
എങ്കിലും താണതരത്തിലുള്ളിത്തരം
വങ്കത്തം കാട്ടാറില്ലീ മഹാത്മാ,

പാടവമുള്ള പ്രഗല്ഭരെ മാത്രമേ
ബോധനാർത്ഥം നിയമിച്ചതുള്ളൂ;
എം.പി. പോളാണിതിന്നുത്തമ ദൃഷ്ടാന്തം;
വമ്പനാണെന്നതിലംഗീകാരം,

മറ്റൊരു കോളേജ് വേണ്ടെന്നുവച്ചതിൽ
തെറ്റൊന്നും കണ്ടില്ല മാറിവാന്യോസ്;
ഉത്തുംഗമാകും പ്രതിഭയും ബോധന-
ശക്തി സാമർത്ഥ്യവും ശ്രദ്ധേയമായ്.

ഉദ്യോഗത്തിന്റെ, നിയമനകാര്യത്തിൽ
ജാതിമതാദികൾ നോക്കിയില്ല!
എന്നും മെരിറ്റിനു മാത്രം വില നല്കു-
മുന്നതൻ തന്നെയിക്കർമ്മയോഗി.

ഉദ്യോഗത്തിന്നു പകടി കൊടുക്കേണ്ടാ,
അഡ്മിഷന്നായി ഡൊണേഷനുമേ;
മക്കൾക്കാവകാശപ്പെട്ടതാം സീറ്റുകൾ
മക്കൾക്കല്ലാതെ കൊടുക്കില്ലാർക്കും.





ഇങ്ങനെ മക്കൾക്കു നേട്ടമുണ്ടാക്കണ-
മെന്നുവിചാരിച്ചു മാറിവാന്യോസ്,
കോളേജുണ്ടാക്കി, കടുത്ത പ്രയാസത്തിൽ
മക്കളെ ഞെക്കിപ്പിഴിഞ്ഞിടാതെ.

മക്കളിൽ നിന്നുമീ പൊന്നു തിരുമേനി
ഒന്നും പിരിച്ചില്ല, പിന്നെ വന്ന
മാർ ബനഡിക്ടു ഗ്രിഗോറിയോസ് താതനീ-
ശുദ്ധ പാരമ്പര്യം കാത്തു പോന്നു.

മാനവന്നാദ്യമായ് കിട്ടിയ കല്പന
മാമോനെ സേവിക്കരുതെന്നത്രേ;
കർത്താവിലാശ്രയിച്ചെന്നും തിരുമേനി
തീർത്ഥാടനമാക്കി തൻ ജീവിതം.

ജൂലൈ ഇരുപത്തിയേഴിൽ നാല്പത്തെട്ടിൽ,
"മാറിവാനിയോസു"ദ്ഘാടിതമായ്,
കാലം ചെയ്യും വരെ പിന്നെയിക്കോളേജിൻ-
കാര്യങ്ങൾ ശ്രദ്ധിച്ചിരുന്നു താതൻ.

എണ്ണിയാൽ തീരില്ലീ കോളേജ് കേരള-
മണ്ണിൽ നെടുകെ വിതച്ച നന്മ;
ഇക്കോളേജില്ലാതിരുന്നെങ്കിലീനാടിൻ-
ഭാഗ്യമെമ്മട്ടിലെന്നൂഹ്യമത്രേ!

നാലാഞ്ചിറക്കുന്നിന്റേതെന്നു പറയേണ്ടാ,
കേരള നാടിൻ തിരുനെറ്റിയിൽ
ഭാഗ്യവിധാത്രിയാൾ തൊട്ട കുറിപോലെ
രാജിക്കുന്നീ വിദ്യാക്ഷേത്രമിന്നും.

www.malankaralibrary.com



# അമേരിക്കൻ പര്യടനകാണ്ഡം

**(കാകളി പോലെ)**

കോളേജാരംഭിക്കാൻ സർവ്വകലാശാല
നല്കുമനുതിയെന്നുഗ്രഹിച്ചപ്പോൾ
വേവലാതിയായി താതന്നു തന്നുള്ളിൽ
എങ്ങുനിന്നുണ്ടാകുമാവശ്യമാം പണം.

കെട്ടിടത്തിന്നുമുപകരണത്തിന്നും,
തൊട്ടതിനെല്ലാം പിന്നോരോയിനത്തിനും,
കുട്ടികൾക്കുള്ളൊരു ഹോസ്റ്റലിനും പണം
എത്രയോ വേണമതിനെന്തു പോംവഴി?

നാട്ടിൽ നിന്നുണ്ടാകില്ലീപണം യൂറോപ്യൻ-
നാട്ടിൽ വീണ്ടുമൊന്നു പോയാലും കിംഫലം!
യുദ്ധക്കെടുതിയിലുഴലുമവിടെ നി-
ന്നിത്തവ്വിലൊന്നും ലഭിക്കില്ല നിശ്ചയം.

അമേരിക്കൻ നാട്ടിൽ പര്യടനമായാൽ
ചുമ്മാതാകില്ല പണം കുറെ കൈവരും;
ദൈവമനുഗ്രഹിച്ചുള്ളൊരീ രാജ്യത്തിൻ-
ദ്രവ്യമനല്പമാണെന്നേ പറയാവൂ!

ആർച്ചു ബിഷപ്പിങ്ങനാലോചന ചെയ്കെ,
വാർത്ത വന്നേറെ പ്രതീക്ഷ തരും വിധം.
മുമ്പെന്നപോലിപ്പോൾ കുർബ്ബാനക്കോൺഗ്രസ്സ്
കാനഡായിൽ വച്ചു സമ്മേളിക്കുന്നുപോൽ!





രാജ്യ തലസ്ഥാനം ഒട്ടാവാപ്പട്ടണം-
സമ്മേളന വേദിയാകുന്നതും ഭാഗ്യം.
കത്തോലിക്കരേറ്റം കൂടുതലുള്ളതാ-
ണിപ്പുരിയെന്നതുമാശാവഹമത്രേ!

മുമ്പയർലണ്ടിലെ ഡബ്ലിനിലെന്നപോൽ
ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും,
ലക്ഷക്കണക്കിനു വിശ്വാസികളിവി-
ടൊത്തു കൂടുന്നതു നല്ലൊരനുഭവം.

നാല്പത്തേഴു ജൂണിൽ പത്തൊൻപതാം ദിനം
സമ്മേളനമെന്നു തീർത്തുമുറപ്പായി,
എന്തുകൊണ്ടും ഇതിൽ പങ്കുകൊണ്ടീടണം,
വന്ദ്യപിതാവേവം തീരുമാനം ചെയ്തു.

യാത്രയ്ക്കൊരുക്കമായ് കാലേകൂട്ടി, കൂടെ
സെക്രട്ടറിയായ് വടക്കേക്കൂറ്റേയച്ചൻ;
യാത്ര തിരിച്ചിരുപത്തിയാറു മേയിൽ
ബോംബയിലെത്തി,യവിടെ നാലുദിനം,

ആർച്ചു ബിഷപ്പിന്നതിഥിയാ; യഞ്ചാംനാൾ-
വായു മാർഗ്ഗേണ പറന്നിടത്താവളം,
കെയ്റോ, ലിസ്ബൺ, ഫിലാഡൽഫിയായിത്യാദി
ഓരോ നഗരങ്ങൾ പിന്നിട്ടവസാനം,

ന്യൂയോർക്കിലെത്തി സുഗമമായ്; ചൊല്ലേറും
കർദ്ദിനാൾ സ്പെൽമാന്റെയാതിഥ്യമുൾക്കൊണ്ടു,
ഏതാനും നാളുകൾ വിശ്രമിച്ചാൻ പിന്നെ
ഒട്ടാവാ നോക്കിപ്പറന്നു തിരുമേനി.

www.malankaralibrary.com



സമ്മേളനം നടക്കുന്ന സമയത്തു
ചെന്നെത്തി; താമസം മെത്രാന്മാരുമൊത്ത്;
ഉന്നതമാം ഹോട്ടൽ, "ചാട്ടേലോറിയറിൽ";
പിന്നെ പരിപാടിക്കൊത്തു നീങ്ങി താതൻ.

സമ്മേളനസ്ഥലം മൈതനമായിരു-
ന്നിമ്മഹാമേളയ്ക്കു വന്നവരിങ്ങനെ;
ഒൻപതുപേരാണ് കർദ്ദിനാളന്മാര്,
നൂറ്റിയമ്പത്തിനാലാണല്ലൊ മെത്രാന്മാർ.

ആയിരമായിരം വൈദികർ, സിസ്റ്റേഴ്സും,
മൂന്നുലക്ഷം വരും വിശ്വാസി വൃന്ദവും.
തൊണ്ണൂറോളം മണിക്കൂറു തുടർച്ചയായ്
ദിവ്യബലിയുടെയർപ്പണമുണ്ടായി.

കുർബ്ബാന സ്വീകരിക്കാനവിടെത്തിയോർ
ലക്ഷക്കണക്കിനാണെന്നേ പറയേണ്ടൂ.
കുർബ്ബാന നല്കാൻ നിയമിതരായോരോ,
ആയിരത്തിൽപ്പരമെന്നും പറയണം.

മക്കൾ പതിമൂന്നുപേരുമായെത്തിയ
മാതാപിതാക്കൾ പലരേയും കാണായി;
അന്നുവന്ന ചിലർക്കെന്നപോലീദൃശ്യം
വന്ദ്യപിതാവിന്നും കൗതുകമുണ്ടാക്കി.

സന്ദർശിച്ചാൻ തിരുമേനി ഗവർണ്ണരെ,
വൻ ജനറൽ അലക്സാണ്ടറെന്നത്രേ പേർ.
പാർലമെന്റു സ്പീക്കർ, മെമ്പർമാരിങ്ങനെ,
പാർത്താൽ പലരേയും കണ്ടു സംസാരിച്ചു.





കാനഡായിൽ നിന്നുമമ്മേരിക്കൻ ഐക്യ-
നാട്ടിലെത്തി, പല കാഴ്ചകൾ കണ്ടഹോ!
ഉന്നതന്മാരാകും വ്യക്തികളെകണ്ടു;
സാദ്ധ്യമല്ലാരാലുമെല്ലാം വിവരിക്കാൻ.

യു.എൻ.ഓയിൽ പോയശേഷം പ്രസിഡന്റ്
ട്രൂമാനെ സന്ദർശിച്ചെന്നതും വാർത്തയായ്,
താതന്റെ പ്രൗഢരസനീയ ഭാഷണം
ട്രൂമാനെയദ്ഭുതസ്തബ്ദനാക്കിതീർത്തു.

നാണയശേഖരക്കമ്പമുള്ള ട്രൂമാൻ
സമ്മാനമായ് താതൻ നല്കിയതാം പൊന്നിൻ-
കൊച്ചു കാശിൽ, രാശി ചക്രത്തിലത്യന്ത,
സന്തുഷ്ടനായ,ത വിസ്മരണീയമായ്!

"തന്നാണ്ടിലേറ്റവും കൂടുതൽ ഫോട്ടോയ്ക്ക്
നിന്നു കൊടുത്തൊരു ശ്രേഷ്ഠനാകും വ്യക്തി"
എന്നെഴുതി രണ്ടുകോടി വരിക്കാരാൽ
സമ്പന്നമാം പത്രം "ഡെയ്‌ലിന്യൂസി"ക്കാലം.

താതനെപ്പറ്റിയെഴുതിയതു, പിന്നെ
"ടൈമും" "ലൈഫും" വിശേഷിപ്പിച്ചതിങ്ങനെ:
"ഇന്ത്യയിൽ നിന്നുമീ നൂറ്റാണ്ടിൽക്കണ്ടതിൽ
ഏറ്റം മഹാനായ മിഷ്യണറി മെത്രാൻ".

അമേരിക്കൻ നാട്ടിൽ കിട്ടിയ സൽപേരിൽ
വന്നുക്ഷണം, പ്രസംഗം നടത്തീടുവാൻ,
ഓരോരോ സ്ഥാപനസ്ഥാനങ്ങളിൽ നിന്നും;
ഓരോന്നിനും ശേഷം പേര് പ്രസിദ്ധമായ്!

www.malankaralibrary.com



മേരിനോൾ, കാത്തലിക് വെൽഫെയറെന്നല്ല,
നീയറീസ്റ്റിൽ, പിന്നൊരദ്ഭുതമായിടും
നൂറ്റിയാറു നിലയുള്ളതാമെമ്പയാർ-
സ്റ്റേറ്റുബിൽഡിംഗിന്റെ യുച്ചിയിലും പോയി!

അമേരിക്കാ വിട്ടു പോരുന്നതിൻ മുമ്പ്,
"ഡിലിറ്റെ"ന്ന ഡിഗ്രി നേടി തിരുമേനി,
ഓണററിയാണു, സർവ്വകലാശാല-
സാൻഫ്രാൻസിസ്കോയിതു നല്കുകയുണ്ടായി.

കോളേജിനു, മതിരൂപതയിൽ വേണ്ട-
പള്ളി, പള്ളിക്കൂടമിത്യാദികൾക്കായി,
ശേഖരിച്ചു പണം; ഗേർഡറുകൾ വരെ
കേറ്റി അയപ്പിച്ചു കെട്ടിടം തീർക്കുവാൻ!

## ആസ്ട്രേലിയൻ സന്ദർശനം

**(കാകളി പോലെ)**

റോമിലൂടെ വന്നു മാർപ്പാപ്പായെ കാണാൻ
സാദ്ധ്യമായില്ലതിൽ ദുഃഖിതനായല്പം;
ആസ്ത്രേലിയാവഴി പോരേണ്ടതായ് വന്നു;
ഇൻഡ്യയിലെത്തുവാനീ വഴിയുമാകാം

ആസ്ത്രേലിയായിലെ മെൽബോൺ നഗരത്തിൽ
സ്ഥാപിതമായോരതിരൂപതയുടെ;
ശ്രദ്ധേയമാം ശതവാർഷികാഘോഷത്തിൽ
പങ്കുകൊള്ളാൻ ക്ഷണം താതനു കൈവന്നു.





മാനിക്സ് തിരുമേനിയാണു ക്ഷണിച്ചത്;
കാർഡിനൽ സ്പെൽമാന്റെ ഒത്താശയും വന്നു.
ലോക പ്രസിദ്ധ പ്രഭാഷകൻ മോൺസിഞ്ഞോർ
ഫുൾട്ടൻ ഷീനും സഹയാത്രികനായുണ്ടായ്.

നാല്പത്തെട്ടേപ്രിലിരുപത്തേഴാം ദിനം
ഹോണലൂവിൽക്കൂടി, യാത്രയായി സംഘം.
ഓസ്ട്രേലിയായിലെ സിഡ്നിയിൽ ചെല്ലവേ,
നാളൊന്നു നഷ്ടമായ്, കുണ്ഠിതപ്പെട്ടാബോ?

ആഘോഷത്തിൽ ബലിയർപ്പിച്ചതു വന്ദ്യ-
കർദ്ദിനാൾ സ്പെൽമാൻ തിരുമേനി, യെങ്കിലോ,
കർദ്ദനാൾ ഗിൽറോയ് നടത്തി പ്രഭാഷണം;
ഭാഗഭാക്കായല്ലോ, ഡിവലോറായിതിൽ*

താമസിച്ചൊന്നര മാസത്തോളമവി-
ടാലോചിച്ചാ, ലവിചാരിതം സർവ്വവും.
സന്ദർശിച്ചാൻ പല വൻ സ്ഥാപനങ്ങളും;
മുമ്പെന്നപോലെ നടത്തി പ്രസംഗങ്ങൾ.

തൃപ്തികരമായിത്തോന്നി പിതാവിന്ന്
തന്റെ വിദേശത്തേ യാത്രാ സമാപ്തിയിൽ.
എത്രയും വേഗത്തിൽ നാട്ടിലെത്തീടണം
തത്ര തന്നെ കാത്തിരിപ്പുണ്ടു പ്രശ്നങ്ങൾ.

ജൂണെട്ടാം തീയതി ഇൻഡ്യയിലേയ്ക്കായി
കപ്പലിൽ യാത്രയായ് വന്ദ്യതിരുമേനി;
ജൂൺ പതിനഞ്ചിനു നാല്പത്തെട്ടാമാണ്ടിൽ
എത്തി തുറമുഖം തന്നിൽ, കൊളംബോയിൽ

*ഐറീഷ് പ്രസിഡന്റ്

www.malankaralibrary.com



കാൻഡിയിലുള്ളൊരു പേപ്പൽ സെമിനാരിയിൽ
പോയതും മറ്റൊരനുഭവഭാഗ്യമായ്!
ജൂണിലിരുപത്തിനാലിൽ തലസ്ഥാനം-
പൂകി,വിമാനത്തിൽ വന്ദ്യതിരുമേനി.

എത്രയോ നാളായി കാത്തിരിപ്പൂ മക്കൾ
കർത്താവിന്റെ പ്രതിപൂരുഷനെ കാണ്മാൻ;
ഹൃത്തുകുളിർത്തവർ നോക്കി നോക്കി നിന്നു;
മക്കളെക്കണ്ടപ്പോൾ താതന്നുമവ്വിധം.

## രോഗബാധിതനായ ആബൂനോ

**(മഞ്ജരി പോലെ)**

യാത്രയെല്ലാം കഴിഞ്ഞെത്തിയപ്പോൾ പരി-
ക്ഷീണനായ്ക്കണ്ടു സ്വയം പിതാവ്.
ഉന്മേഷ,മൂർജ്ജസ്വലതയിവ തനി-
ക്കെന്നേക്കുമായ് നഷ്ടപ്പെട്ടുവെന്നോ!

സ്വീകരണമോരോ പള്ളിതോറും വച്ച-
ങ്ങാഘോഷപൂർവ്വം പിതാവിനേകാൻ
പദ്ധതിയിട്ടോരോ ദേശത്തു നിന്നുമാ-
യെത്തിയോരെ വെറുതേ അയച്ചു!

ഒന്നിനും നിന്നു കൊടുക്കുവാനുള്ളൊരു
സന്നദ്ധത ദേഹം നല്കിയില്ല!
വിശ്രമമില്ലാത്ത യാത്രയും ജോലിയും
ഇസ്ഥിതി വന്നതിൻ കാരണമാം.





എന്തോ തകരാറു തന്റെയാരോഗ്യത്തി-
നുണ്ടായപോൽ തോന്നി താതനിപ്പോൾ.
എങ്കിലോ, രോഗമായൊന്നുമേ കണ്ടില്ല,
ന്യൂയോർക്കിൽ ഡോക്ടർ പരിശോധിക്കെ.

എട്ടുമണിക്കൂ,റുറക്കമാവശ്യമാ-
ണദ്ധ്വാനമല്പം കുറച്ചിടേണം;
സ്വസ്ഥത നഷ്ടമാക്കുന്ന ബഹുകാര്യ-
വ്യഗ്രത പാടേയൊഴിവാക്കണം.

ഇത്തരമേതാനും നിർദ്ദേശം മാത്രമേ-
യിത്തവ്വിൽ ഡോക്ടർമാർ നല്കിയിട്ടുള്ളൂ.
എന്നാൽ പിതാവിന്നീ ചിട്ട പാലിക്കുവാൻ
നിന്നുകൊടുക്കാൻ കഴിയാതെപോയ്!

പുത്തനൊരു പ്രശ്നം സമ്മുഖമായല്ലോ,
മറ്റൊന്നുമല്ലതു കുപ്രസിദ്ധം;
മുഖ്യമന്ത്രി പനമ്പള്ളി സ്വരൂപിച്ച
വിദ്യാഭ്യാസപരപദ്ധതിതാൻ.

ശക്തമായുള്ളോരെതിർപ്പും പ്രക്ഷോഭവും
ഇത്തവ്വിലും ന്യൂനപക്ഷക്കാരാം
കത്തോലിക്കാ സഭ പോലുള്ളോരിൽ നിന്നും
വർദ്ധിച്ചു വന്നു പലവിധത്തിൽ.

മെത്രാൻമാരും ജനനേതാക്കന്മാരുമ-
ന്നാർച്ചു ബിഷപ്പിനെയേർപ്പാടാക്കി,
നേതൃസ്താനത്തുനിന്നീരൂക്ഷമാം പ്രശ്നം
സാമർത്ഥ്യമോടെ കൈകാര്യം ചെയ്യാൻ.

www.malankaralibrary.com



എല്ലാം കൊണ്ടും മുമ്പനാകെ, പിതാവിനും
വല്ലവിധവുമൊഴിഞ്ഞുമാറാൻ
സാദ്ധ്യമല്ലാതെ വന്നങ്ങനെ പ്രശ്നത്തിൽ
മഗ്നനായ്ത്തീർ,ന്നതു വ്യഗ്രതയായ്!

വിദ്യാലയത്തിൽ നിയമനം നല്കുക
സർക്കാരിൻ പാനലിൽ നിന്നു മാത്രം;
ന്യൂനപക്ഷത്തിന്നവകാശധ്വംസന-
മീവകുപ്പത്രേ, യെതിർപ്പതിനാൽ.

പ്രക്ഷോഭം മൂത്തുവരികെ, യതിബുദ്ധി-
ശക്തനാകും പനമ്പള്ളി മുഖ്യൻ,
ഒത്തു തീർപ്പിൽ വന്നു മാനേജുമെന്റിന്റെ
യുക്തമാം ന്യായാവകാശം നല്കി.

സി.പി.യോടെന്നപോലിപ്പോൾ പനമ്പള്ളി-
മുഖ്യമന്ത്രിക്കുമെതിരുനിന്ന്,
ന്യായം നടത്തിയെടുത്തതു നേട്ടമായ്;
കോട്ടമെന്നാൽ വന്നതാരറിഞ്ഞു?

വന്ദ്യപിതാവിന്റെയാരോഗ്യം മോശമായ്,
മുന്നേപ്പോലൊന്നിനുമാവതില്ല!
ദേവികുളത്തുപോയ് വിശ്രമിച്ചെങ്കിലും
ഭാവി നിഴൽ വീണപോലെ തോന്നി.

ഉള്ളൂരിലുള്ള മെഡിക്കൽ കോളേജിലെ
നല്ല വിദഗ്ധ ഭിഷഗ്വരന്മാർ
വേണ്ടവിധം പരിശോധന ചെയ്തിട്ടും
കണ്ടതില്ലൊന്നുമേ രോഗമായി.





വേറെവഴിയൊന്നും കാണാതെ വന്നപ്പോൾ
താതനെ മദ്രാസിൽ കൊണ്ടുപോയി,
പേരുകേട്ട ഡോക്ടർ മസ്ലാമണിയുടെ
തീരുമാനം പോൽ ചികിത്സയായി.

അദ്ദേഹത്തിന്റെ വിധിതീർപ്പിനൊത്തുള്ളോ-
രോപ്പറേഷൻ ചെയ്തു, രോഗമപ്പോൾ
വ്യക്തമായ്; മാരകമായ കുരുക്കളാ-
ലാവൃതം ഹന്ത! കരൾ മുഴുവൻ!

അമ്പത്തിരണ്ടിലെ ജൂലൈ ഏഴാം ദിനം
ശസ്ത്രക്രിയ നട,ന്നൊട്ടുമുമ്പേ,
വന്നെത്തി മദ്രാസിൽ വന്ദ്യതിരുമേനി
സേവേറിയോസ്, തിരുവല്ലാ മെത്രാൻ.

ഇക്കാലമത്രയും വന്ദ്യനാം രോഗിയെ
ശുശ്രൂഷിച്ചാശ്വസിപ്പിക്കുവാനായ്
സോദരപുത്രനാം ബേബിയും, ആബോ തൻ
ശിഷ്യനാം ഫാദർ സെറാഫിയോനും,

അഡ്മിനിട്രേറ്ററിഭിവന്ദ്യനാം ഫ്രാൻസിസ്
സാലെസെന്ന സി.എം.ഐ. ഫാദറും
എപ്പോഴും കൂടെയുണ്ടായിരുന്നത്യന്ത-
ശ്രദ്ധയോടും സ്നേഹഭാവത്തോടും.

മക്കൾക്കും മറ്റുള്ളവർക്കുമായ് ജീവിച്ച
സ്നേഹനിധിയാകും താതനിപ്പോൾ
രോഗിയായ്ത്തീർന്നതിലുണ്ടായ ദുഃഖത്തി-
ന്നാഴമളക്കുവാനാരുപോരും?

www.malankaralibrary.com



ഉള്ളിലൗതുക്കിയ ദുഃഖവുമായ് കൂടെ-
യുള്ളവരന്നു കഴിഞ്ഞുകൂടി;
വാർത്ത പരന്നതിരൂപതയിലിതി-
ലാർത്തുകരഞ്ഞുപോയ് ഒട്ടേറെപ്പേർ!

ഈറനായ് മാറാത്ത കണ്ണുകളന്നില്ല,
കൂറു മറന്നില്ല നാട്ടിലുള്ളോർ,
ജാതിമതഭേദമന്യേ പിതാവിന്റെ
വ്യാധിയിൽ ദുഃഖിച്ചറിഞ്ഞോരെല്ലാം.

പ്രാർത്ഥിച്ചു മക്കളനേകരതിതീവ്രം
കർത്താവിന്നോടായ് നിലവിളിച്ചു;
"ദൈവമേ, കാരുണ്യവാനായ കർത്താവേ
താതനു നല്കണേ രോഗശാന്തി",

മദ്രാസിലത്യുഷ്ണമാകയാൽ താതനെ
ബാംഗ്ലൂരിൽ, സെൻ മാർത്താസ് ഹോസ്പിറ്റലിൽ
കൊണ്ടുപോയ്, വിശ്രമസൗഖ്യം ലഭിക്കുവാൻ,
വേണ്ടവിധത്തിൽ പരിചരിക്കാൻ.

രോഗത്തിനു കുറവില്ലാത്തതുകൊണ്ടേ
പേർത്തും വരുത്തി മസ്ലാമണിയെ;
വേണ്ടവിധം പരിശോധിച്ചതിൻ പടി
വേണ്ട മരുന്നു കൊടുത്തദ്ദേഹം.

പിന്നെയും മദ്രാസിൽ നിന്നുമീ ഡോക്ടറെ
വന്ദ്യപിതാവിന്റെ രോഗം മാറ്റാൻ.
കൊണ്ടുവന്നു, ഗുണം കണ്ടില്ലതുകൊണ്ട്,
കൊണ്ടുപോകാം നാട്ടിലെന്നു വന്നു!





കൊച്ചി നഗരത്തിൽ വന്നു വിമാനത്തിൽ,
പിന്നീടു യാത്ര, യൊരാംബുലൻസിൽ.
നാലാഞ്ചിറയിലെ യാശ്രമത്തിലധി-
വാസമായ്, വേണ്ട ചികിത്സയുമായ്.

അൻപത്തിരണ്ടാമാണ്ടാഗസ്റ്റു പത്തിനാ-
ണാശ്രമത്തിൽ വന്നതിപ്രകാരം.
അൻപുള്ള തമ്പുരാൻ തന്റെ ഹിതത്തിനു
സമ്പൂർണ്ണമായി വഴങ്ങി താതൻ.

വന്ദ്യപുരോഹിതൻ കോശി, ഒ.ഐ.സി.യെ
അന്നു മുതൽനിർത്തി ശുശ്രൂഷിക്കാൻ.
ശിഷ്യൻ ഗുരുസേവ ചെയ്തതു കർത്തവ്യം;
കോശിയച്ചന്നിതു പുണ്യമായി!

ഡോക്ടറെ വീണ്ടും വരുത്തുകയുണ്ടായി,
മദ്രാസിൽ നിന്നു ചിലപ്പോഴെല്ലാം;
പിന്നെ വരാതെയായദ്ദേഹ,മൗഷധം-
കൊണ്ടു നിറുത്തി ചികിത്സയെല്ലാം.

ഡോക്ടർ തളിയത്തും, സ്വന്തക്കാരൻ ഡോക്ടർ
പി.റ്റി.ചാക്കോയുമടുത്തുണ്ടല്ലോ;
കൂടുതലായൊന്നും ചെയ്യുവാനില്ലെന്ന്
നിശ്ചയിച്ചാൻ ഡോക്ടർ മസ്ലാമണി.

www.malankaralibrary.com



## നാലാം ഭാഗം

# അസ്തമയകാണ്ഡം

### അന്ത്യ സന്ദേശം

**(മഞ്ജരി പോലെ)**

തന്നന്ത്യകാലമടുത്തുവെന്നുള്ളൊരു-
ചിന്ത പിതാവിനക്കാലമുണ്ടായ്;
തന്റെ മക്കൾക്കയൊരന്ത്യമാം സന്ദേശം
എന്തുകൊണ്ടും നല്കാൻ നിശ്ചയിച്ചു.

ഓരോ ദേവാലയം തോറും വിശ്വാസികൾ
വായിച്ചുകേൾക്കണം തൻ വിവരം;
പ്രാർത്ഥിക്കണമവർ രോഗശാന്തിക്കായി-
ഇവ്വിധമാണതിന്നുള്ളടക്കം.

സ്വർഗ്ഗത്തിലെത്തിയാൽ തന്റെ പുനരൈക്യ-
പ്രസ്ഥാനത്തിന്നായ്, തൻ മക്കൾക്കായി,
നിത്യവും പ്രാർത്ഥിക്കും, നന്മനിറയുന്ന
കർത്താവിൻ കാരുണ്യമാരി തൂകാൻ.

പതിനഞ്ചിലാഗസ്റ്റിലീയന്ത്യസന്ദേശം
പള്ളികൾതോറും കുർബാന മദ്ധ്യേ,
വായിച്ചുകേട്ടപ്പോൾ സങ്കടമുണ്ടായി
വാവിട്ടുകേണോ,രന്നൊട്ടനേകം.





# കന്തീലാ ശുശ്രൂഷ

**(മഞ്ജരി പോലെ)**

രോഗം കുറയാതെ വന്നതുകാരണം
കന്തീലായെന്ന തൈലാഭിഷേകം
വന്ദ്യപിതാവിന്നു നല്കണമെന്നുറ-
ച്ചന്നധികാരം നടത്തി വന്നോർ.

ഈ ദിവ്യകൂദാശാകർമ്മമനുഷ്ഠിച്ച-
താശ്രമപ്പള്ളി നാലാഞ്ചിറയിൽ;
കർമ്മിസ്ഥാനത്തു നിന്നെല്ലാം നടത്തിയ-
തമ്മഹാൻ സേവേറിയോസു മെത്രാൻ.

ആർച്ച് ബിഷപ്പ് മാർ കണ്ടത്തിൽ വന്നിരു-
ന്നീ ദിവ്യകർമ്മത്തിൽ പങ്കുകൊള്ളാൻ;
ആത്മസുഹൃത്തിന്നവശതയിൽ മനം-
നൊന്തു പ്രാർത്ഥിച്ചവിടുന്നു മൂകം.

മുഖ്യമന്ത്രി ഏ.ജെ. ജോൺ, ആർ.വി. തോമസും
ജസ്റ്റിസ് തളിയത്തു തൊട്ടുള്ളോരും,
മറ്റു പ്രമുഖരാം പൗരന്മാർ, ഒട്ടേറെ
വൈദികർ, കന്യകാ സ്ത്രീകളിവർ,

വീട്ടുകാ,രുറ്റവർ, നാട്ടുകാർ, മിത്രങ്ങൾ
ഒട്ടുവളരെപ്പേർ വന്നുകൂടി,
നാനാഭാഗത്തു നിന്നിപ്പുണ്യകൂദാശാ-
ശുശ്രൂഷയിൽ ഭാഗഭാക്കാകുവാൻ

www.malankaralibrary.com



ഭക്തിപൂർവ്വമിവർ സംബന്ധിച്ചീദിവ്യ-
കർമ്മമല്പം ദീർഘമാണെങ്കിലും,
ഈ ഗ്രന്ഥകർത്താവിനെന്നപോലേവർക്കും
ശ്രദ്ധേയമായതൊരൊറ്റക്കാര്യം:

രണ്ടരയോളം മണിക്കൂറെടുത്തോരീ
കർമ്മത്തിൽ താതനൊരേകിടപ്പ്;
ശാന്തനായ്, സ്വസ്ഥനായ്, രോഗം പകരുന്ന
ചേഷ്ടകൾ കാട്ടാതെ ശ്രദ്ധയോടെ!

ചൊല്ലിക്കൊടുക്കുന്ന പ്രാർത്ഥനയോരോന്നും
ഉള്ളിൽ തട്ടും വിധം ഭക്തിയോടെ,
ഏറ്റുപറഞ്ഞു വദനപ്രസന്നത-
കാട്ടിക്കൊണ്ടെന്നതൊരദ്ഭുതമേ!

## അധിവാസം അരമനയിൽ

**(അരമനയിലേക്ക്)**

ബഥനിയുമായതിന്നാശ്രമവുമെല്ലാം
സ്ഥാപിച്ചതു താൻമാത്രമാണെന്നാലും,
ഇക്കാലം തന്നധികാരാവകാശങ്ങൾ
മുഖ്യമായുള്ളതു രൂപതയിൽ,

കാരണമീച്ചൊന്നതായേക്കാ,മാഴ്ചകൾ
ഏതാനും പോയപ്പോൾ വന്ദ്യതാതൻ
പട്ടത്തേക്കുമാറ്റി തന്നുടെ താമസം
തൊട്ടുചേർന്നാണല്ലോ സെമ്മിനാരി





**മാർ ഗ്രിഗോറിയോസ്**

## മെത്രാൻ പട്ടാഭിഷേകം

**(മഞ്ജരി പോലെ)**

തന്റെ പിൻഗാമിയെ വാഴിക്കണ,മതു
തൻ ജീവിതകാലം തന്നെവേണം;
തന്റെ കൈകൾകൊണ്ടു തന്നെയിതുവേണം,
എന്നുറച്ചാൻ വന്ദ്യതാതനുള്ളിൽ.

റോമിലറിയിച്ചതാണു തന്നാഗ്രഹം
നേരത്തേ തന്നെയീ വന്ദ്യതാതൻ,
വീണ്ടുമുണർത്തിച്ചു രോഗം വർദ്ധിക്കവേ,
മാർപാപ്പാ തന്നനുവാദത്തിന്നായ്.

റോമായനുവാദം നല്കി, ബൂളാ വഴി
പിൻഗാമി മെത്രാനെ വാഴിക്കുവാൻ;
വൈദികവൃന്ദഗണനാപ്രസംഗത്തിൽ
ഫാദർ ബനഡിക്ട് മുമ്പനായി.

സന്യാസസംഘം ബഥനിയിലെയച്ചൻ,
എം.എ. പിന്നെ, വൈസു പ്രിൻസിപ്പലും;
മറ്റാരുമുണ്ടായതില്ലീയഭികാമ്യ-
തുംഗപദവിയിൽ എത്തിയോരായ്,

മെത്രാനായ് ഫാദർ ബനഡിക്ടിനെയഭി-
ഷിക്തനാക്കാൻ റോമ്മാ കത്തയയ്ക്കെ,
ജാനുവരിയിരുപത്തൊൻപതാംദിനം
അൻപത്തിമൂന്നിൽ നടത്തി കർമ്മം.

www.malankaralibrary.com



പുത്തനായ് തീർത്തു തുടങ്ങിയ കത്തീഡ്രൽ
പള്ളിതൻ സ്ഥാനത്ത് പന്തലിട്ട്,
ആഘോഷപൂർവമിക്കർമ്മം നടത്തിയ-
തദ്ഭുതം, താതൻ മാർ ഈവാനിയോസ്!

രണ്ടരയോളം മണിക്കൂറു ദീർഘിച്ചോ-
രിപ്പുണ്യ കർമ്മമനുഷ്ഠിക്കുവാൻ,
വന്ദ്യപിതാവിന്നു സാധിക്കുമെന്നാരു-
മന്നു തരിമ്പും കരുതിയില്ല്!

എന്തൊരവ്യാഖ്യേയ,മീയദ്ധ്യാത്മ ശക്തി,
എന്തൊരു ദൈവവരപ്രസാദം!
എല്ലാമില്ലായ്മയിൽ സൃഷ്ടിച്ച ദൈവത്തിൻ-
വല്ലഭത്വം തന്നെയെന്നുചൊല്ലാം.

കാണികൾ കാണാത്തൊരാത്മശക്തി ദിവ്യ-
യോഗിക്കുണ്ടെന്നുള്ളതാർഷസത്യം;
യോഗി സഹജമാം സാധനാസിദ്ധിതൻ
ഭാഗ്യോപലബ്ധൻ താനിപ്പിതാവ്!

യോഗിക്കറിയാമവസാനം തന്നുടെ
ജീവൻ ശരീരം വിടുന്ന നേരം,
പിന്നെന്തിനു ഭീതി; യോഗിയെഴുന്നേല്ക്കും;
ഇന്നു താതൻ ചെയ്തപോലെ ചെയ്യും.

അശ്വമേധം പോലെയായിരുന്നൂ പുന-
രൈക്യപ്രസ്ഥാനത്തിൻ ഭാഗ്യോദയം,
മുണ്ടൻ മലയിലെ തന്റെ യാഗാശ്വത്തെ
കെട്ടഴിച്ചുവിട്ടിക്കർമ്മയോഗി!





ദൈവിക ശക്തിതൻ വീര്യം നിറഞ്ഞൊരീ
ഐക്യപ്രസ്ഥാന തുരംഗത്തിനെ
ആരോ ചിലരൊക്കെ നോക്കി ബന്ധിക്കുവാ-
നാരാലും സാദ്ധ്യമല്ലാതെ വന്നു!

"മെത്രാൻ, ബഥനിക്കുടയോൻ വഴിനീളെ
പിച്ച തെണ്ടുന്നതു കാണും നമ്മൾ"
വിഡ്ഢികളായേവം പ്രാകിപ്പറഞ്ഞവർ,
മൂഢമാളത്തിലൊതുങ്ങിപ്പോയി!

ആരളന്നീടുമോ, ആരെണ്ണിത്തീർക്കുമോ,
ആർച്ചുബിഷപ്പിന്റെ നേട്ടമെല്ലാം!
അദ്ദേഹം സ്വർലോകം പൂകുന്നതിൻ മുമ്പേ,
തേടിയതു നേടി; തൃപ്തനായി!

ഒന്നുമിനിയില്ല നേടിയെടുക്കുവാൻ
ഒന്നൊഴിയാതെല്ലാം ദൈവം നല്കി,
ഒന്നും തനിക്കായിട്ടല്ല താൻ നേടിയ-
തെന്നു ലോകമിന്നു സമ്മതിക്കും.

"തെറ്റു മനഃപൂർവ്വം ചെയ്തതായോർമ്മയി-
ലെത്തുന്നി,ല്ലെങ്കിലോ നീതി ചെയ്കെ,
അല്പം കൂടി ദയ കാട്ടിടാമായി"രു-
ന്നിത്രയേ സങ്കടമിപ്പോഴുള്ളൂ.

ഇത്ഥം പിതാവു പറഞ്ഞതു സത്യം താൻ,
ആത്മാർത്ഥതയിതിൽ മുറ്റി നിന്നു.
തെറ്റിദ്ധരിച്ചതിൽ, ശിക്ഷിച്ചതിൽ ക്ഷമ-
യർത്ഥിച്ചതുമച്ചന്മാർക്കറിയാം.

www.malankaralibrary.com



നിർഭീകനായിരുന്നന്ത്യവേളവരെ
മൃത്യുവിൻ കാര്യത്തിൽ വന്ദ്യതാതൻ,
മൃത്യുവരുമ്പോൾ വരട്ടെയെന്നല്ലാതെ
വ്യർത്ഥമായൊന്നുമേ ചിന്തിച്ചില്ല.

അന്നു പണികൾ തുടങ്ങിയ പട്ടത്തേ
ഭദ്രാസനപ്പള്ളി തന്നടിയിൽ,
മദ്ബഹാതൻ കീഴിലായിരുന്നീടണം
തൻ കബറെന്നു കല്പിച്ചിരുന്നു.

നേരത്തെ തന്നെ സ്ഥലത്തുചെന്നു താതൻ
വേണ്ട നിർദ്ദേശം കൊടുത്തിരുന്നു.
പുണ്യചരിതന്മാർ ചെയ്യുന്നതിങ്ങനെ,
ധന്യതയേറുന്നു താതനേവം.

\+ \+ \+ \+ \+

## കതോലിക്കാ ബാവാ തുടങ്ങിയ അഭിവന്ദ്യ സന്ദർശകർ

**(മഞ്ജരി പോലെ)**

രോഗക്കിടക്കയിലായിരിക്കെ വന്നു,
പേരുകേട്ട ചില സന്ദർശകർ,
പരിശുദ്ധനാം പിതാ, കാതോലിക്കാ ബാവാ;
പാറേട്ടേ മാത്യൂസ് തിരുമേനിയും.

വേദനാനിർഭരമായിരുന്നിക്കൂടി-
കാഴ്ച പ്രത്യേകിച്ചും രണ്ടുപേർക്ക്,
കേവലം വൈദികനായിരിക്കെ താതൻ
മാത്യൂസ് പാറേട്ടിനുവേണ്ടി നിന്നു.





തന്റേതെന്നെണ്ണും സെറാമ്പൂരെ കോളേജിൽ
കൊണ്ടുചെന്നാക്കി ബിരുദം നേടാൻ;
പണ്ടു നടന്നതാം കാര്യമെല്ലാമോർത്തു
രണ്ടുപേരും ദുഃഖമഗ്നരായി.

മാത്യൂസു, മെത്രാനായ് ത്തീരുന്ന വേളയിൽ
പ്രേഷ്ട ഗുരുനാഥൻ തന്റെ നാമം
സ്വീകരിച്ചങ്ങനെ, പിന്നെ വിദിതനായ്
*"മാത്യൂസിവാനിയോസെ"ന്ന പേരിൽ,

സന്ദർശകന്മാരിലെന്നുമോർക്കേണ്ടുന്നോ-
രുന്നതനാം ബഹുമാന്യദേഹം,
പത്രാധിപർ, മാമ്മൻ മാപ്പിളയല്ലാതെ
മറ്റാരുമായിരുന്നില്ല ചൊല്ലാം.

മറ്റ് പ്രശസ്തരാം വ്യക്തികളോടൊത്ത്
സ്വസ്തിപറഞ്ഞു പിരിഞ്ഞു പോകെ,
പത്രാധിപരെയേകനായൊന്നു കാണുവാൻ
ശക്തമൊരാഗ്രഹം താതനുണ്ടായ്.

കട്ടിലിൻ ചാരത്തു പണ്ടത്തെ ഹെഡ്മാസ്റ്റർ
മുട്ടുകുത്തി നിൽക്കെ, ശിഷ്യൻ താതൻ
ശോഷിച്ച കൈകൊണ്ടു താൻ ഗുരുനാഥനെ
ആശ്ലേഷിച്ചുമ്മവച്ചോരോന്നോർത്ത്.

കണ്ണുനീർ തൂകിക്കൊണ്ടിങ്ങനരുൾ ചെയ്തു;
"ഇഷ്ടക്കേടെല്ലാം പൊറുക്കവേണം".
പ്രിൻസിപ്പലായ്, പിന്നെ ശിഷ്യനുയർന്നപ്പോൾ
വന്നിരിക്കാം പെരുമാറ്റക്കുറ്റം?

www.malankaralibrary.com



അപ്പൊഴുതിൽ മാമ്മൻ മാപ്പിള ചൊന്നേവം:
"പൊന്നു തിരുമേനീ, അങ്ങനൊന്നും
വന്നിട്ടി,ല്ലെന്നാലോ എന്നിൽ നിന്നുണ്ടായ
തെറ്റുകളങ്ങു ക്ഷമിച്ചിടേണം".

എത്ര യുദാത്തഗംഭീരമാം സൗഹൃദം;
എത്രയുദാര മധുരബന്ധം!
ഗദ്ഗദ കണ്ഠനായല്ലോ പത്രാധിപർ
രോഗിയാം,താതനെ വിട്ടു പോന്നു.

## ഇന്റർ നൂൺഷ്യോ
**(മഞ്ജരി പോലെ)**

അങ്ങനിരിക്കെ, തിരുമേനിയെ കാണ്മാൻ
വന്നൊരു ശ്രദ്ധേയ സന്ദർശകൻ,
പോപ്പിൻ പ്രതിനിധി, ഇന്ത്യയിലെ ഇന്റർ-
നൂൺഷ്യയോ, മാർട്ടിൻ ലൂക്കാസെന്നുപേർ,

പുത്തനായാണു നിയമനം, സ്ഥാനത്തിൽ
ആർച്ചു ബിഷപ്പ്; തിരുകൊച്ചിയിൽ
ആദ്യമായത്രേ വരുന്നതു രോഗിയാം
"ഭാരതന്യൂമാനെ" സന്ദർശിക്കാൻ.

"മാർപ്പാപ്പാ തന്നുടെയാശീർവാദം നൽകാൻ
സന്തോഷമേറെയുണ്ടെ"ന്നിദ്ദേഹം;
"താൻ ബഹുമാനിതനായെന്നു" ചൊല്ലിനാൻ
നന്ദിയോടപ്പോൾ തിരുമേനിയും.





തേടിവച്ചിട്ടുള്ളതൊന്നുമെ കാണുവാൻ
താതനു താല്പര്യം വന്നതില്ല;
ലോകം വെടിയുമ്പോൾ ആരുമൊന്നും കൊണ്ടു-
പോകില്ലെന്നുള്ളതു നിത്യസത്യം!

എങ്കിലോ, തൻ സ്വന്തം കോളേജു കാൺമതിൽ
കൗതുകം തീർന്നില്ല താതനന്നും,
തെല്ലു സുഖം തോന്നിവന്നാലുടൻ പോകും
നാലാഞ്ചിറയിൽ, ബഥനിക്കുന്നിൽ.

മുറ്റത്തു ചാരുകസേരയിലായിടും
കാറ്റേറ്റു വിശ്രമം വൈകുന്നേരം;
കോളേജാരംഭിച്ചു നാലാണ്ടായെങ്കിലും,
നോക്കിയിരുന്നിടും നിർന്നിമേഷം.

അജ്ഞാനത്തിന്നിരുൾ മാറിയീനാടാകെ
വിജ്ഞാനത്തിൻ പ്രഭ പുൽകി നിൽക്കാൻ
താതനുണ്ടായൊരു വെമ്പലായേക്കാമീ
കൗതുകമുണ്ടാകാൻ മുഖ്യഹേതു.

അമ്പത്തിമൂന്നിലെ മാർച്ചു മാസത്തോടെ
രോഗം മൂർച്ഛിക്കുന്ന മട്ടു കണ്ടു!
വന്ദ്യപിതാവു ദിവംഗതനാകുമെ-
ന്നന്നു വിചാരി,ച്ചടുത്തു നിന്നോർ.

ഇക്കാരണത്താലന്നാരുമേയക്കൊല്ലം
ഹാശാ നടത്തുവാൻ പോയതില്ല
സംശയമീവിധം ഉണ്ടാകാൻ കാരണം
വർദ്ധിച്ചു വന്നൊരു ക്ഷീണം മാത്രം.

www.malankaralibrary.com



"കണ്ണടച്ചീ ഞാൻ കിടന്നാലും പ്രാർത്ഥന-
യൊന്നും മുടക്കാതെ ചൊല്ലിടേണം".
എന്നു നിർദ്ദേശിച്ചനുസ്മരിപ്പിക്കാനും
വന്ദ്യപിതാവു മറന്നതില്ല!

"യാത്രയാകാനുള്ള നേരമടുത്തിതാ,
പൂർത്തിയായെല്ലാമെൻ വേർപാടിങ്കൽ,
ആരും കരയരുതെന്റെ ദൈവത്തിനെ
നേരെ കാണുന്നതു ഭാഗ്യമല്ലേ?

തെറ്റു ഞാൻ ചെയ്തിട്ടുണ്ടെങ്കിൽ പൊറുക്കണം,
ഒന്നും മനഃപൂർവ്വം വന്നതല്ല",
തന്റെ "സന്ദേശ"ത്തിലെന്നപോൽ ചൊല്ലിനാൻ
ചുറ്റിലും നിന്നവരോടു താതൻ.

തെറ്റു ചെയ്യാത്ത മനുഷ്യരില്ല, സ്വന്തം
തെറ്റിലനുതാപം കാട്ടിടുന്നോർ,
ദാവിദിനെപ്പോലെ ദൈവഭക്തൻമാരും
ദൈവജ്ഞൻമാരുമാണെന്നോർക്കണം.

മധ്യവേനൽ വന്നവധിക്കാലം ഞങ്ങൾ
നാലു ശെമ്മാൻമാരെത്തിയപ്പോൾ,
വന്ദ്യപിതാവിനെ രോഗക്കിടക്കയിൽ
ശുശ്രൂഷിക്കാനുള്ള ഭാഗ്യമുണ്ടായ്!

എന്റെയൂഴം വന്നനാളൊരു രാത്രിയിൽ
രണ്ടുമണി, താതൻ ചോദിച്ചേവം:
"നീയേതാടാ"യെന്നു, ഞാനതിനുത്തരം
"അയ്യനേത്തേ"യെന്നു ചൊല്ലിയപ്പോൾ.





"പീലിപ്പോസ് വാദ്ധ്യാരുടേ"യെന്നാരാഞ്ഞപ്പോൾ
"കൊച്ചുമകനെ"ന്നു ചൊല്ലി ഞാനും;
സീറ്റു ലഭിക്കുന്ന വ്യക്തി പിതാമഹൻ
താതബഹുമാനപാത്രമായോൻ!

കണ്ണടച്ചു കിടന്നായിരുന്നെങ്കിലും,
തീർത്തുമവശനായ് കണ്ടെങ്കിലും,
അത്യധികം സ്ഫുടമായിരുന്നു താത-
വർത്തമാന, മിന്നുമോർക്കുന്നു ഞാൻ;

അവധി കഴിയവെ ജൂൺമാസമായപ്പോൾ
ആലുവാ മേജർ സെമ്നാരിയിൽ പോയ്;
വന്ദ്യപിതാവിന്റെ രോഗശാന്തിയ്ക്കായി
പ്രത്യേകം പ്രാർത്ഥിച്ചിരുന്നു ഞങ്ങൾ.

## ചാക്കോച്ചേട്ടൻ

**(മഞ്ജരി പോലെ)**

ഞങ്ങൾ പോന്നപ്പോഴന്നോർത്തുപോയ് ധർമ്മത്തിൻ-
മൂർത്തിമത്ഭാവമായ് തീർന്നൊരാളെ,
താതനെപ്പോലൊരു നിത്യബ്രഹ്മചാരി;
ചാക്കോചേട്ടനെന്നു പേർ വിളിക്കും,

വന്ദ്യതാതന്റെ പരിചാരകനായും
വീട്ടുവിചാരിപ്പുകാരനായും,
എത്രയോ കാലം കഴിഞ്ഞതാണിദ്ദേഹം
പത്തരമാറ്റുള്ള തങ്കമല്ലോ!

www.malankaralibrary.com



തുച്ഛമായ് മാത്രമേ സംസാരിക്കാറുള്ളൂ;
പുച്ഛമാരോടുമേ കാട്ടാറില്ല.
താതന്റെ ചിത്തമറിഞ്ഞു പെരുമാറാ-
നേതുനേരത്തും കഴിവുള്ളവൻ!

ഒന്നുമില്ലാതെയനന്തപുരി, ആബോ
വന്ന കാലത്തു പ്രയാസം മാത്രം!
നിത്യവൃത്തിയ്ക്കു വകയൊന്നുമില്ലാതെ-
യെത്ര ദിനങ്ങൾ കടന്നുപോയി!

ഒട്ടേറെ കഷ്ടതയുണ്ടായിരുന്നിട്ടും
വിട്ടുപോയില്ല തിരുമേനിയെ;
ജീവിത കാലത്തു നോട്ടമുണ്ടായില്ല.
നേട്ടമോരോതരം കൊയ്തെടുക്കാൻ!

താതന്റെ കാലം കഴിഞ്ഞപ്പോഴീ വൃദ്ധൻ
ജീവിച്ചുപോന്നൊട്ടുനാളുകൂടി;
അന്ത്യകാലത്തു കഴിഞ്ഞു കൂടാൻ വേണ്ട-
തെന്തും പിതാവുകൊടുത്തു കാണും!





# തിരുമരണവും കബറടക്കവും

**(പാന പോലെ)**

അമ്പത്തിമൂന്നു ജൂലൈ മുതലഭി-
വന്ദ്യതാതനിൽ കാലേകണ്ട രോഗം
അമ്പരപ്പുണ്ടാക്കീടും വിധം കൂടി
അന്ത്യമാസന്നമായെന്നമട്ടിലായ്!

ഉൽക്കടമായ വേദന തൻ കാസാ,
സൽകൃപാവരനിർഭരനിത്താതൻ
നിത്യവുമോരോ നാഴിക തോറുമേ
ഹൃത്തുനൊന്തു കുടിച്ചുകൊണ്ടേ മേവി.

ബാഹ്യമായ് ദുഃഖം കാട്ടാതെ തൻമുഖ-
ഭാവമെത്രയും സ്വച്ഛമാക്കീടുവാൻ,
നൊമ്പരം കാർന്നുതിന്നുമ്പൊഴും ദൈവം-
തമ്പുരാന്റെയി ഭക്തൻ പണിപ്പെട്ടു.

ഇദ്ദിനങ്ങളിലെല്ലാം തിരുമേനി
ത്രിത്ത്വദർശനജ്ഞാനനിമഗ്നനായ്,
ദൈവാത്മാവിന്റെ ശക്തിമത്താമഗ്നി-
ജ്വാലയിൽ മുഴുകീടാൻ ശ്രമിക്കയായ്.

കേവലമൊരു സാധാരണ നര-
ജീവിയെപ്പോലെയുള്ളി, ലെളിമയിൽ,
മുമ്പു ചെയ്തെന്നു തോന്നിയ തെറ്റോർത്ത്
കുമ്പസാരം നടത്തിയിടയ്ക്കിടെ.

www.malankaralibrary.com



കർത്താവിന്റെ ശരീരവും രക്തവും
നിത്യവുമുൾക്കൊണ്ടാത്മീയമാം ജീവൻ
ശക്തമാക്കുവാൻ ദാഹിച്ചു ദൈവത്തിൻ-
ഭക്തനായൊരീ ദാർശനികാചാര്യൻ

എല്ലാംകൊണ്ടും തിരിഞ്ഞുനോക്കുമ്പോഴോ,
വല്ലായ്മയ്ക്കവകാശമേ കണ്ടില്ല;
കൊല്ലമൊന്നായൊരുങ്ങുന്നീയാബൂനോ
സ്വർല്ലോകനിത്യസമ്മാനം നേടുവാൻ.

ദൈവം തന്നെ വിളിച്ച വിളിയ്ക്കൊത്തീ-
യുർവ്വിയിലവിടുന്നു മാത്രം തരും-
സ്നേഹത്തിൻ, സമാധാനത്തിൻ സുപ്രഭ-
തൂകും സൂര്യനായ് വന്നുദിച്ചീദിവ്യൻ.

തന്റെ ജോലി നിവർത്തിച്ചു പൂർണ്ണമായ്
തന്റെ കർമ്മമനുഷ്ഠിച്ചു യോഗ്യമായ്
തന്റെ യോട്ടവുമോടിക്കഴിഞ്ഞിതാ,
തന്റെ സമ്മാനം നേടുവാൻ പോകയായ്!

കർമ്മല മതാവിന്റെ തിരുനാള്,
നമ്മുടെ താതനെന്നുമൊരുത്സവം!
അമ്മയോടുള്ള ഭക്തിയവാച്യമാ-
"ണമ്മച്ചി"യെന്നല്ലാതെ വിളിക്കില്ല.

"രണ്ടാമത്തേതാം സ്വർഗ്ഗമാണീയമ്മ";
പണ്ടുതൊട്ടേയിതാണല്ലോ വിശ്വാസം;
വേദജ്ഞാനിയാം താതനീ പൗരസ്ത്യ-
വേദശാസ്ത്രത്തിൻ വക്താവെവിടെയും.





കന്യകാസ്ത്രീകളർത്ഥിക്കെ,യന്ത്യമായ്
ധന്യമായൊരു ബോധനം നൽകയായ്:
"കന്യാസ്ത്രീയമ്മയോടു പ്രാർത്ഥിക്കണം,
നമ്മൾക്കായവൾ ദൈവത്തോടർത്ഥിക്കാൻ".

അപ്പപ്പോൾ ചൊല്ലും പ്രാർത്ഥനയോരോന്നും,
കെല്പില്ലെങ്കിലുമേറ്റുചൊല്ലിപ്പോകെ,
ജൂലൈയെത്തി പതിനഞ്ചിൽ, നേരമോ,
പാതിരാവോടടുത്തടുത്തു വന്നു.

കൃത്യമായ് പതിനൊന്നു മണിയായി,
"നീതിമാന്റെ മരണ"ത്തിൽ നേരമായ്;
താതന്റെ തിരുപ്പുണ്യശിരസ്സൊരു
ഭാഗത്തേക്കു ചരിഞ്ഞഹോ നിശ്ചലം!

**ദേഹപഞ്ജരം വിട്ടു പറന്നു പോയ്,**
**പ്രാണകോകിലം നാകോന്മുഖമായി!**
സ്നേഹവാത്സല്യം തിങ്ങിനിന്ന തിരു-
മേനി നമ്മെപ്പിരിഞ്ഞുപോയെന്നേക്കും!

മാതാവിന്റെ ജനനത്തിരുന്നാളിൽ
സ്നേഹതാതൻ പിറന്നു, പിന്നിപ്പൊഴോ,
കർമ്മല മാതാവിന്റെ തിരുനാളിൽ
സ്നേഹതാതൻ ദിവംഗതനുമായി!

അസ്തമിച്ചു പുനരൈക്യസൂര്യനീ-
വാർത്തയെങ്ങുമറിയിച്ചതിൻ പടി,
പള്ളികളായ പള്ളികളെല്ലാമേ
തേങ്ങിക്കേണു, മണിനാദമല്ലിത്!

www.malankaralibrary.com



കണ്ണുനീരൊപ്പി, മാർ സേവേറിയോസും
മാർ ബനഡിക്ടും ദുഃഖം സഹിക്കാതെ,
ചുറ്റിലും നിന്ന വൈദികരും, കന്യാ-
സ്ത്രീകളും മനം നൊന്തുകരഞ്ഞുപോയ്!

നേരെ മുൻപിൽ ശയിക്കുന്നൊരിപ്പുമാൻ
പരിടത്തിലപൂർവ്വമൊരു ജൻമം;
എത്രയെത്ര യുഗങ്ങൾ കടക്കണം,
ഇത്തരമൊരു വ്യക്തിയെക്കാണുവാൻ!

ഭാരതത്തിലെന്നല്ല വിദേശത്തും
പേരെടുത്ത മഹാനായ പുരുഷൻ
തൊട്ടുമുമ്പിൽ ശയനീയത്തിൽ ജീവ-
നറ്റു ഹന്ത! ശയിക്കുന്നിതാ ശാന്തം!

ഇനിയുമാ മിഴി രണ്ടും തുറക്കില്ല,
ഇനിയുമാ നല്ല നാവും ചലിക്കില്ല,
ഇനിയും നമ്മെയനുഗ്രഹിച്ചീടുവാൻ
കുരുശുമേന്തിയ കൈയ്യുമുയരില്ല!

ജീവിതത്തിന്റെ ചോര പൊടിയുന്ന
കാൽവരി, സഹനത്തിന്റെ ക്രൂശുമായ്
നൊമ്പരപ്പെട്ടു കേറിയ കാലുകൾ
നിർജ്ജീവം മരവിച്ചിതാ കാണുന്നു!

ഇത്താതന്നു സമശീർഷനായിടും
വ്യക്തികളെത്രമാത്രമുണ്ടാകുമോ!
ചക്രവർത്തിക്കു തുല്യമാജ്ഞാശക്തി-
വ്യക്തമാക്കിയോൻ, ചൈതന്യമറ്റിതാ!





ദേവതാത്മാ ഹിമാലയസന്നിഭം
ഏവർക്കും നിത്യവിസ്മയമായവൻ;
ആദരം വാങ്ങി നാലുദിക്കിൽ നിന്നും:
അമ്മഹാനിപ്പോൾ നിശ്ചേഷ്ടനായിതാ!

ഈ മഹാവ്യക്തി കാണാത്ത നാടേത്?
ഇപ്പുമാനറിയാത്ത മഹാനേത്?
പാരിലിങ്ങനതുല്യപ്രശസ്തിയാൽ
രാജിച്ചോനിതാ നിർജ്ജീവനിദ്രയിൽ!

ഇമ്മലങ്കരനാട്ടിൽ സഭാതല-
മണ്ഡലത്തിൽ സമാധാനമുണ്ടാക്കാൻ
ആവോളം ശ്രമിച്ചെന്നാൽ പരാജയം
സമ്മതിക്കാതെ സത്യമാർഗ്ഗം തേടി.

നാഥനില്ലാതെ, പള്ളിയുമില്ലാതെ,
വേദമെല്ലാം മറന്നു കഴിഞ്ഞോർക്കും,
കാടുകേറിയൊരാടുകൾക്കും, ജീവൻ-
നേടിയോൻ, നല്ലിടയനിതാ, കാൺക!

പിറവിയുണ്ടതുപോലെ മരണവും
പ്രകൃതിയി,ലനിഷേദ്ധ്യമാണി സത്യം:
ഇതിനു നമ്മൾ വിധേയരായ്ത്തീരുക,
പരമ താതന്റെയിച്ഛ നടക്കട്ടെ!

www.malankaralibrary.com



# കബറടക്കം

## പാളയം സെന്റ് മേരീസ് പള്ളിയിൽ
## (പാന പോലെ)

ആബോ തന്നുടെ നിർമ്മലമാം പ്രാണൻ
ആകാശത്തിന്റെ നീലിമ ഭേദിച്ച്,
സ്വർഗ്ഗത്തേക്കു പറന്നപ്പോഴേ തന്നെ
ആത്മശാന്തിക്കു പ്രാർത്ഥനയർപ്പിച്ചു.

ഉത്തരക്ഷണം ദേഹം വെടിപ്പാക്കി
മെത്രാപ്പോലീത്തായെന്നുമർഹിച്ചീടും,
സ്ഥാനവസ്ത്രമണിയി,ച്ചുപവിഷ്ട-
നാക്കി പൗരസ്ത്യരീത്യാ കസേരയിൽ,

സ്ലീബായേന്തി, തലപ്പാവു ചൂടിയും,
ആബോ മുമ്പിലിരിക്കുന്നതുകണ്ടാൽ,
ജീവനുള്ളതുപോലെ തോന്നിച്ചിരു-
ന്നാവതില്ലാതായ് ദുഃഖം സഹിക്കുവാൻ!

എന്നന്നേക്കുമായ് വിട്ടുപിരിഞ്ഞോരാം-
മെത്രാന്മാർക്കുള്ള പ്രാരംഭ ശുശ്രൂഷ,
ധൂപപ്രാർത്ഥനയെന്നിവയൊക്കെയും
അപ്പോൾത്തന്നെ നടത്തി പിതാക്കന്മാർ.

താമസം വിനാ പാളയം സെന്റ് മേരീസ്
പള്ളിയിലേക്കു കൊണ്ടുപോയി ജഡം;
മദ്ബഹായിൽ കസേരയോടേ വച്ചു,
പ്രേക്ഷകർക്കു മുഖാഭിമുഖമായി.





മെത്രാപ്പോലീത്താ ആർച്ച് ബിഷപ്പ് മാർ-
ഈവാനിയോസു കാലം ചെയ്ത വാർത്ത
വത്തിക്കാനിലും ലോകമെമ്പാടുമേ
പട്ടത്തുനിന്നു പെട്ടെന്നറിയിച്ചു.

രാത്രിയിൽത്തന്നെ താതന്റെ വാത്സല്യ-
പാത്രമായവരെത്തി സെന്റ് മേരീസിൽ
രാത്രി, നേരം വെളുക്കുവോളം അവർ
പ്രാർത്ഥിച്ചൂ താതന്നാത്മശാന്തിക്കായി.

പത്രവാർത്തയറിഞ്ഞ നേരം മുതൽ
പള്ളിയിലെത്തി ധാരാളമായ് ജനം,
കുമ്പിട്ടു തിരുമേനി തൻ മുമ്പാകെ;
നൊമ്പരത്താൽ പലരും കരഞ്ഞുപോയ്!

പിറ്റേന്നു ജൂലൈമാസം പതിനേഴ്,
കബറടക്കം നടക്കുന്നതിദ്ദിനം;
വിടചൊല്ലുമ്പോൾ, നഗരികാണിക്കലിൻ
പരിപാടിയിട്ടു പാളയത്തും മറ്റും.

പട്ടത്തുള്ളൊരു ഭദ്രാസനപ്പള്ളി-
ക്കുള്ളിലത്രേ പിതാവിന്റെ സംസ്ക്കാരം;
അവിടെയാണു കബറടക്കാനുള്ള
സംവിധാന, മവിടിനിയെത്തണം.

കബറടക്ക ദിനമന്നു രാവിലെ
പരസഹസ്രം ജനങ്ങളും വന്നെത്തി*.
ഉള്ളം നൊന്തവർ പ്രാർത്ഥിച്ചു കണ്ണുനീർ-
ത്തുള്ളിയൂറി വരുന്നതു കാണായി.

www.malankaralibrary.com



പള്ളിക്കുള്ളിലും മുറ്റത്തും പട്ടത്തേ-
ക്കുള്ളതാം തെരുവീഥിയിലുമെല്ലാം
വന്നുകൂടിയ സ്ത്രീ പുരുഷന്മാർ തൻ
എണ്ണമാരാലും നിർണ്ണയിക്കാൻ പണി!

രാവിലെ തന്നെ പാലായിലെ മെത്രാൻ
മാർ സെബാസ്റ്റിൻ വയലിൽ തിരുമേനി,
പൊന്തിഫിക്കൽ കുർബ്ബാനയൊന്നർപ്പിച്ചു,
വന്ദ്യതാതന്റെ ആത്മശാന്തിക്കായി:

തൊട്ടുപിന്നാലെ വന്ദ്യപിതാക്കന്മാർ
സേവേറിയോസും, ഗ്രീഗോറിയോസുമായ്
ചേപ്പാട്ടേ റമ്പാനച്ചനെയും കൂട്ടി,
ചൊല്ലി മുന്നിമ്മേൽ കുർബന താതന്നായ്!

പിന്നെ ചങ്ങനാശ്ശേരിയിലെ മെത്രാൻ
കാവുകാട്ടു മാർ മാത്യു തിരുമേനി,
കാലം ചെയ്ത പിതാവിന്നപദാന-
കാര്യമോർത്തു നടത്തി പ്രഭാഷണം.

ലത്തീനാർച്ചുബിഷപ്പു വരാപ്പുഴ,
അട്ടിപ്പേറ്റിത്തിരുമേനിയെത്തവേ,
താതനു വേണ്ടി പ്രാർത്ഥിച്ചു, ശുശ്രൂഷ
ലത്തീൻ റീത്തിൽ നടത്തിയീ വേളയിൽ!

മെത്രാപ്പോലീത്താ മാർ അഗസ്റ്റിൻ തന്റെ
സുപ്രധാന പ്രതിനിധിയുമെത്തി;
മറ്റു റീത്തിലെ മെത്രാന്മാരും ലോകം-
വിട്ട താതന്നായ് നൊന്തുപ്രാർത്ഥിച്ചല്ലോ.





ഓരോരോ റീത്തിൻ രീതിയനുസരി-
ച്ചോരോരുത്തർ നടത്തി ശുശ്രൂഷകൾ,
സന്യാസസഭാ വൈദികശ്രേഷ്ഠരും,
കന്യാസ്ത്രീകളും പ്രാർത്ഥനയർപ്പിച്ചു.

നാനാജാതി മതസ്ഥരും പള്ളിയിൽ
സ്നേഹതാതനെ സന്ദർശിക്കാനെത്തി,
തൻ ചിരകാല സ്നേഹിതന്മാർ പൗര-
മുഖ്യന്മാരുദ്യോഗസ്ഥപ്രധാനന്മാർ.

ഇത്തിരുമേനി വന്നു വസിച്ചപ്പോൾ
ഇപ്പുരിക്കും മഹിമ വളർന്നല്ലോ;
സ്ഥാപനങ്ങൾ പലതുംവഴിയോരോ
സേവനം ചെയ്ത കാര്യവും ഓർത്തവർ.

യാത്രചൊല്ലി വിമൂകമവരെല്ലാം
കാത്തുനിന്നു പ്രദക്ഷിണത്തിൽച്ചേരാൻ,
ഉള്ളിലുള്ളോരു ദുഃഖം മുഖത്താകെ
തള്ളിവന്നു പരിദേവനത്തോളം!

മണിപതിനൊന്ന്; നഗരികാണിക്കുവാൻ
സമയമാസന്നമായി; പിതാക്കന്മാർ
അംശവസ്ത്രം ധരിച്ചു തയ്യാറായി
അവരൊടുകൂടെ വൈദിക വൃന്ദവും.

നല്ലവണ്ണമലങ്കരിച്ച രഥം
പള്ളിമുമ്പിൽ നിറുത്തിയിരു,ന്നതിൽ
വന്ദ്യതാതനെ സിംഹാസനത്തോടേ
കൊണ്ടിരുത്തി നിയുക്തശുശ്രൂഷകർ.

www.malankaralibrary.com



മേല്ക്കട്ടിയൊന്നു സിംഹാസനോപരി,
സ്ഥാപിച്ചു വെയിൽ കൊള്ളാതിരിക്കുവാൻ
ശ്യാമവർണ്ണത്തിലുള്ള കൊടികളും
തൂക്കിയിട്ടതിൽ ദുഃഖപ്രതീകമായ്.

മാർ സേവേറിയോസ്, മാർ ഗ്രിഗോറിയോസ്,
താതന്നോരോവശ,ത്തുപവിഷ്ടരായ്;
തൊട്ടടുത്തായിരുന്നൂ വരാപ്പുഴ,
അട്ടിപ്പേറ്റിത്തിരുമേനിയും തദാ.

നിന്നിരുന്നോരോ ഭാഗത്തു മുൻനിര-
തന്നിലായ് രണ്ടു വന്ദ്യ പുരോഹിതർ:
ഒന്നു ഫാദർ സെറാഫിയോൻ, മറ്റൊരാൾ
ഏ.ജി. എബ്രഹാം മൈലപ്രായച്ചനും.

പിന്നെത്താമസമുണ്ടായതി,ല്ലല-
തല്ലി വന്നു വിടപറയും ഗാനം,
ഹൃദയമുള്ള മനുഷ്യരെയൊന്നാകെ-
കരയിപ്പിക്കുന്ന ശോകാർദ്രമാം ഗാനം:

"നഗരമേ, എന്നെ യാത്രയാക്കാൻ വന്ന-
നഗരവാസികളാം പ്രിയപ്പെട്ടോരേ,
എന്നുമേ, സമാധാനത്തിൽ വാഴുക,
എന്നേക്കും യാത്രയാകുന്നു ഞാനിതാ"!

പ്രതിവചനമായിങ്ങനപ്പോൾ വന്നൂ,
വ്യഥിതമാം സ്വരം മൈക്കിലൂടന്നേരം;
"മേലിലെന്നും വസിക്ക സമാധാന-
ലോകത്തിൽ, പ്രിയപ്പെട്ട പിതാവേ, നീ".





വിവിധ റീത്തുകളോരോന്നിലും നിന്നു-
മവിടെയെത്തിയ സത്യവിശ്വാസികൾ,
വന്ദ്യതാതന്റെ വേർപാടിൽ ദുഃഖിച്ചു-
നിന്നു റോഡിൽ പ്രദക്ഷിണത്തിന്നായി.

ദൂരെയുള്ളോരോ പള്ളികളിൽ നിന്നും
ഓരോ സംഘക്കാർ കൊണ്ടുവന്നിത്തവ്വിൽ;
പൊൻകുരിശുകൾ, വെള്ളിക്കുരിശുകൾ;
മുൻഭാഗത്തു വഹിച്ചു നിന്നൊട്ടുപേർ.

പലനിറത്തിൽ ലസിക്കും മുത്തുക്കുട
പരശ്ശതമേന്തിനിന്നു വിശ്വാസികൾ,
ഇനിയൊരിക്കലും താതനെയിങ്ങനെ
എതിരേല്ക്കാനാവില്ലെന്നോർത്തു കേണവർ!

ബാന്റുമേളമുയർന്നിരുന്നൂ, ശോക-
സാന്ദ്രഗാനങ്ങൾ മാത്രമല്ലാതൊന്നും,
ഒട്ടു ദീർഘമാം ഈ വിലാപയാത്രാ-
ഘട്ടത്തിലാലപിച്ചിരുന്നില്ലല്ലൊ!

നീങ്ങി മുന്നോ,ട്ടലംകൃതമാം രഥം;
നീങ്ങി ദുഃഖിതരാം ജനമവ്വണ്ണം;
രഥമടുത്തു വരുന്നൊരു വേളയിൽ
കഠിനമാം തേങ്ങൽ കേട്ടു വഴിവക്കിൽ.

പാതതൻ രണ്ടു വക്കിലും കൂടിയ
മർത്ത്യരായിരമായിരമാണല്ലൊ.
ഇത്തരത്തിൽ കബറടക്കമൊന്ന്-
ഇപ്പുരിയിലഭൂതപൂർവ്വം, ചൊല്ലാം.

www.malankaralibrary.com



ജൂലൈമാസം മഴക്കാലമെങ്കിലും
ആയതിലാർക്കും ശല്യമുണ്ടായില്ല;
ദുഃഖിതനായ് മഴക്കാറിൻ പിന്നിൽപ്പോയ്
ഉച്ചനേരത്തു കണ്ട പകലവൻ.

വി.ജെ.റ്റി. ഹാളു ചുറ്റി പ്രദക്ഷിണം
പാളയത്തുള്ള വീഥിയിലെത്തവേ,
മുമ്പിൽ വന്ന രഥം കണ്ടു പാളയം
പള്ളി, ഗോപുരക്കൈകൂപ്പി നില്ക്കയായ്.

തേങ്ങിത്തേങ്ങിക്കരഞ്ഞു ദേവാലയം;
വാനിടത്തിൽ മുഴങ്ങി മണിനാദം;
പട്ടത്തെന്നുമണഞ്ഞു പിതാവിനെ,
തൊട്ടു മന്ദമുണർത്തുന്നതോർത്തുപോയ്!

എല്ലെമ്മസ്സിൽ രഥം വന്നണയവേ
എല്ലാം പോയെന്നപോലെ ദേവാലയം;
കല്ലുപോലെ മരവിച്ചു നിന്നുപോയ്,
വല്ലഭനാമിപ്പിതാവിന്റെ വേർപാടിൽ!

കബറിടം നോക്കി നീങ്ങും രഥത്തിന്റെ
പിറകിലായ് കാലം ചെയ്ത തിരുമേനി-
കേറി സഞ്ചരിക്കാനുപയോഗിച്ച-
കാറു മൂകം ചരിച്ചിരുന്നൂ മന്ദം.

തൊട്ടുപിന്നാലെ വന്ദ്യപിതാക്കൾ തൻ-
ഇഷ്ടവാഹനശ്രേണിയും കാണായി;
വൈദികർ, കന്യാസ്ത്രീകളിവർ തിര-
മാലപോലെയൊഴുകിയീ യാത്രയിൽ.





എത്തി പന്ത്രണ്ടടിച്ചപ്പോഴീഘോഷ-
യാത്ര, പട്ടത്തു പള്ളിതൻ മുറ്റത്തായ്,
മെത്രാമ്മാർ കേറിനിന്നു കബറിന്റെ
തൊട്ടു മുമ്പിൽ ശവ സംസ്ക്കാരം ചെയ്യാൻ

പൊന്നുകൊണ്ടുള്ള സ്ലീബായും മാലയും
മോതിരവുമെടുത്തുമാറ്റി, വെറും
തടിയിലുള്ളവ ചാർത്തി, ജഡം പിന്നെ
കബറിനുള്ളിലായ് വച്ചു പിതാക്കന്മാർ.

അവിടെയിപ്പുണ്യദേഹത്തിനു ചുറ്റും
കുന്തിരിക്കം നിറ,ച്ചിടയില്ലാതെ;
പാരമ്പര്യം മുഴുവനായ് പാലിച്ചു,
വന്ദ്യതാതക്കബറടക്കമിതിൽ.

മാർ സേവേറിയോസ്, മാർ ഗ്രീഗോറിയോസും,
സംസ്ക്കാരാന്തിമ പ്രാർത്ഥനകൾ ചൊല്ലി,
കബറിടത്തിന്റെ വാതിലും ബന്ധിച്ച്,
ധൂപമർപ്പിച്ചശേഷം വിടവാങ്ങി.

\+ \+ \+ \+ \+

**ഇവിടെ ശാന്തം ശയിക്കുന്നിതാ, പുന-**
**രൈക്യമണ്ഡല തേജോമയൻ സൂര്യൻ;**
**ഇവിടെ ശാന്തം ശയിക്കുന്നിതാ, പുന-**
**രുത്ഥാനംവരെ കർമ്മയോഗി വര്യൻ!**

**ഇപ്പിതാവിന്റെ ശക്തിയേറുന്നൊരു-**
**മാദ്ധ്യസ്ഥ്യത്തിൽ നമുക്ക് പ്രാർത്ഥിച്ചിടാം;**
**അദ്ഭുതങ്ങൾ നടക്കട്ടെ,യിദ്ദേഹം**
**എത്തിടട്ടെ, വിശുദ്ധ പദവിയിൽ!**

www.malankaralibrary.com

# മാർ ഇവാനിയോസ്*

## ഗാനം

ഇതാ, ഇതാ, ഇതാ ഒരു സ്നേഹ പിതാവ്,
ഇതാ ഇതാ, ഒരു നേതാവ്.
പുനരൈക്യത്തിൻ വിധായകൻ
ബഥനി പ്രസ്ഥാന നായകൻ:
അതാണ് മാർ ഇവാനിയോസ്!

(1) മലങ്കര സഭതൻ നീലാകാശം
മത്സരമേഘം മറയ്ക്കവേ,
ഐക്യസൂര്യനെത്തി, മായാത്ത
ക്രൈസ്തവ ദീപ്തരശ്മി പരത്തി:
അതാണു മാർ ഇവാനിയോസ്!

(2) ശാന്തിയിവിടെ ചൊരിഞ്ഞതാര്,
സ്വസ്ഥതയുടെ വഴി തുറന്നതാര്
മറ്റാരുമല്ല, മറ്റാരുമല്ല-
അതാണു മാർ ഇവാനിയോസ്!

(3) പിതാക്കൾ പലരും കാണാൻ കൊതിച്ച
പുനരൈക്യത്തിൽ രക്ഷാവൃക്ഷം
നട്ടുനനച്ചു കഷ്ടതയിൽ
ഊട്ടിവളർത്തി (സം)തുഷ്ടിയിൽ
അതാണു മാർ ഇവാനിയോസ്.

(4) ദൈവമായച്ചോരീ ദിവ്യൻ
മോശയെപ്പോൽ വിമോചകൻ
ആരെന്നിനിയും ഓതണമോ:
അതാണു മാർ ഇവാനിയോസ്.

*ഒരു കാസറ്റിനുവേണ്ടിയുള്ളതാണ് ഈ ഗാനം*

*എന്ന്.*
**ഫാദർ ഉമ്മൻ അയ്യനേത്ത്**

## ഗ്രന്ഥകർത്താവിന്റെ ഇതര കൃതികൾ

ഭിക്ഷു
*(നാടകം)*

ഞാനും വരുന്നു
*(നാടകം)*

പോർവിളി
*(മാർക്സിസം: അപഗ്രഥനം)*

മാർക്സിസം റഷ്യയിൽ

കല കമ്മ്യൂണിസ്റ്റു റഷ്യയിൽ

കമ്മ്യൂണിസവും മതവും

ഗാനങ്ങൾ അലയടിക്കുന്നു.

ആന്ദ്രേ ജീദ്
*(ജീവചരിത്രം)*

തുള്ളുന്ന കൈരളി
*(കവിത)*

അപാരേകാവ്യ സംസാരേ
*(സാഹിത്യ നിരൂപണം)*

മാർ ഇവാനിയോസ്
*(ബാലേ)*

പഞ്ചരത്ന ബാലേ

പ്രവാചകൻ സംസാരിക്കുന്നു
*(രണ്ടു ഭാഗങ്ങൾ)*

ത്രിത്വ ദർശനം

ആദ്ധ്യാത്മികതയുടെ നേർവര

വി. കുർബാനയെപ്പറ്റി

ധീര സമീരേ (കവിതാ സമാഹാരം)

ദൈവംമരിച്ചോ?
പ്രവാചകന്മാർ
*(ബൈബിൾ)*